# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 നവംബർ 17 | ദീപം 55 | നാളം 36 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# അറബ്ജനതയുടെ ഹൃദയം കവർന്ന് സമാധാനത്തിന്റെ ലോകനായകൻ




ജോർജ് കള്ളിവയലിൽ


ഭിന്നതകൾ മറന്ന് യോജിക്കു എന്നാണ് ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനം. സ്വയം എളിമപ്പെട്ട് യേശുവിനോട് ഐക്യപ്പെട്ടാൽ മാത്രമേ നമുക്കു വളരാനും ഫലം കായ്ക്കാനും കഴിയൂ എന്ന് മാർപാപ്പാ തറപ്പിച്ചുപറയുന്നു. അറബ് രാജ്യമായ ബഹ്റിനിലെ നാലു ദിവസത്തെ ചരിത്രസന്ദർശനത്തിനുശേഷം കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ നടത്തിയ ഓർമപ്പെടുത്തൽ കേരളത്തിലെയും ഇന്ത്യയിലെയും സഭാനേതാക്കൾക്കും വൈദികർക്കും സന്ന്യസ്തർക്കും വിശ്വാസികൾക്കുംകൂടിയുള്ളതാണ്.

### ഐക്യം യേശുവിൽ വസിക്കുന്നു

ഐക്യത്തിന്റെ മൂന്നു തലങ്ങൾ പരിശുദ്ധ പിതാവ് എടുത്തുപറയുന്നുണ്ട്. ഒരു മരത്തിന്റെ ശിഖരങ്ങൾ പോലെ മൂന്നു കേന്ദ്രീകൃതവലയങ്ങൾ ഉൾക്കൊള്ളുന്നതാണ് അനിവാര്യമായ ഈ ഐക്യം. ഐക്യത്തിന്റെ ആദ്യതലം യേശുവിൽ വസിക്കുന്നു, ഓരോ വ്യക്തിയുടെയും ഐക്യത്തിലേക്കുള്ള യാത്രയുടെ തുടക്കമാണിത്. യേശുവിന്റെ സ്നേഹം അനുഭവിക്കാൻ നമുക്കു കഴിയുന്ന ഈ ഘട്ടം പ്രാർഥനയോടെയാണ് ആരംഭിക്കുന്നത്. യേശുവിൽ വസിക്കുന്നതിലൂടെയും അവനെ അനുവർത്തിക്കുന്നതിലൂടെയുമാണ് ഓരോ വ്യക്തിക്കും സ്വഭാവമഹിമയും പരിശുദ്ധിയും കൃപയുമെല്ലാം കൈവരുക.

ക്രൈസ്തവർക്കിടയിലെ ഐക്യമാണു രണ്ടാമത്തെ വലയം. നമ്മളെല്ലാം ഒരേ മുന്തിരിവള്ളിയുടെ ശാഖകളാണ്. ഓരോരുത്തരും ചെയ്യുന്നതു മറ്റുള്ളവരെ ബാധിക്കുന്നു. ഇവിടെയും പ്രാർഥന അനിവാര്യമാണ്. പരസ്പരം സ്നേഹത്തിലേക്കു നമ്മെ നയിക്കുന്നതു പ്രാർഥനയാണ്. എളുപ്പമല്ലിത്. എല്ലാ ദൈവമക്കളോടുമുള്ള ഐക്യത്തിന്റെ വഴിയിൽ തടസ്സമായി നിൽക്കുന്ന ലൗകികബന്ധങ്ങളും മറ്റുള്ളവരോടുള്ള നമ്മുടെ മുൻവിധികളും വെട്ടിമാറ്റാൻ അതിനാലാണു നാം ദൈവത്തോട് ആവശ്യപ്പെടേണ്ടതെന്ന് ഫ്രാൻസിസ് മാർപാപ്പാ ഓർമപ്പെടുത്തുന്നു.

ഏറ്റവും വലിയ മൂന്നാമത്തെ വൃത്തം മുഴുവൻ മനുഷ്യരാശിയിലേക്കും വ്യാപിക്കുന്നു. ഇവിടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചു നമുക്കു ചിന്തിക്കാമെന്ന് പാപ്പാ പറയുന്നു. നമ്മെ സ്നേഹിക്കുന്നവരെ മാത്രമല്ല, യേശു പഠിപ്പിച്ചതുപോലെ, എല്ലാവരെയും സ്നേഹിക്കാൻ പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നു. നല്ല സമരിയാക്കാരനെപ്പോലെ, എല്ലാവരുടെയും അയൽക്കാരാകാനും നമ്മെ സ്നേഹിക്കാത്തവരെപ്പോലും തിരികെ സ്നേഹിക്കാനും വിളിക്കപ്പെട്ടിരിക്കുന്നു.

### അനാരാഗ്യം മറന്ന് ബഹ്റിനിൽ

ഫ്രാൻസിസ് മാർപാപ്പായുടെ നാലുദിവസം നീണ്ട ബഹ്റിനിലെ ചരിത്രസന്ദർശനം മാനവികതയുടെയും മതസൗഹാർദത്തിന്റെയും നവചരിത്രം രചിച്ചു. 2019 ലെ യുഎഇ സന്ദർശനത്തിനുശേഷം മറ്റൊരു അറബ്‌രാജ്യമായ ബഹ്റിനിൽ മാർപാപ്പാ നടത്തിയ പര്യടനം വൻവിജയമായിരുന്നു.

കൊവിഡ് കാലത്തെ നിയന്ത്രണങ്ങൾ നീങ്ങിയ ഉടൻ വീണ്ടും മറ്റൊരു ഇസ്ലാമികരാജ്യത്തേക്കു സമാധാനദൂതുമായി പറന്നെത്താൻ കാൽമുട്ടിന്റെ വേദനപോലും മാർപാപ്പായ്ക്കു തടസ്സമായില്ല. വീൽ ചെയറിന്റെ സഹായം വേണ്ടിവന്നിട്ടും സമാധാനത്തിനായുള്ള ദൗത്യം വലിയ ഇടയൻ ഉപേക്ഷിച്ചില്ല. അറബ് ജനതയുടെ ഹൃദയത്തിൽ സമാധാനത്തിന്റെ ലോകനായകൻ ഇടംനേടുകയും ചെയ്തു.

നവംബർ മൂന്നിന് ബഹ്റിനിലെ മനാമയിലെത്തിയതുമുതൽ ഞായറാഴ്ച തിരിച്ചുപോകുന്നതുവരെ ഫ്രാൻസിസ് മാർപാപ്പായ്ക്കു ലഭിച്ച ഊഷ്മള സ്വീകരണം ലോകത്തിനാകെ സമാധാനസന്ദേശമായി.

▶8

# സാമ്പത്തികസംവരണം പ്രതീക്ഷ നൽകുന്ന വിധി

# വരുമോ 'സമത്വ'സുന്ദരഭാരതം?




പ്രഫ. റോണി കെ. ബേബി


മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സർക്കാർ ഉദ്യോഗങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും പത്തു ശതമാനം സംവരണം ഏർപ്പെടുത്താനുള്ള ഭരണഘടനയുടെ 103-ാം ഭേദഗതിക്ക് സുപ്രീംകോടതിയുടെ സാധുത ലഭിച്ചിരിക്കുകയാണ്. മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കു സംവരണം നൽകാനുള്ള നരസിംഹറാവുസർക്കാരിന്റെ തീരുമാനത്തെ ഭരണഘടനാവിരുദ്ധമെന്നു വിശേഷിപ്പിച്ചുകൊണ്ട് 1992 നവംബറിൽ സുപ്രീംകോടതി അസാധുവാക്കുകയാണുണ്ടായത്. വീണ്ടും 30 വർഷത്തിനുശേഷം ആ വിധിയെത്തന്നെ അസ്ഥിരപ്പെടുത്തിക്കൊണ്ട് പുതിയ വിധിയുമായി ഇപ്പോൾ സുപ്രീംകോടതി രംഗത്തുവന്നതിനെ ചരിത്രപരം എന്നുതന്നെ വിശേഷിപ്പിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.



### പ്രസക്തമായ വിയോജിപ്പുകൾ

സാമ്പത്തികസംവരണവുമായി ബന്ധപ്പെട്ട സുപ്രീംകോടതിയുടെ ഭൂരിപക്ഷവിധിയിൽ വിയോജിപ്പു രേഖപ്പെടുത്തിക്കൊണ്ട് നൽകിയ ന്യൂനപക്ഷവിധിയിലെ നിരീക്ഷണങ്ങളും സംവരണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ വളരെ പ്രസക്തമാണ്. രാജ്യത്തെ സംവരണവ്യവസ്ഥയിൽ മാറ്റങ്ങൾ വരേണ്ട സമയമാണെന്ന ശക്തമായ നിരീക്ഷണത്തോടെയാണ് ജസ്റ്റീസ് എസ് രവീന്ദ്രഭട്ട് വിയോജനം എഴുതിയിരിക്കുന്നത്. സുപ്രീംകോടതിയുടെ ചീഫ് ജസ്റ്റിസ് യു.യു. ലളിത്തന്നെ ഈ ന്യൂനപക്ഷവിധിയെ പിന്തുണച്ചു എന്ന പ്രാധാന്യവും ഈ വിധിയിലുണ്ട്.

### ചരിത്രം തിരുത്തിയ വിധി

1992 ൽ ഇന്ദിരാ സാഹ്നി കേസിൽ സാമ്പത്തികസംവരണത്തിനു ഭരണഘടനാസാധുത നിഷേധിച്ചുകൊണ്ട് സുപ്രീംകോടതി പറഞ്ഞത് പ്രധാനമായും രണ്ടു കാര്യങ്ങളാണ്. ഒന്ന്, ഭരണഘടനയിലെ 15, 16 അനുച്ഛേദങ്ങളിൽ സംവരണവുമായി ബന്ധപ്പെട്ടു പരാമർശിക്കുന്നത് സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെയാണെന്നും, അല്ലാതെ സാമ്പത്തികമാനദണ്ഡത്തെ അടിസ്ഥാനമാക്കിയല്ല എന്നുമാണ്.

▶12



RELIGIOUS & DEVOTIONAL ARTICLES
പൊന്നുംകുരിശ്, വെള്ളിക്കുരിശ്, സക്രാരി, അരുളിക്ക,
തിരുസ്വരൂപങ്ങൾ, രൂപക്കൂടുകൾ, ജപമാലകൾ
മുത്തുക്കുടകൾ, ആത്മീയ – ആരാധനക്രമഗ്രന്ഥങ്ങൾ,
തിരുവസ്ത്രങ്ങൾ, കാസാ, പീലാസാ തുടങ്ങി
തിരുക്കർമ്മങ്ങൾക്കാവശ്യമായ ഭക്തസാധനങ്ങളും
സ്റ്റേഷനറിയിനങ്ങളും ലഭ്യമാണ്.
സെന്റ് തോമസ്
ബുക്സ്റ്റാൾ, പാലാ
PH: 04822 215321, 6282632531
www.stthomasbookstall.com
E-mail: stbookstallpala@gmail.com
പാലാ രൂപതയുടെ പ്രഥമമെത്രാൻ
മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ
ആത്മകഥ
നിന്റെ വഴികൾ
എത്ര സുന്ദരം!
രണ്ടാം പതിപ്പ്
ഇപ്പോൾ
വില്പനയിൽ
ഡി സി ബുക്സ്, കറന്റ് ബുക്സ്, മാതൃഭൂമി ബുക്സ്,
എ.റ്റി.സി. ബുക്സ്, സോഫിയ ബുക്സ്, വിമല ബുക്സ്,
കാർമ്മൽ ബുക്സ്, തിയോ ബുക്സ്, ജീവൻ ബുക്സ്,
ബുക്ക് മീഡിയ, വിൻകോ ബുക്സ്, ദീപനാളം ബുക്സ്,
തുടങ്ങി നിരവധി പ്രസാധകരുടെ
അതിവിപുലമായ പുസ്തകശേഖരം

# പി. എഫ്. പെൻഷൻവിധിയുടെ പരിധിയും നീതിയുടെ വഴിയും



റ്റി. സി. മാത്യു

പ്രകടമായ അനീതി നീക്കിക്കിട്ടാൻ വർഷങ്ങൾ നീണ്ട നിയമപോരാട്ടം. വിരമിച്ചവരും വിരമിക്കാത്തവരുമായ കോടിക്കണക്കിനു ജോലിക്കാരുടെ വിഷയം. ഒടുവിൽ പരമോന്നതകോടതിയുടെ വിധി വന്നു. അനീതിയുടെ ഭാഗം കോടതി പ്രത്യേകമായി പരാമർശിച്ചില്ല. സാങ്കേതികമായ പോരായ്മകളും നിയമപരമായ തെറ്റും മാത്രം തിരുത്തി. വിരമിച്ച ജീവനക്കാർ ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന നീതി അവർക്കു കിട്ടാൻ വഴിയില്ലെന്നായി.

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ (ഇപിഎഫ്ഒ) പെൻഷൻ സ്കീമിലെ (ഇപിഎസ് – 1995) അപാകതകളും തെറ്റുകളുമാണു വിഷയം. സർക്കാരിതരമേഖലയിലെ ജീവനക്കാർക്കും തൊഴിലാളികൾക്കുമായി ഉണ്ടാക്കിയ സാമൂഹിക സുരക്ഷാപദ്ധതിയാണിത്. സർക്കാരിൽ പിഎഫും സ്റ്റാച്യൂട്ടറി പെൻഷനുമുണ്ട്. അതില്ലാത്തവർക്കായി രൂപപ്പെടുത്തിയതാണിത്. 1952 ലെ പദ്ധതി ജീവനക്കാർ വിരമിക്കുമ്പോൾ പ്രൊവിഡന്റ് ഫണ്ട് നൽകുന്നതിനു മാത്രമായിരുന്നു. 1970 കളിൽ ഫാമിലി പെൻഷൻ കൊണ്ടുവന്നു. പിന്നീടാണു റിട്ടയർമെന്റ് കാലത്തു പെൻഷൻ എന്ന ആശയം വന്നത്. അതിന് തൊഴിലുടമയുടെ വിഹിതത്തിൽനിന്ന് 8.33 ശതമാനം മാറ്റിവയ്ക്കുന്ന ഒരു നിധിയാണ് 1995 ലെ നിയമംവഴി രൂപവത്കരിച്ചത്.

### തുച്ഛമായ പെൻഷൻതുക എന്ന നാണക്കേട്

ഇതിലെ ആനുകൂല്യം പൂർണതോതിൽ (വിരമിക്കുന്ന സമയത്തെ വേതനത്തിന്റെ പകുതി) കിട്ടാൻ 35 വർഷം പദ്ധതിയിൽ പണമടയ്ക്കണം. 2030 മുതൽ വിരമിക്കുന്നവർക്കേ അതു കിട്ടൂ. 1995 മുതൽ വിരമിച്ചവർക്കു ലഭിക്കുന്നതു തീർത്തും തുച്ഛമായ തുകയാണ്. സമീപകാലം വരെ ആയിരം രൂപപോലും ഇല്ലായിരുന്നു വലിയൊരു വിഭാഗത്തിന്റെ പ്രതിമാസപെൻഷൻ.

ഇതിനു കാരണം പെൻഷന് അർഹമായ പരമാവധിശമ്പളത്തിന്റെ പരിധിയാണ്. 1995 ൽ 5000 രൂപയും 1996 മുതൽ 6500 രൂപയും ആയിരുന്നു ഈ ശമ്പളപരിധി. 2014 മുതൽ 15,000 രൂപയുമാക്കി. എത്ര ശമ്പളമുണ്ടെങ്കിലും ഈ പരമാവധിയുടെ വിഹിതമേ പെൻഷൻപദ്ധതിയിൽ അടയ്ക്കേണ്ടിയിരുന്നുള്ളൂ. ഇങ്ങനെ അടയ്ക്കുന്ന തുകയുടെ അടിസ്ഥാനത്തിലാണു പെൻഷൻ. അടയ്ക്കുന്ന തുകയും കാലാവധിയും കുറവായതിനാൽ കിട്ടുന്ന പെൻഷനും കുറവായി. ഈ അപാകതയും അനീതിയും പരിഹരിക്കാൻ ജീവനക്കാർക്കു കൂടുതൽ തുക അടയ്ക്കാൻ ഓപ്ഷൻ അനുവദിച്ചു. തൊഴിലുടമയും ജീവനക്കാരനും സംയുക്തമായി വേണം ഓപ്ഷൻ നൽകാൻ. പക്ഷേ, ഓപ്ഷൻ അവസരം 2014 ൽത്തന്നെ അവസാനിച്ചു. മഹാഭൂരിപക്ഷം ജീവനക്കാർക്കും ഓപ്ഷൻ എടുക്കാൻ സാധിച്ചില്ല. അതിനുമുമ്പ് ഓപ്ഷൻ ഉണ്ടായിരുന്നെങ്കിലും ജീവനക്കാർക്ക് അതിനെപ്പറ്റി അറിവുണ്ടായിരുന്നില്ല. ഫണ്ട് ബോധവൽക്കരണം നടത്തിയതുമില്ല.

### നീതിക്കായി കോടതിവഴിയേ

പുറത്തുപറയാൻ നാണം തോന്നുന്ന തുക പെൻഷൻ പറ്റുന്നവർ അതു മാന്യമായ ഒരു നിരക്കിലേക്കു വർധിപ്പിച്ചുകിട്ടാനുള്ള വഴിയായാണ് കോടതിയെ കണ്ടത്. കേരള ഹൈക്കോടതിയിൽനിന്ന് 2011 ൽ ലഭിച്ച അനുകൂലവിധി അവർക്കു പ്രതീക്ഷയേകി. വർധിച്ച ശമ്പളത്തിന് ആനുപാതികമായി പെൻഷനിലേക്കു വിഹിതം കൂട്ടാൻ അനുവദിക്കണമെന്നും ഓപ്ഷന് അവസരം നൽകണമെന്നും ഹൈക്കോടതി വിധിച്ചു. ഇതിനെതിരേ ഇപിഎഫ് ഓർഗനൈസേഷൻ നൽകിയ അപ്പീൽ ഡിവിഷൻ ബെഞ്ച് തള്ളി. ഇതിനിടെയാണു കൂടുതൽ നഷ്ടം വരുത്തിയ 2014 ലെ ഭേദഗതി വന്നത്. വേറേ ഹൈക്കോടതികളിലും സമാന കേസുകൾ വന്നു. വ്യത്യസ്ത വിധികൾ ഉണ്ടായി. 2016 മാർച്ചിൽ സുപ്രീം കോടതി കേരളഹൈക്കോടതി വിധിയെ ശരിവച്ചു. പക്ഷേ, പ്രശ്നം തീർന്നില്ല. 2018 ൽ 500 ലേറെ കേസുകൾ പരിഗണിച്ച് കേരള ഹൈക്കോടതി വീണ്ടും വിധിച്ചു. ശമ്പളാനുപാതികപെൻഷൻ നൽകാൻ നടപടി എടുക്കാനായിരുന്നു വിധി. ഇതിനെതിരേ ഇപിഎഫ്ഒ അപ്പീൽ നൽകിയതു സുപ്രീം കോടതി തള്ളി. എന്നാൽ, സർക്കാർ പുനഃപരിശോധനാഹർജി നൽകി വീണ്ടും കേസെടുപ്പിച്ചതാണ്. അതിന്മേലാണ് ഇപ്പോഴത്തെ വിധി.




പരമോന്നതകോടതിയുടെ വിധി നവംബർ നാലിനു ചീഫ് ജസ്റ്റീസ് യു. യു. ലളിതിന്റെ ബെഞ്ചിൽനിന്ന് ഉണ്ടായി.

കാര്യങ്ങൾ വിശദമായി പഠിക്കാതെയും കോടതി വിധികൾ സൂക്ഷ്മമായി വായിച്ചറിയാതെയും മാധ്യമങ്ങളിൽ ആദ്യം പ്രചരിച്ചത് പി.എഫ്. പെൻഷൻകാരുടെ ആവശ്യങ്ങൾ എല്ലാം അനുവദിച്ചു എന്നതാണ്. പക്ഷേ, അത്രയൊന്നും സംഭവിച്ചിട്ടില്ല. വളരെ ചെറിയ ആശ്വാസമേ കോടതി നൽകിയിട്ടുള്ളൂ.

### ഓപ്ഷൻ വ്യവസ്ഥ

പിഎഫ് പെൻഷൻ നിയമത്തിൽ വിവാദപരമായ ഒരു ഭേദഗതി 2014 ൽ കൊണ്ടുവന്നു. അതുവരെ ശമ്പളം എത്രയായാലും മാസശമ്പളം 6500 രൂപ എന്നു കണക്കാക്കി അതിന്റെ 8.33 ശതമാനമായ 1250 രൂപയേ പെൻഷൻ പദ്ധതിയിലേക്കു മാറ്റുമായിരുന്നുള്ളൂ. 2014 ൽ 6500 എന്നത് 15,000 രൂപയാക്കി.

15,000 രൂപയിൽ കൂടുതൽ ശമ്പളം ഉള്ളവർക്കു കൂടുതൽ പെൻഷൻ ലഭിക്കാൻ ആഗ്രഹമുണ്ടെങ്കിൽ അതിനൊരു ഓപ്ഷൻ വ്യവസ്ഥ കൊണ്ടുവന്നു. (മുമ്പ് 6500 രൂപ പരിധി ഇരുന്നപ്പോഴും ഈ ഓപ്ഷൻ ഉണ്ടായിരുന്നു). ഏതാനും മാസമേ ഓപ്ഷൻ നൽകാൻ അനുവദിച്ചുള്ളൂ. ജീവനക്കാരനും തൊഴിലുടമയും ചേർന്നാണ് ഓപ്ഷൻ നൽകേണ്ടത്. അധികതുക ഉഭയസമ്മതപ്രകാരം ജീവനക്കാരന്റെ ശമ്പളത്തിൽനിന്നു പിടിച്ചോ മാനേജ്മെന്റിന്റെ സംഭാവനയായോ നൽകാം. ഇങ്ങനെ ഓപ്ഷനുണ്ടായിരുന്ന അവസരം അന്ന് (2014 സെപ്റ്റംബർ) സർവീസിലുണ്ടായിരുന്നവർക്ക് ഈ വിധിയിലൂടെ വീണ്ടും കിട്ടി.

2014 ലെ ഈ നിയമഭേദഗതിക്കുമുമ്പ് (2014 സെപ്റ്റംബർ ഒന്നിനുമുമ്പ്) വിരമിച്ചവർക്ക് ഇനി ഓപ്ഷൻ ഇല്ല. അവരുടെ മുഴുവൻ അർഥനകളും സുപ്രീം കോടതി നിരാകരിച്ചു. നിഷേധിക്കപ്പെട്ട നീതി എന്നു കണക്കാക്കി അവർ നടത്തിയ നിയമപോരാട്ടം വൃഥാവിലായി. അതിന്റെ തുടർച്ചയായി സുപ്രീം കോടതി പറഞ്ഞ ഒരു കാര്യം കൂടുതൽ ചിന്തിക്കേണ്ടതുണ്ട്. അതേപ്പറ്റി പിന്നീട്.

### നിയമത്തിൽ ഇല്ലാത്ത കൈകാര്യച്ചെലവ്

15,000 രൂപയ്ക്കു മുകളിൽ ശമ്പളം കിട്ടുന്നവർക്കു മുഴുവൻ തുകയുടെയും അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കാൻ ഭേദഗതി പ്രകാരം ചുമത്തിയ 1.16 ശതമാനം കൈകാര്യച്ചെലവ് നിയമവിരുദ്ധമാണെന്നു കോടതി വിധിച്ചു. മൂലനിയമത്തിൽ തൊഴിലാളിയിൽനിന്ന് അങ്ങനെ തുക ഈടാക്കാൻ വ്യവസ്ഥ ഇല്ലാത്തതാണു കാരണം. (15,000 രൂപവരെ ശമ്പളമുള്ളവരുടെ കൈച്ചെലവ് പെൻഷൻ സ്കീമിലേക്കു സർക്കാർ നൽകും).

തുക എങ്ങനെ കണ്ടെത്തണമെന്നു തീരുമാനിച്ചു നടപടി എടുക്കാൻ സർക്കാരിന് ആറുമാസം സമയം നൽകി. അതുവരെ വിധിയുടെ ഈ ഭാഗം നടപ്പാക്കില്ല. തുക സർക്കാർ നൽകണമെന്നും നിയമവിരുദ്ധമായി പിരിച്ച തുക തിരിച്ചുകൊടുക്കണം എന്നുമല്ല വിധി. മറിച്ച്, ഈ തുകയ്ക്കു നൈയാമികമാർഗം കണ്ടെത്താനാണു നിർദേശം. പിരിച്ചതു നിയമപരമാക്കാനും തുടർന്ന് പിരിക്കാനും മൂലനിയമത്തിൽ മാറ്റം വരുത്തുന്നതടക്കമുള്ള എല്ലാ സാധ്യതകളും സർക്കാരിനുണ്ട്. അതുകൊണ്ടാണ് സർക്കാർ മാർഗം കണ്ടെത്തുംവരെ ജീവനക്കാരിൽനിന്നു തുക ഈടാക്കുന്നത്. അതായത്, ഒരു സാങ്കേതിക ആനുകൂല്യം മാത്രമാണ് 1.16 ശതമാനം കാര്യത്തിൽ ഉണ്ടായത്.

*ശേഷം 6-ാം പേജിൽ*

PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 977813773
Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

# മാമ്മോദീസാ പുതുജീവനിലേക്കുള്ള കവാടം

*കർദിനാൾ റോബർട്ട് സറാ രചിച്ച Catechism of the Spiritual Life എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പാഠനം.* (2)



ഫാ. കുര്യാക്കോസ് നരിതൂക്കിൽ



**മാ**മ്മോദീസായെക്കുറിച്ചുള്ള ഈ അധ്യായത്തിൽ ഗ്രന്ഥകാരൻ വിശദമാക്കുന്നത്, കർത്താവീശോ മിശിഹായുടെ കുരിശുമരണവും തിരുവുത്ഥാനവും മനുഷ്യന്റെ അസ്തിത്വത്തെയും അവന്റെ ചരിത്രത്തെയും സമൂലം മാറ്റിമറിച്ചു എന്നാണ്. "മിശിഹായിൽ ജീവിക്കുന്ന ഏതൊരാളും പുതിയ സൃഷ്ടിയാണ്" (2 കൊറി. 5:17). പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുന്നതായിട്ടാണ് ഈ സമൂലപരിവർത്തനത്തെ എഫേസൂസുകാർക്കുള്ള ലേഖനം 4-ാം അധ്യായം 22-24 വാക്യങ്ങളിൽ പൗലോസ് ശ്ലീഹാ വരച്ചുകാണിക്കുന്നത്. "അതിനാൽ, നിങ്ങളുടെ പഴയ ജീവിതരീതിയെ - ദുരാശകളാൽ ജീർണിച്ച ആ പഴയ മനുഷ്യനെ - നിങ്ങളിൽനിന്നകറ്റുവിൻ. നിങ്ങൾ ആന്തരികമായി നവീകരിക്കപ്പെടണം. നീതിയിലും യഥാർത്ഥ വിശുദ്ധിയിലും ദൈവം സൃഷ്ടിച്ച പുതിയ മനുഷ്യനെ ധരിക്കേണ്ടതിനാണിത് (എഫേ. 4:22-24). മാമ്മോദീസാവഴിയാണ് നമ്മൾ ത്രിതൈ്വകദൈവത്തിന്റെ ജീവനിൽ പങ്കുകാരാകുന്നത് (2പത്രോ. 1:4).

**മിശിഹായോടുകൂടി മരിച്ച് ഉത്ഥാനം ചെയ്യുന്നു**

"നമ്മളെ ക്രൈസ്തവജീവിതത്തിലേക്കു പ്രവേശിപ്പിക്കുന്ന കൂദാശയാണ് മാമ്മോദീസാ; അതു നമ്മളെ ദൈവമക്കളാക്കുന്നു; ദൈവത്തിന്റെ വലിയ വിശുദ്ധ കുടുംബമായ സഭയിൽ അംഗങ്ങളാക്കുന്നു. അങ്ങനെ നമുക്ക് സാധുവായവിധം മറ്റു കൂദാശകൾ സ്വീകരിക്കാൻ സാധിക്കുന്നു. ആരാധനക്രമത്തിൽ പങ്കുചേരാനും മാമ്മോദീസായാണ് നമ്മളെ യോഗ്യരാക്കുന്നത്. പാപം ചെയ്താൽ മനസ്താപത്തോടെ കുമ്പസാരിച്ചു മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം വീണ്ടെടുക്കാം. ജലത്തിൽ മുങ്ങുകയും തുടർന്ന് ജലത്തിൽനിന്നു പുറത്തുവരുകയും ചെയ്യുന്നത് ഈശോയുടെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പ്രതീകമാണ് (റോമാ. 6:5-6).

തുടർന്ന്, വിശുദ്ധ അംബ്രോസ് പറഞ്ഞ വാക്കുകളാണ് കർദിനാൾ സറാ ഉദ്ധരിക്കുന്നത്: "നീ എവിടെയാണു മാമ്മോദീസാ സ്വീകരിച്ചതെന്നു കാണുക. മിശിഹായുടെ കുരിശിൽനിന്ന്, അവിടുത്തെ മരണത്തിൽനിന്ന് അല്ലാതെ എവിടെനിന്നാണു മാമ്മോദീസാ വരുന്നത്. അവിടെയാണ് ദിവ്യരഹസ്യം. മിശിഹാ നിനക്കായി മരിച്ചു. അവിടുന്നിൽ നീ വീണ്ടെടുക്കപ്പെട്ടു. അവിടുന്നിൽ നീ രക്ഷിക്കപ്പെട്ടു." (കത്തോലിക്കാസഭയുടെ മതബോധനം നമ്പർ 1225).

**മാമ്മോദീസായും പരിശുദ്ധത്രിത്വവും**

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ മാമ്മോദീസാ സ്വീകരിക്കുന്നതിലൂടെ ത്രിതൈ്വകദൈവത്തിന്റെ ജീവനിൽ ഓരോ ക്രൈസ്തവനും നിമഗ്നനാവുകയാണ്. ജോർദാനിൽ ഈശോ മാമ്മോദീസാ സ്വീകരിക്കുമ്പോൾ പരിശുദ്ധ ത്രിത്വം അവിടെ സന്നിഹിതമാകുന്നു.

ലിയോണിലെ മെത്രാനായിരുന്ന വിശുദ്ധ ഇരണേവൂസിന്റെ (എ.ഡി. 200 കാലഘട്ടം) പ്രശസ്തമായ വാക്യം ഓർക്കുന്നു: "മനുഷ്യൻ ദൈവമായിത്തീരാൻ ദൈവം മനുഷ്യനായി."

ഓരോ മനുഷ്യാസ്തിത്വത്തിന്റെയും പരമമായ ലക്ഷ്യം ദൈവത്തിൽ ഒന്നാവുകയാണ്. ദൈവം ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കാൻ ദൈവസ്വഭാവത്തിൽ നമ്മെ പങ്കുകാരാക്കുന്നതു മാമ്മോദീസായാണ്. സഭാപിതാക്കന്മാർ പതിവായി ഓർമിപ്പിക്കുന്ന ഒരു പ്രതീകം തീയിൽ തീയായി മാറുന്ന ഇരുമ്പിൻകഷണത്തിന്റെ മാതൃകയാണ്.

ആദിമാതാപിതാക്കളും ദൈവത്തെപ്പോലെയാകാൻ ആഗ്രഹിച്ചു. അതിന് അവർ ദൈവകല്പന ലംഘിക്കുകയും അവരിൽത്തന്നെ ആശ്രയിക്കുകയും ചെയ്തു. ഉദ്ഭവപാപം നീക്കുന്ന മാമ്മോദീസായിലാകട്ടെ എളിമയോടും കൃതജ്ഞതയോടുംകൂടെ ഈ ദൈവികദാനം ഏറ്റുപറയുകയും പരിശുദ്ധ ത്രിത്വത്തിന്റെ നമ്മിലുള്ള പ്രവർത്തനം അംഗീകരിക്കുകയുമാണ്. മാമ്മോദീസാവഴി നമ്മൾ ദൈവമായി മാറുകയല്ല, ദൈവികജീവനിൽ പങ്കുകാരാവുകയാണ്. "ഈശോ അവരോട് അരുൾ ചെയ്തു: "നിങ്ങൾ ദൈവങ്ങളാണ് എന്നു ഞാൻ പറഞ്ഞു" (സങ്കീർത്തനം 82) എന്നു നിങ്ങളുടെ നിയമത്തിൽ എഴുതിയിട്ടില്ലേ? അവരുടെ പക്കൽ ദൈവവചനം ഉണ്ടായിരുന്നതിനാലാണ് 'ദൈവങ്ങൾ' എന്ന് അവരെ വിളിച്ചത്" (വി. യോഹ. 10:34,35).

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ മാമ്മോദീസാ മുങ്ങുന്നതുവഴി എത്ര അസാധാരണവും അവർണനീയവുമായ ദാനമാണ് മനുഷ്യനു സംലഭ്യമാകുന്നത്. സുവിശേഷത്തോടും ദൈവത്തോടുതന്നെയും ശത്രുത വച്ചു പുലർത്തുന്ന ഒരു ലോകത്തിൽ ദൈവസഹായത്തോടെ വിശ്വാസാനുസൃതജീവിതം നയിക്കുവാനുള്ള വലിയ ഉത്തരവാദിത്വമാണ് മാമ്മോദീസാ സ്വീകരിക്കുന്നവൻ ഏറ്റെടുക്കുന്നത്. അതൊരു വെല്ലുവിളിയാണ്.

**മാമ്മോദീസാ എന്റെ ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങൾ**

കർദിനാൾ സറാ തുടർന്നെഴുതുന്നത് വിശുദ്ധ ഹൊസേ മരിയ എസ്ക്രീവായുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ്: "ക്രിസ്ത്യാനിയാവുക എന്നത് യാദൃച്ഛികമായി സംഭവിക്കുന്ന കാര്യമല്ല. അതു നമ്മുടെ അസ്തിത്വത്തെ ആഴമായി സ്പർശിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. അതു ദൈവം ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കുവാനുള്ള സുദൃഢമായ മനസ്സും വ്യക്തമായ കാഴ്ചപ്പാടും വിശ്വാസിക്കു പ്രദാനം ചെയ്യുന്നു.

ഈശോയുമായുള്ള ഉറ്റ ബന്ധമാണ് പ്രധാന കാര്യം. മാമ്മോദീസാവഴി ഈശോയുടെ തിരുരക്തത്താൽ ശുദ്ധീകരിക്കപ്പെടുന്ന അനുഭവം ലഭിക്കുന്നു.

> **ഓരോ മനുഷ്യാസ്തിത്വത്തിന്റെയും പരമമായ ലക്ഷ്യം ദൈവത്തിൽ ഒന്നാവുകയാണ്. ദൈവം ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കാൻ ദൈവസ്വഭാവത്തിൽ നമ്മെ പങ്കുകാരാക്കുന്നതു മാമ്മോദീസായാണ്. സഭാപിതാക്കന്മാർ പതിവായി ഓർമിപ്പിക്കുന്ന ഒരു പ്രതീകം തീയിൽ തീയായി മാറുന്ന ഇരുമ്പിൻകഷണത്തിന്റെ മാതൃകയാണ്.**

**മാമ്മോദീസാ ദാനമായി ലഭിക്കുന്ന ജീവനാണ്**

ഒരാളുടെ തീരുമാനംകൊണ്ടു മാത്രം ക്രിസ്ത്യാനി ആയിത്തീരുന്നില്ല. ആ തീരുമാനം ആവശ്യമാണ്. അതു ദൈവത്തിന്റെ വിളിക്കു നല്കുന്ന പ്രത്യുത്തരമാണ്. "ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്" (1 കൊറി. 15:10).

**മരണത്തിനു പിൻതിരിഞ്ഞ് ദൈവികജീവൻ സ്വീകരിക്കുക**

സാത്താനെയും അവന്റെ ആഡംബരങ്ങളെയും തള്ളിപ്പറയുന്ന ഭാഗം മാമ്മോദീസായിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഏറ്റവും ഉചിതമാണ്.

ഒരു മരണസംസ്കാരമാണ് ഇന്നത്തെ ലോകത്തിൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്നതെന്ന് കർദിനാൾ സറാ നിരീക്ഷിക്കുന്നു. മാമ്മോദീസാ സ്വീകരിച്ചവൻ ഈ ആധിപത്യത്തെ തള്ളിപ്പറഞ്ഞിരിക്കുന്നു. അതിന്റെ പേരിൽ എതിർപ്പുകൾ ഉണ്ടാകുമെന്ന് പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. "മിശിഹായിൽ വിശ്വസിക്കുവാൻ മാത്രമല്ല, അവനുവേണ്ടി പീഡ സഹിക്കാനും നിങ്ങൾക്കു വരം ലഭിച്ചിരിക്കുന്നു" (ഫിലി. 1:29).

**മാമ്മോദീസായുടെ മഹത്ത്വവും അതിന്റെ അനിവാര്യതയും**

ചില കുടുംബങ്ങൾ കുഞ്ഞുങ്ങളുടെ മാമ്മോദീസാ താമസിപ്പിക്കുന്നത് ഖേദകരമാണെന്നാണ് ഗ്രന്ഥകാരൻ എടുത്തുപറയുന്നത്. 20-ാം നൂറ്റാണ്ടിലെ ഒരു പ്രധാനപ്പെട്ട സഭാതനയനായ വി. ഹൊസേ മരിയ എസ്ക്രീവാ എഴുതുന്നു: "നീതിക്കും സ്നേഹത്തിനും ഒട്ടും നിരക്കാത്ത കാര്യമാണ് ഈ അനാസ്ഥ. ഇതുവഴി വിശ്വാസമെന്ന ദാനവും ആ കുഞ്ഞിന് ആത്മാവിൽ പരിശുദ്ധ ത്രിത്വത്തിന്റെ സഹവാസവും നിഷേധിക്കപ്പെടുകയാണ്."

കൊവിഡുകാലം മുഴുവനും മാമ്മോദീസാ വേണ്ടെന്നുവച്ച അനുഭവവും നമ്മുടെ മുമ്പിലുണ്ട്. നിത്യരക്ഷയ്ക്ക് മാമ്മോദീസാ ആവശ്യമാണെന്ന വിശ്വാസത്തിന് ഇളക്കം തട്ടാൻ ഇടയാക്കുന്ന കാര്യമാണിതെന്നാണ് കർദിനാൾ സറാ നിരീക്ഷിക്കുന്നത്.

സഭയുടെ കാനോൻനിയമം അനുശാസിക്കുന്നത് ജനിച്ച് താമസംവിനാ കുഞ്ഞിനു മാമ്മോദീസാ നൽകണമെന്നാണ്. മാമ്മോദീസായുടെ പഴയ ക്രമത്തിൽ, റോമൻറീത്തിൽ ഈ കുഞ്ഞിനുവേണ്ടി സഭയോടു നിങ്ങൾ എന്താവശ്യപ്പെടുന്നു എന്ന ചോദ്യം ഉണ്ടായിരുന്നു. അതിന് 'വിശ്വാസം' എന്ന ഉത്തരമാണു നല്കിയിരുന്നത്. ഇന്നതിനു മാറ്റം വരുത്തിയത് നിർഭാഗ്യമായിപ്പോയി എന്നാണ് കർദിനാൾ പറയുന്നത്. അദ്ദേഹം ആവർത്തിച്ചു പറയുന്നു: "ഇരുളടഞ്ഞ ഈ ലോകത്തിൽ കുഞ്ഞുങ്ങൾക്ക് വിശ്വാസത്തിന്റെ ദിവ്യപ്രകാശം നിഷേധിക്കാതിരിക്കാം."

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



വിവേകം വിട്ടു സംസാരിക്കരുത്; പ്രവൃത്തിയിൽ അശ്രദ്ധയും ആലസ്യവും പാടില്ല.

പ്രഭാഷകൻ 4:29

**എഡിറ്റോറിയൽ**

# നിയമനവിവാദങ്ങൾ തുടർക്കഥയാവുമ്പോൾ

**ബ**ന്ധുനിയമന-സ്വജനപക്ഷപാതവിവാദങ്ങളാൽ വർത്തമാനകേരളീയാന്തരീക്ഷം കലാപകലുഷിതമാണ്. അർഹതപ്പെട്ട തൊഴിലിനായി ലക്ഷക്കണക്കിനു ചെറുപ്പക്കാർ കണ്ണിലെണ്ണയൊഴിച്ചു കാത്തിരിക്കുമ്പോഴാണ് സ്വന്തം പാർട്ടിപ്രവർത്തകർക്കു നിയമനങ്ങൾ തീറെഴുതിക്കൊടുക്കുന്ന നെറികെട്ട അധികാരത്തേർവാഴ്ചയ്ക്കു 'പ്രബുദ്ധകേരളം' സാക്ഷിയാകേണ്ടിവന്നിരിക്കുന്നത്. കുട്ടിരാഷ്ട്രീയക്കാർക്ക് വീതംവയ്ക്കാനും വിലപേശാനും സർക്കാർ ജോലി എന്താ കരിഞ്ചന്തയിലെ ലേലംവിളിയാണോയെന്ന് ആരെങ്കിലും നെറ്റി ചുളിച്ചുചോദിച്ചാൽ അവരെ കൊഞ്ഞനംകുത്തിയിട്ടു കാര്യമില്ല. സർക്കാർ-അർധസർക്കാർ സ്ഥാപനങ്ങളിലെ താത്കാലികതസ്തികകളിൽ ചട്ടങ്ങൾ മറികടന്നുള്ള നിയമനങ്ങൾ പാർട്ടിഭേദമെന്യേ എല്ലാക്കാലത്തുമുള്ള അധികാരദുർവിനിയോഗത്തിന്റെ നേർസാക്ഷ്യമാണ്.

സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ ആയിരത്തിൽപ്പരം താത്കാലിക, കരാർതൊഴിലാളിനിയമനങ്ങളിലെ വഴിവിട്ട നീക്കത്തിൽ സർക്കാരും തദ്ദേശവകുപ്പും പ്രതിപ്പട്ടികയിലാണെന്നത് പകൽപോലെ വ്യക്തം. തിരുവനന്തപുരത്ത് മുനിസിപ്പൽ കോർപ്പറേഷനിൽ ദിവസവേതനത്തിൽ 295 ജീവനക്കാരെ നിയമിക്കുന്നതിന് മേയർ സിപിഎം ജില്ലാ സെക്രട്ടറിക്കു മുൻഗണനപ്പട്ടിക ആവശ്യപ്പെട്ടു കത്തയച്ചുവെന്നു പറയപ്പെടുന്ന നടപടി വിവാദങ്ങൾക്കൊണ്ടു പുകയുകയാണ്. ഇക്കാര്യത്തിൽ വാസ്തവമുണ്ടെങ്കിൽ അതു തികച്ചും ജനാധിപത്യവിരുദ്ധമായ നടപടിയാണെന്നു പറയേണ്ടിവരും. എന്നാൽ, ഇത്തരമൊരു കത്തയച്ചിട്ടില്ലെന്നാണ് മേയർ ഇതുവരെ പ്രതികരിച്ചിട്ടുള്ളത്. കത്തു വ്യാജമാണെങ്കിലും അല്ലെങ്കിലും, അതിന്റെ പിന്നാമ്പുറങ്ങളിലെ ചുറ്റിക്കളികളുടെ ചരിത്രം പരിശോധിക്കാൻ ഇന്നാട്ടിലെ പൗരന്മാർക്കു താത്പര്യമുണ്ടാകുന്നതു സ്വാഭാവികം. അതവരുടെ അവകാശമാണുതാനും. കോർപ്പറേഷനിലെ പരമാധികാരം കൈയാളുന്ന മേയർക്ക് കൂറുണ്ടാവേണ്ടത് പാർട്ടിയോടെന്നതിനെക്കാൾ ജനങ്ങൾ മുഴുവനോടുമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പാർട്ടിനേതാക്കൾ തിരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികൾക്കു മേൽ അനൗദ്യോഗികമായി 'നിഴൽഭരണം' അടിച്ചേല്പിക്കുന്നുണ്ടെങ്കിൽ അതു ഗുരുതരമായ തെറ്റുതന്നെയാണ്. തിരഞ്ഞെടുക്കപ്പെട്ട ഭരണാധികാരി കേവലമൊരു രാഷ്ട്രീയപ്പാർട്ടിയുടെ ഇരയും ഇഷ്ടാനുവർത്തിയുമായി അധഃപതിച്ചാൽ, ജനങ്ങളോടുള്ള ഉത്തരവാദിത്വം സത്യസന്ധമായി നിർവഹിക്കാൻ അയാൾക്കു ശേഷിയുണ്ടാവില്ല. അതു രാഷ്ട്രീയാടിമത്തമാണ്, ഗൗരവമായിക്കണ്ട് എത്രയുംവേഗം തിരുത്തപ്പെടേണ്ടതുമാണ്.

വൈസ്ചാൻസലർ പദവികളിലുൾപ്പെടെ നിരവധി നിയമനങ്ങളിൽ വഴിവിട്ട ഇടപെടലുകളും അതിനെച്ചുറ്റിപ്പറ്റിയുള്ള ആരോപണങ്ങളും ഭരണത്തെപ്പോലും വഴിമുട്ടിക്കുന്ന സാഹചര്യത്തിലാണ് പുതിയ വിവാദം തലപൊക്കുന്നത്. ബന്ധുനിയമനങ്ങളുടെയും സ്വജനപക്ഷപാതങ്ങളുടെയും പേരിൽ വിവാദങ്ങളുടെ തുടർക്കഥകൾ ഒന്നാം പിണറായി സർക്കാരിന്റെ കാലംമുതലേ കേരളം കേട്ടുതുടങ്ങിയതാണ്. ഒന്നിനുപിറകേ ഒന്നായി വിവാദങ്ങൾ സർക്കാരിനെയും പാർട്ടിയെയും വേട്ടയാടിക്കൊണ്ടിരുന്നു. ചില നിയമനങ്ങൾ ഹൈക്കോടതി റദ്ദാക്കിയെങ്കിൽ, മറ്റു ചിലതിലാകട്ടെ ഗവർണർ പിടിമുറുക്കി.

2016 ലെ ഇടതുപക്ഷഭരണത്തിന്റെ തുടക്കത്തിൽ ഭരണകക്ഷിയിലെ പ്രമുഖരുടെ ബന്ധുക്കളെ പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്ത് മാനദണ്ഡങ്ങൾക്കു വിരുദ്ധമായി നിയമിച്ചത് വലിയ കോളിളക്കം സൃഷ്ടിച്ചിരുന്നു. പിന്നീട്, പോലീസ് കോൺസ്റ്റബിൾ നിയമനത്തിനുള്ള പി.എസ്.സി. പരീക്ഷയിൽ കോപ്പിയടിച്ച് ഉയർന്ന റാങ്കുകൾ തട്ടിയെടുത്തതു വിവാദമായി. സർവകലാശാലാനിയമനവുമായി ബന്ധപ്പെട്ട വിവാദങ്ങൾ ഇപ്പോഴും പുകഞ്ഞുനീറിക്കൊണ്ടിരിക്കുന്നു. സർവകലാശാലകളും സഹകരണസ്ഥാപനങ്ങളും മെഡിക്കൽ കോളജുകളുമടക്കമുള്ള സ്ഥാപനങ്ങളും, ഭരിക്കുന്ന പാർട്ടിയുടെ സർവാധിപത്യത്തിൽ നിയന്ത്രിക്കപ്പെടുന്നതു ജനാധിപത്യശൈലിക്കു നിരക്കുന്നതല്ല.

നിയമനങ്ങൾ അതു താത്കാലികമോ സ്ഥിരമോ ആകട്ടെ, മതിയായ നടപടിക്രമം കൂടാതെ നടത്തുന്നത് നിയമപരമായോ ജനാധിപത്യപരമായോ ഭൂഷണമല്ല. കേരളത്തിൽ ഏതു മുന്നണി അധികാരത്തിൽവന്നാലും താത്കാലികതസ്തികകളിൽ സ്വന്തക്കാരെ പിൻവാതിലിലൂടെ നിയമിക്കുന്നതു പതിവാണ്. താത്കാലികനിയമനങ്ങൾ പൊതുവെ പി.എസ്.സി. മുഖേനയല്ല എന്ന സൗകര്യംകൂടി ഉപയോഗപ്പെടുത്തിയാവാം ഇത്തരം പതിവുകൾ നടക്കുന്നത്. താത്കാലിക ഒഴിവുകൾ ഉൾപ്പെടെ നിയമനങ്ങൾ സുതാര്യവും സത്യസന്ധവുമായ രീതിയിൽ നടത്തണമെന്ന് 1959 ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമം നിഷ്കർഷിക്കുന്നുണ്ട്. സർവകലാശാലകളിലെ താത്കാലികനിയമനം പി.എസ്.സി. റാങ്കുപട്ടികയിൽനിന്ന് ആകാമെന്ന് കേരളഹൈക്കോടതി വിധിച്ചിരുന്നു (സി.വി. ബിജു കേസ്). അതിനുള്ള ഇച്ഛാശക്തി രാഷ്ട്രീയകക്ഷികൾ കാണിക്കാത്തപക്ഷം ഹൈക്കോടതി ഇടപെടുകയും മാർഗനിർദേശങ്ങൾ നൽകുകയുമാണു കരണീയം.

നിയമനങ്ങളിലെ നീതിനിഷേധങ്ങൾ തുടർക്കഥകളായി അരങ്ങേറുമ്പോൾ സർക്കാർ കൈയുംകെട്ടി നോക്കിനില്ക്കുന്നതു ശരിയല്ല. ഉത്തരവാദിത്വപ്പെട്ട ഭരണാധികാരികൾ ഇത്തരം കാര്യങ്ങളിൽ സത്യസന്ധമായി ഇടപെടുകതന്നെ വേണം. നിയമനങ്ങളുടെ പേരിൽ നടക്കുന്ന നിരുത്തരവാദിത്വപരമായ കള്ളക്കളികൾ ഇനിയും തുടർന്നാൽ, തൊഴിലന്വേഷകരായ നമ്മുടെ ചെറുപ്പക്കാരുടെ വിദേശങ്ങളിലേക്കുള്ള കൂട്ടപ്പലായനം കണ്ട് നിസ്സംഗരായി നില്ക്കേണ്ടിവരും നമ്മൾ!

■

## കുടുംബവിഹിതം പകുത്തുനൽകി ഭൂരഹിതനു വീടൊരുക്കി മാർ ജോസഫ് കല്ലറങ്ങാട്ട്

പാലാ: പാലാ രൂപതയുടെ കാരുണ്യമുഖമായ ഹോം പാലാ പദ്ധതിയിൽ സ്വയം മാതൃകയായി രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. കയ്യൂരിലെ കുടുംബസ്വത്തിലൂടെ തനിക്കു ലഭിച്ച ഭൂമി ഒരു ഭൂരഹിതകുടുംബത്തിനു പകുത്തുനൽകി വീടൊരുക്കിയാണ് മാർ ജോസഫ് കല്ലറങ്ങാട്ട് കരുതലിന്റെ മുഖമായി രൂപതയ്ക്കും നാടിനും മാതൃകയും അഭിമാനവുമായത്.

മാർ ജോസഫ് കല്ലറങ്ങാട്ട് ദാനം ചെയ്ത ഭൂമിയിൽ പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റ് കുവൈറ്റ് ചാപ്റ്ററാണ് വീട് പണിതീർത്തത്. മാർ ജോസഫ് കല്ലറങ്ങാട്ട് വീട് ആശീർവദിച്ച് കൈമാറി. രൂപത പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടറും ഹോം പാലാ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ, കയ്യൂർ ക്രിസ്തുരാജ് പള്ളി വികാരി ഫാ. മാത്യു എണ്ണയ്ക്കാപ്പിള്ളിൽ, ഫാ. മാത്യു തെന്നാട്ടിൽ എന്നിവർ ആശീർവാദകർമത്തിൽ സഹകാർമികരായി.



*പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, തന്റെ കുടുംബവിഹിതത്തിൽനിന്നു പകുത്തു നൽകിയ ഭൂമിയിൽ പിഡിഎംഎ കുവൈറ്റ് ചാപ്റ്റർ പണിതീർത്ത വീട് ആശീർവദിക്കുന്നു. ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ, ഫാ. മാത്യു എണ്ണയ്ക്കാപ്പിള്ളിൽ, ഫാ. തോമസ് പേഴുംകാട്ടിൽ, ഫാ. മാത്യു തെന്നാട്ടിൽ, പിഡിഎംഎ ഭാരവാഹികൾ എന്നിവർ സമീപം.*

പാലാ രൂപതാതിർത്തിയിലെ ഭവനരഹിതരെയും ഭൂരഹിതരെയും പുനരധിവസിപ്പിക്കുന്നതിനായാണ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ നേതൃത്വത്തിൽ രൂപതയിൽ 'ഹോം പാലാ' പദ്ധതി ആരംഭിച്ചത്. നാനാജാതിമതസ്ഥരായ നിരവധിപ്പേർക്ക് ഇതിനോടകം ഭൂമിയായും വീടായും കരുതലാകാൻ രൂപതയ്ക്കു കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ 658 വീടുകളാണ് ഇതിനോടകം പണിതീർത്തിട്ടുള്ളതെന്ന് ഹോം പാലാ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ പറഞ്ഞു.

## സ്മരണാഞ്ജലി



ദീപനാളത്തിന്റെ സ്ഥാപകപിതാവും പാലാ രൂപതയുടെ പ്രഥമമെത്രാനുമായ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി ദിവംഗതനായിട്ട് നവംബർ 21 ന് 36 വർഷം പൂർത്തിയാകുന്നു. അദ്ദേഹത്തിന്റെ ദീപ്തസ്മരണയ്ക്കുമുമ്പിൽ ദീപനാളം കുടുംബാംഗങ്ങളുടെ ആദരപൂർവകമായ കൂപ്പുകൈ.

# മാരകലഹരിയിൽ മയങ്ങുന്നുവോ കേരളം?



ഡോ. ഫ്രാൻസിസ് ആലപ്പാട്ട്

ലഹരിക്കെതിരേ പാലായിൽ നിന്നു മുഴങ്ങിയ സിംഹഗർജനമാണ് അതുവരെ അപകടത്തെക്കുറിച്ചു ചിന്തിക്കുകപോലും ചെയ്യാത്ത കേരളസമൂഹത്തെ ഉണർത്തിയത്. നമ്മുടെ മക്കൾ വിദ്യാലയങ്ങളിലേക്കു പോകുന്നതുപോലെയല്ല തിരിച്ചെത്തുന്നത്. ക്രാന്തദൃഷ്ടികളായ സാമൂഹികനേതാക്കന്മാർ മുന്നറിയിപ്പു നൽകിയപ്പോഴെല്ലാം അതു തൃണവത്ഗണിക്കുകയായിരുന്നു. ഇതെല്ലാം പഴയ കഥകൾ. അതു വിമർശിച്ചിട്ടു പ്രയോജനമൊന്നുമില്ല. നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുക, വരാനിരിക്കുന്ന മഹാവിപത്ത് സർവശക്തിയോടെ തടയുക എന്നതുമാത്രമേ കരണീയമായുള്ളൂ. വൈകിയാണെങ്കിലും കേരളം ഈ മഹാവിപത്തിനെക്കുറിച്ചു ബോധമുള്ളവരായി. വർഷങ്ങൾക്കുമുമ്പേ പ്രഫഷണൽകോളജുകളിൽ ലഹരി പ്രത്യക്ഷപ്പെട്ടിരുന്നു. 1970 കളിൽ അതു പാരമ്യത്തിലെത്തി. ഉയർന്ന മാർക്കു ലഭിച്ച് പ്രഫഷണൽകോളജുകളിലെത്തിയ പലരും ലഹരിക്കടിപ്പെട്ട് പഠിപ്പു നിറുത്തിപ്പോവുകയും ഗഞ്ചസൈക്കോസിസിനു ചികിത്സതേടുകയും ചിലർ ആത്മഹത്യചെയ്യുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ എന്റെ പഠനകാലത്ത് വയനാടു സ്വദേശിയായ മധു (ശരിയായ പേരല്ല) ഞാൻ കോളജിൽ ചേരാനെത്തുന്നതിനുമുമ്പുതന്നെ ഒരു മുറിയിൽ ഒറ്റയ്ക്കു ജീവിച്ചിരുന്നു. സമ്പന്നകുടുംബത്തിലെ ഇളയമകൻ. അവന്റെ ജ്യേഷ്ഠന്മാരാണ് അവരുടെ വിശാലമായ റബർ എസ്റ്റേറ്റ് നോക്കിയിരുന്നത്. മെറിറ്റിലായിരുന്നു മധുവിന് അഡ്മിഷൻ ലഭിച്ചത്. ഫീസ് കൊടുക്കേണ്ട, ഭക്ഷണച്ചെലവുമാത്രം. അയ്യായിരം രൂപ പ്രതിമാസം മധുവിന് ജ്യേഷ്ഠന്മാർ അയച്ചുകൊടുത്തിരുന്നു. അപ്രതീക്ഷിതമായി അടുത്തടുത്തായി അമ്മയും അച്ഛനും മരണപ്പെട്ടത് മധുവിനു ഷോക്കായി. അന്ന് കോഴിക്കോട് ടൗൺ, പ്രഫഷണൽ കോളജ് തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് കഞ്ചാവുവ്യാപാരം നിലനിന്നിരുന്നു. മാതാപിതാക്കളുടെ മരണത്തിൽ തകർന്നുപോയ മധു കഞ്ചാവിന് അടിമയായി. ക്ലാസ്സിൽ പോകാതായി. സ്വന്തം ബാച്ചുകാർ അതേ കോളജിൽ അസിസ്റ്റന്റ് പ്രഫസർ തസ്തികയിലെത്തിയിട്ടും മധുവിനു മൂന്നാംവർഷം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഞാൻ ബിരുദമെടുത്തു പോരുമ്പോഴും നരച്ച താടിയും മുടിയുമായി ഹോസ്റ്റലിലുണ്ട്. മെസ്സ് ഫീസും ഹോസ്റ്റൽറൂം വാടകയും കൃത്യമായി നൽകിക്കൊണ്ടിരുന്നതിനാൽ കോളജ് അധികാരികൾ ഈ വിദ്യാർഥിയുടെ കാര്യത്തിൽ ഇടപെട്ടതുമില്ല. അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ എന്നുപോലുമറിയില്ല. അക്കാലത്ത് അതിബുദ്ധിമാന്മാരായ പലരും അല്പം കഞ്ചാവുപുക അകത്താക്കിയിരുന്നു. കുപ്രസിദ്ധമായ രാജൻ കേസിനുശേഷം കോളജുകളിൽ പരിശോധന കർശനമാക്കിയതിനാൽ ലഹരിയുടെ ഉപയോഗം അല്പം കുറഞ്ഞു.

പിന്നെ ഈ മഹാവിപത്ത് തലപൊക്കിയത് കഴിഞ്ഞ പത്തുവർഷത്തിനുള്ളിലാണ്. പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ലാറ്റിനമേരിക്ക, ഇന്ത്യയിലെ ഒറീസ്സ, മധ്യപ്രദേശ്, ഇടുക്കി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നു ടൺകണക്കിനു കഞ്ചാവും മറ്റു ലഹരിമിശ്രിതങ്ങളും യുവജനങ്ങളുടെ കൈകളിലേക്കൊഴുകാൻ തുടങ്ങി. അധികാരികൾക്കു ലാഭത്തിന്റെ പങ്കു ലഭിക്കുന്നതുകൊണ്ടോ നേതാക്കൾ മത-രാഷ്ട്രീയ സങ്കരപ്രവർത്തനങ്ങളിലൂടെ അധികാരം പിടിച്ചെടുക്കുന്നതിൽ പൂർണമായും മുഴുകിയതുകൊണ്ടോ ഇതൊന്നും കണ്ടതായി നടിച്ചില്ല. നാളെയുടെ വാഗ്ദാനങ്ങളായ കൗമാരയൗവനപ്രായക്കാർ പെൺകുട്ടികളടക്കം ഇവയുടെ അടിമകളും ചിലർ വില്പനക്കാരുമായി. ജന്മദിനം, പരീക്ഷാവിജയം, മറ്റ് ആഘോഷങ്ങൾ എന്നിവയോടനുബന്ധിച്ച് പോലീസ് - കസ്റ്റംസ് അധികാരികളുടെ മറപിടിച്ച് ലഹരിപ്പാർട്ടികൾ റിസോർട്ടുകളിലും കടലിൽ ആഡംബരനൗകകളിലും അരങ്ങുതകർത്തു. പണക്കാരുടെ മക്കളായതിനാൽ കേസ് തേച്ചുമായ്ച്ചു കളയാനും ബുദ്ധിമുട്ടില്ല. എന്തൊരു ദുരവസ്ഥ! സാധാരണ ജന്മദിനക്കൂട്ടായ്മകളിൽ പോലും ചില സ്ത്രീകളും പെൺകുട്ടികളുംവരെ മദ്യം ഉപയോഗിക്കുന്നുണ്ട്.

മദ്യപാനപ്പാർട്ടികളിൽനിന്നു തുടങ്ങുന്ന ആസക്തി വൈകാതെ ലഹരിയിലേക്കു കടക്കുന്നു. അത്ര അത്യാവശ്യമില്ലാത്ത കൂടിച്ചേരലുകൾ അവസാനിക്കുന്നത് മാരകമായ ലഹരിയിലാണ്. ധാർമികതയുടെയും സഭ്യതയുടെയും അതിർവരമ്പുകൾ ലംഘിക്കുന്ന ഈ അവസ്ഥയിൽ മാതാപിതാക്കളുടെ സമ്മതംപോലുമില്ലാതെ കമിതാക്കൾ വിവാഹരജിസ്റ്ററിൽ പേരുചേർക്കുന്നു; വൈകാതെ വിവാഹമോചനവും. ലഹരിയുടെ തേർവാഴ്ചയിൽ എത്ര കുടുംബങ്ങളാണ് തകർന്നടിയുന്നത്! അനാവശ്യകൂടിച്ചേരലുകൾക്ക് മാതാപിതാക്കളും മക്കളും ഒരിക്കലും പോകരുത്. പക്ഷേ, മരണംപോലും ഇന്ന് ആഘോഷമാക്കുകയല്ലേ!!

ഒത്തുചേരലുകളുടെ ദോഷഫലം വളരെ നന്നായി മനസ്സിലാക്കിയിട്ടും പിശാചിനെ ഇന്നാട്ടിലേക്കു കെട്ടിയിറക്കുന്ന പുതിയ ഒരു ആഘോഷം ഈ വർഷം ആധ്യാത്മികപാരമ്പര്യമുള്ള ഇന്ത്യയിലേക്ക് എത്തിയിരിക്കുകയാണ് - ഹാലോവിൻ കാർണിവൽ. സകലവിശുദ്ധരുടെയും തിരുനാളിന്റെ തലേദിവസമാണ് സാത്താന്റെ ചിത്രങ്ങളും പ്രതിമകളും മറ്റുമായി പാശ്ചാത്യരാജ്യങ്ങളിൽ വലിയ തോതിൽ ഇത് ആചരിച്ചിരുന്നത്. സഭ സംഘടിപ്പിക്കുന്ന സകല വിശുദ്ധരുടെയും തിരുനാളിന്റെ തിളക്കം കുറയ്ക്കുകതന്നെ ലക്ഷ്യം. കൊയ്ത്തുത്സവമായി ആരംഭിച്ച ആഘോഷം സാത്താൻ ആരാധനവരെ എത്തിനിൽക്കുന്നു. പക്ഷേ, ഇന്ത്യയിൽ ഈ ആഘോഷം തലപൊക്കിയത് കൊവിഡിനുശേഷമുള്ള ഈ സീസണിലാണ്. നാമതു ഗൗരവമായി തടയേണ്ടതും മുളയിലേ നുള്ളിക്കളയേണ്ടതുമാണ്. ഗോവ, കൊച്ചി, തൃശൂർ എന്നിവിടങ്ങളിൽ പരസ്യമായിത്തന്നെ ഈ വർഷം ഹാലോവിൻ പാർട്ടികൾ മദ്യം, ലഹരിനൃത്തം എന്നിവയോടെതന്നെയാണ് ആഘോഷിച്ചത്. ലഹരിയുടെ വിളയാട്ടം നരബലിയിൽ എത്തിയിരിക്കുന്ന പശ്ചാത്തലത്തിൽ ഇങ്ങനെയുള്ള ആഘോഷങ്ങൾ കേന്ദ്രസംസ്ഥാനസർക്കാർ നിയന്ത്രിക്കുകയല്ല, നിരോധിക്കുകയാണു വേണ്ടത്.

സാമൂഹികനിരീക്ഷണം ശ്രദ്ധയോടെ നടത്തുന്നവർക്ക് ഒരു കാര്യം വ്യക്തമാകും: രണ്ടു വർഷമായി കേരളത്തിൽ കത്തിക്കുത്ത്, കൊലപാതകങ്ങൾ, വ്യക്തികൾ തമ്മിൽ വെടിവയ്പ്, ആളുകളുടെ അപ്രത്യക്ഷമാകൽ, കാരണം വ്യക്തമാകാത്ത മരണങ്ങൾ, ആത്മഹത്യ എന്നിവ ക്രമാതീതമായവിധം വർധിച്ചിട്ടുണ്ട്. ഇതിന്റെ പിമ്പിലും കറുത്ത കരങ്ങൾതന്നെ. ലഹരിയുടെ ഏറ്റവും പ്രധാനപ്പെട്ട ദോഷം കുടുംബങ്ങളുടെ ശൈഥില്യംതന്നെ. ഇതിനെതിരായി സന്മനസ്സുള്ള സർവമനുഷ്യരും അണിനിരന്നില്ലെങ്കിൽ സർവനാശമാണു ഫലം.

ഏതായാലും പാലായിൽനിന്നുയർന്ന പ്രവാചകശബ്ദത്തിന് ഇപ്പോൾ സർക്കാരിൽനിന്നടക്കം പിന്തുണ ലഭിക്കുന്നുവെന്നത് പ്രതീക്ഷ നൽകുന്നു.

*(ലേഖകൻ തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളജ് സ്ഥാപകഡയറക്ടറാണ്)*

# പി. എഫ്. പെൻഷൻവിധിയുടെ പരിധിയും നീതിയുടെ വഴിയും

*3-ാംപേജ് തുടർച്ച*

**അവസാനമാസം 60 മാസംമുൻപ്**

പെൻഷൻവ്യവസ്ഥയിൽ വരുത്തിയ വളരെ ഗൗരവമേറിയ ഒരു മാറ്റമാണ് അവസാനമാസശമ്പളം നിർണയിക്കുന്ന രീതിയിലെ മാറ്റം. 2014 വരെ വിരമിക്കുന്നതിനു തൊട്ടുമുമ്പുള്ള 12 മാസശമ്പളത്തിന്റെ ശരാശരിയാണ് അവസാനമാസശമ്പളമായി സ്വീകരിച്ചിരുന്നത്. ഇത് അവസാന അഞ്ചു വർഷത്തെ (60 മാസം) ശമ്പളത്തിന്റെ ശരാശരിയാക്കി 2014 ലെ ഭേദഗതി. അതിൽ കടുത്ത അനീതിയുണ്ടെന്നു തൊഴിലാളികൾ ചൂണ്ടിക്കാണിച്ചു. പക്ഷേ, ഫലമുണ്ടായില്ല. ഭേദഗതി ശരിവയ്ക്കപ്പെട്ടു.

**നഷ്ടക്കണക്ക് നീളുന്നു**

കോടതിവിധിയുടെ ചുരുക്കം ഇങ്ങനെ:

ഒന്ന്. പെൻഷൻ പദ്ധതിയിലെ നിയമപരമായ തെറ്റ് (1.16 ശതമാനം നിയമവ്യവസ്ഥ ഇല്ലാതെ ജീവനക്കാരിൽനിന്നു പിരിക്കുന്നത്) കോടതി എടുത്തുകാട്ടി. അതു നിയമവിരുദ്ധമാണെന്നു വിധിച്ചു. പക്ഷേ, ബദൽമാർഗം പറഞ്ഞിട്ടില്ല.

രണ്ട്. 2014 ലോ മുമ്പോ പൂർണശമ്പളത്തിനുള്ള ഓപ്ഷൻ നൽകാത്തവർക്ക് അതു നൽകാൻ ഒരവസരം കൂടി കിട്ടും. (2014 ൽ സർവീസിൽ ഉണ്ടായിരുന്നവർക്കാണ് അവസരം). ഇതിനു തൊഴിലുടമയും സഹകരിക്കണം.

മൂന്ന്. 2014 ലെ ഭേദഗതിക്കു മുമ്പു വിരമിച്ചവർക്ക് ഒരാനുകൂല്യവും കിട്ടില്ല.

നാല്. 15,000 ൽ കൂടുതൽ ശമ്പളം തുടക്കത്തിൽ ഉള്ളവർക്കു പദ്ധതി ബാധകമല്ലെന്നാണ് 2014 ലെ ഭേദഗതി പറഞ്ഞത്. ആ ഭേദഗതി കോടതി റദ്ദാക്കിയില്ല.

അഞ്ച്. പെൻഷനു കണക്കാക്കുന്ന അവസാനമാസശമ്പളം അവസാന 12 മാസത്തെ ശരാശരി എന്നതു മാറ്റി 60 മാസത്തെ ശരാശരി ആക്കിയിരുന്നു. അതു സുപ്രീം കോടതി ശരിവച്ചു. അവസാന 12 മാസ ശരാശരിയെക്കാൾ ഗണ്യമായി കുറവായിരിക്കും 60 മാസ ശരാശരി എന്നു മനസ്സിലാക്കാൻ പ്രത്യേക വൈദഗ്ധ്യമൊന്നും വേണ്ട. അതായത്, പിഎഫ് പെൻഷൻകാരുടെ നീതിനിഷേധത്തിന്റെയും നഷ്ടത്തിന്റെയും കണക്കു വീണ്ടും കൂടുന്നു.

ആറ്. സ്വന്തം പിഎഫ് ട്രസ്റ്റുകൾ ഉള്ള കുറെ സ്ഥാപനങ്ങൾക്ക് ഇപിഎഫ് വ്യവസ്ഥിതിയിൽനിന്ന് ഒഴിവ് നൽകിയിരുന്നു. അവർക്ക് പെൻഷൻ സ്കീമും ബാധകമായില്ല. അത് അവർക്കും ബാധകമാക്കണമെന്നു വിധിച്ചു.

**ജുഡീഷറിക്കു ലക്ഷ്മണരേഖ**

ഈ സുപ്രീം കോടതി വിധിയിലെ ഏറ്റവും ശ്രദ്ധേയമായ കാര്യം കേരള ഹൈക്കോടതിവിധിയെ നിരാകരിക്കാൻ പരമോന്നത കോടതി കണ്ടെത്തിയ ന്യായമാണ്. അതു കോടതികളുടെ പ്രവർത്തനത്തിനു വലിയ പരിധി കല്പിക്കുന്നു.

കേരളഹൈക്കോടതി വിശാലസാമ്പത്തിക ഘടകങ്ങൾ - പൊതുവിലുള്ള ശമ്പളവർധന, പിഎഫിലെ അംഗസംഖ്യയ്ക്കുണ്ടാകുന്ന വർധന, വലിയൊരു വിഭാഗത്തിനു പെൻഷൻ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിന്റെ പ്രത്യാഘാതം തുടങ്ങിയവ - പരിഗണിച്ചാണു വിധി എഴുതിയത്. ഹൈക്കോടതിയുടെ ആശങ്കകൾ ന്യായമാണെന്നു പറഞ്ഞ സുപ്രീം കോടതി അവ പരിശോധിക്കുന്നതല്ല കോടതിയുടെ ജോലി എന്നു പറഞ്ഞു. അതു നയരൂപീകരണവിഭാഗം (പാർലമെന്റും എക്സിക്യൂട്ടീവും) പരിഗണിക്കേണ്ടതാണ്. ഒരു പെൻഷൻ സ്കീം എങ്ങനെ നടത്തണമെന്നു പറയണ്ടതു ജുഡീഷ്യറിയല്ല. അതു ജുഡീഷൽ അധികാരത്തിന്റെ ഭാഗമല്ലെന്നും വിധിയുടെ 33-ാം ഖണ്ഡികയിൽ പറയുന്നു.

ഇതു സർക്കാരിന്റെ നയങ്ങളടക്കം നടപടികളെ വിലയിരുത്തുന്നതിൽ കോടതിക്കു പരിധി കല്പിക്കുന്ന വിധം വ്യാഖ്യാനിക്കപ്പെടും എന്നു സംശയിക്കാതെ തരമില്ല. നവലിബറൽ സാമ്പത്തികനയങ്ങൾക്ക് അനുഗുണമായ ഒരു വിധിയായും ഇതു വ്യാഖ്യാനിക്കപ്പെടാം. ചില കാര്യങ്ങളിലെങ്കിലും പരിധിയില്ലാതെ കാണുന്ന ജുഡീഷൽ ആക്റ്റിവിസത്തിന് തടയിടാൻ ഈ വിധി സഹായിച്ചാൽ നല്ലതാണ്. പക്ഷേ, അവ മാത്രമാണോ തടയുക? തികച്ചും ന്യായമെന്നും നീതിനിഷ്ഠമെന്നും കാണാവുന്ന കാര്യങ്ങൾ സർക്കാർ നിഷേധിക്കുമ്പോൾ അതിനു ബദലായി ഉയർന്നുനിൽക്കേണ്ട നീതിപീഠത്തെ പിന്നോട്ടു വലിക്കുന്നതാകുമോ ഈ വിധി? നീതി നിഷേധിക്കപ്പെട്ടു എന്നു കരുതുന്ന പിഎഫ് പെൻഷൻകാർ അങ്ങനെയല്ലേ വിശ്വസിക്കൂ?






**നവംബർ 20**
**പള്ളിക്കൂദാശക്കാലം**
**നാലാം ഞായർ**

ഉത്പ 14 : 17 – 24
1 സാമു 8 : 1 – 9
വെളി : 19 : 11 – 16
യോഹ 18 : 33 – 37



# യഥാർഥ രാജാവിനെ ഏറ്റുപറയുന്ന സഭ



**ഡോ. ജോസഫ് കരികുളം**

**പ**ള്ളിക്കൂദാശക്കാലം നാലാം ഞായർ ഈശോമിശിഹായുടെ രാജത്വത്തിരുനാൾ. ആരാധനക്രമവത്സരത്തിന്റെ അവസാനഞായറാഴ്ച, ഈശോയിൽ പൂർത്തിയായ രക്ഷാകൃത്യത്തിന്റെ സ്മരണയിൽ, അവനെ നമ്മുടെ ദൈവവും രാജാവുമായി അംഗീകരിച്ചേറ്റുപറയുന്നു. പൂർണദൈവമായ ഈശോമിശിഹാ ഐഹികമല്ലാത്ത ദൈവരാജ്യത്തിന്റെ രാജാവാണ്. പൂർണമനുഷ്യനായ അവിടുന്നാകട്ടെ സ്രഷ്ടാവും പരിപാലകനും രക്ഷിതാവും എന്ന നിലയിൽ ഈ ലോകത്തിന്റെ യഥാർഥ രാജാവുമാണ്.

ഈശോമിശിഹായെ നമ്മുടെ നാഥനും രക്ഷകനും രാജാവുമായി ഏറ്റുപറഞ്ഞ് ആരാധിക്കുന്ന ദിവസം ആരാധനക്രമവത്സരം അതിന്റെ പൂർണതയിലെത്തുന്നു. പക്ഷേ, ആരാധനക്രമവത്സരം ഇന്നവസാനിക്കുന്നില്ല, അടുത്ത വത്സരത്തിലേക്ക് അതു വളരുകയാണു ചെയ്യുന്നത്. ആരാധനക്രമവത്സരം യഥാർഥത്തിൽ അവസാനിക്കുന്നത് ദൈവമഹത്വത്തിലേക്കു സഭ ഉയർത്തപ്പെടുമ്പോഴാണ്. സഭ ഉയർത്തപ്പെടുകയെന്നു പറഞ്ഞാൽ അതിനർഥം സഭയുടെ ശിരസ്സായ മിശിഹായോടൊപ്പം അംഗങ്ങളായ നാമോരോരുത്തരും ദൈവത്താൽ മഹത്വപ്പെടുക എന്നതാണ്.

പൗരസ്ത്യസുറിയാനി ആരാധനക്രമവത്സരത്തിൽപ്പെടുന്ന സീറോ മലബാർ സഭ ഈശോയുടെ രക്ഷണീയകർമത്തെ ധ്യാനിക്കുന്ന വിവിധ ആരാധനക്രമകാലങ്ങളെ (temporal cycle) കേന്ദ്രീകരിച്ചു മുന്നേറുന്നു. ലത്തീൻസഭ വിശുദ്ധരുടെ തിരുനാളുകളെ (sanctoral cycle) കേന്ദ്രീകരിച്ചാണ് ആരാധനക്രമവത്സരം ചിട്ടപ്പെടുത്തിയിരിക്കുന്നത്. രണ്ടിനും അതിന്റേതായ മനോഹാരിതയും ദൈവശാസ്ത്രാഭിമുഖ്യവും അർഥവുമുണ്ട്. കത്തോലിക്കാസഭയിലെ ഇരുപത്തിനാലു വ്യക്തിസഭകളുടെയും ആരാധനക്രമരീതികൾ അതിൽത്തന്നെ അർഥവത്തും പൂർണവുമായതുകൊണ്ടാണ് സഭ അവയെ നിലനിറുത്തിയിരിക്കുന്നത്. അവയുടെയോരോന്നിന്റെയും ദൈവശാസ്ത്ര-ആധ്യാത്മിക വ്യത്യസ്തതയാണ് കത്തോലിക്കാസഭയുടെ കൂട്ടായ്മയുടെ മനോഹാരിതയും ആഴവും വ്യക്തമാക്കുന്നത്.

അതിനാൽ, ഓരോ വ്യക്തിസഭയും തങ്ങളുടെ ആരാധനക്രമപാരമ്പര്യത്തെ പഠിക്കാനും അതിന്റെ പൂർണതയിൽ ആഘോഷിക്കാനുമാണു ശ്രമിക്കേണ്ടത്. തങ്ങളുടെ ആരാധനക്രമമാണു നല്ലത് എന്ന വകാശപ്പെടാൻ ഒരു വ്യക്തിസഭയ്ക്കും സാധ്യമല്ല. കാരണം, താരതമ്യപ്പെടുത്താൻ വയ്യാത്ത വിധം അർഥസമ്പുഷ്ടവും വ്യത്യസ്തവുമാണവ. അങ്ങനെയുള്ള ഏത് അവകാശവാദവും, അതിനാൽത്തന്നെ, അറിവില്ലായ്മയുടെ ലക്ഷണമാണ്.

സുറിയാനി നസ്രാണിസഭയുടെ ആരാധനക്രമവത്സരം സർപ്പിളമായ (spiral) രീതിയിൽ മുന്നേറുന്ന ഒന്നാണ്. ഒരു ആരാധനക്രമവത്സരം അതിൽത്തന്നെ തുടങ്ങി അതിൽത്തന്നെ അവസാനിക്കുന്നില്ല. അത് മറ്റൊന്നിൽനിന്നു വളർന്നുവന്നതും അടുത്തതിലേക്കു വളർച്ച തുടരുന്നതുമാണ്. ഇപ്രകാരം വീക്ഷിക്കുമ്പോൾ, ആരാധനക്രമവത്സരത്തിന്റെ ആരംഭം ഈശോയുടെ ആദ്യപ്രത്യക്ഷീകരണത്തിൽ തുടങ്ങുന്നതും അതിന്റെ അവസാനം ഈശോയുടെ രണ്ടാം വരവിൽ സഭയുടെ മഹത്വപ്പെടലോടെ അവസാനിക്കുന്നതുമാണ്.

'മിശിഹാ രാജാവാണ്' എന്ന വിശ്വാസം ഈ ലോകത്തിലെ ഏതെങ്കിലും രാജ്യത്തെ ഭരിക്കുന്ന രാജാവ് എന്ന സങ്കല്പത്തിൽനിന്നു വ്യത്യസ്തമായി 'നിത്യനായ രാജാവ്' എന്ന യാഥാർഥ്യത്തിൽ അടിയുറച്ചതാണ്. സകല പ്രപഞ്ചത്തിന്റെയും സ്രഷ്ടാവും രക്ഷിതാവും പരിപാലകനുമായ, ദൈവത്തിൽനിന്നുള്ള മിശിഹാ വരുമ്പോൾ ഇസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്യപ്പെടുമെന്നത് ഇസ്രായേൽജനത്തിന്റെ വിശ്വാസമായിരുന്നു. പക്ഷേ, ഈശോയിൽ പൂർത്തിയായ മിശിഹാപ്രവചനം അതിന്റെ യഥാർഥ അർഥത്തിൽ മനസ്സിലാക്കാൻ ജനത്തിനു കഴിഞ്ഞില്ല എന്നതു വാസ്തവം.

**മെൽക്കിസെദെക്കും മിശിഹായും**

പഴയ ഉടമ്പടിയുടെ പുസ്തകത്തിൽ മെൽക്കിസെദെക്ക് എന്ന രാജാവിനെക്കുറിച്ചുള്ള പരാമർശം രണ്ടവസരങ്ങളിൽ മാത്രമാണ് (ഉത്പ. 14:18-20; സങ്കീ. 110:4). ഉത്പത്തിപ്പുസ്തകം മെൽക്കിസെദെക്കിനെ പരിചയപ്പെടുത്തുമ്പോൾ, സങ്കീർത്തനങ്ങളിലെ പരാമർശം ദാവീദ് മെൽക്കിസെദെക്കിനെപ്പോലെ ഒരു പുരോഹിതനായിരിക്കും എന്നു പ്രവചിക്കുന്നു. ഈശോമിശിഹാ ഈ പ്രവചനത്തിന്റെ പൂർത്തീകരണമാണ് എന്നു പുതിയ ഉടമ്പടിയിലെ ഹെബ്രായർക്കുള്ള ലേഖനം സാക്ഷ്യപ്പെടുത്തുന്നു (ഹെബ്രാ. 5:5-6).

മെൽക്കിസെദെക്ക് ആരാണെന്നു പരിചയപ്പെടുത്തുന്ന ഇവിടത്തെ ഒന്നാം വായനയിൽ (ഉത്പ. 14:17-24) മൂന്നു പരാമർശങ്ങൾ ശ്രദ്ധാർഹമാണ്.

1. അപ്പവും വീഞ്ഞും കൊണ്ടുവരുന്ന രാജാവ് - സാധാരണ രാജാക്കന്മാർ സ്വർണമോ വെള്ളിയോ വിലപ്പിടിപ്പുള്ള മറ്റു സമ്മാനങ്ങളോ കൊണ്ടുവരുമ്പോൾ അപ്പവും വീഞ്ഞുമായി വരുന്ന രാജാവ് സാധാരണ ഒരു രാജാവല്ല.

2. 'അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു അവൻ.' ഈ രാജാവ് എന്തുകൊണ്ട് സാധാരണ രാജാവല്ല എന്ന് ഇവിടെ തെളിയുന്നു. പുരോഹിതനായ ഒരു രാജാവ്! അപ്പവും വീഞ്ഞുമായി ബലിയർപ്പിക്കാൻ വരുന്ന അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതൻ രാജാവാണ് എന്നത്, പുതിയ ഉടമ്പടിയിൽ അപ്പവും വീഞ്ഞുമെടുത്ത് ഇതെന്റെ ശരീരവും രക്തവുമാണെന്നു പറയുന്ന ഈശോമിശിഹായാകുന്ന യഥാർഥ പുരോഹിതൻ രാജാവാണെന്നു പറയുന്നതിന്റെ പഴയ ഉടമ്പടി രൂപമാണ്.

3. 'അവൻ അബ്രാമിനെ ആശീർവദിച്ചു.' സാധാരണ രാജാക്കന്മാരുടെ കർത്തവ്യമല്ല ആശീർവാദം. അതു പുരോഹിതന്, ദൈവത്തിന്റെ പ്രതിനിധിക്കു മാത്രം ചെയ്യാവുന്നതാണ്. അതിനാൽത്തന്നെ, മെൽക്കിസെദെക്ക് സാധാരണ രാജാവായിരുന്നില്ലെന്നു മനസ്സിലാക്കാം. അപ്പമെടുത്ത് ആശീർവദിക്കുന്ന (ലൂക്കാ. 24:30), ശിഷ്യന്മാരെ ആശീർവദിക്കുന്ന (ലൂക്കാ 24:50) ഈശോ മെൽക്കിസെദെക്കിന്റെ ക്രമപ്രകാരം അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനും രാജാവുമാണ്.

**രാജാവിനെ മനസ്സിലാക്കാത്ത പ്രജകൾ**

ദൈവംതന്നെയാണ് തങ്ങളുടെ രാജാവെന്നു മനസ്സിലാക്കാത്ത ജനം തങ്ങളിൽനിന്ന് ഒരുവനെ രാജാവായി ഉയർത്തണമെന്നു മുറവിളികൂട്ടി സാമുവൽ പ്രവാചകനെ സമീപിക്കുന്നതാണ് രണ്ടാം വായനയുടെ (1സാമു. 8:1-9) ഉള്ളടക്കം. ഇസ്രായേൽ ജനത്തിന്റെ രാജസങ്കല്പത്തിന്റെ പുതിയ രീതികൾ സാമുവലിനു മനസ്സിലാകുന്നില്ല. ദൈവമാണ് തങ്ങളുടെ തലവനും രാജാവുമെന്ന് ഇസ്രായേൽജനത്തോട്, ഒളിഞ്ഞും തെളിഞ്ഞും പല പ്രാവശ്യം അവിടുന്നു പറഞ്ഞിട്ടുള്ളതാണ്. ജനത്തെ നയിക്കുന്നതിലും പരിപാലിക്കുന്നതിലും വിജയങ്ങൾ നേടുന്നതിലും ഭൂമിയിലെ ഏതു രാജാവിനെക്കാളും ശക്തനാണു താനെന്ന് അവിടുന്നു തെളിയിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള ബലികൾ സ്വീകരിക്കുന്നതിലൂടെ ജനത്തിന്റെ പാപങ്ങൾ പൊറുക്കാനും രോഗവിമുക്തി നൽകാനും ശക്തിയുള്ള ആധ്യാത്മികനിയന്താവും താൻ മാത്രമാണെന്ന് ദൈവം കാണിച്ചു. ഇതൊന്നും സ്വീകരിക്കാതെയും അംഗീകരിക്കാതെയും അവിടുത്തെ സൃഷ്ടി മാത്രമായ ഒരു മനുഷ്യനെ തങ്ങളുടെ രാജാവാക്കണമെന്ന ജനത്തിന്റെയാവശ്യം അഹങ്കാരവും ദൈവനിഷേധവുംതന്നെയാണ്.

**ഈശോമിശിഹാ ഐഹികമല്ലാത്ത രാജ്യത്തിലെ രാജാവ്**

ഈശോമിശിഹായുടെ രാജത്വത്തിന്റെ സ്വഭാവം മനസ്സിലാക്കാത്തതുകൊണ്ടാണ് യഹൂദരും പീലാത്തോസും അവിടത്തെ രാജത്വത്തെ കളിയാക്കി സംസാരിക്കുന്നത് (യോഹ 18:33-37). ദൈവപുത്രനായ ഈശോമിശിഹായെ അവന്റെ യഥാർഥ മഹിമയോടും സ്വഭാവത്തോടുംകൂടി യഥാർഥദൈവമായി അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നത് നിത്യജീവൻ പ്രാപിക്കാൻ അടിസ്ഥാനഘടകമാണെന്ന് ഈശോതന്നെ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട് (യോഹ. 8:24-36-55).

**ഈശോമിശിഹാ ദൈവവചനമാകുന്ന രാജാവ്**

ദൈവമായിരുന്നിട്ടും മനുഷ്യരക്ഷയ്ക്കുവേണ്ടി ഭൂമിയിൽ പിറന്ന ഈശോമിശിഹായുടെ ആദ്യ ആഗമനം ലളിതമായിരുന്നെങ്കിലും വചനത്തിന്റെ മാംസം ധരിക്കൽ എന്ന നിലയിൽ ലോകത്തിന്റെ ചിന്താസീമകളെ അതിലംഘിച്ചു. അവിടത്തെ രണ്ടാം വരവും ദൈവവചനത്തിന്റെ പ്രത്യക്ഷീകരണംതന്നെയാണ് (വെളി. 19:11-16). മഹത്വപൂർണമായ തന്റെ ശരീരത്തിൽ മിശിഹാ ആഗതമാകുന്ന ദിവസം ആരാധനാസമൂഹത്തിന്റെ സന്തോഷത്തിന്റെ ദിവസമാണ്. അന്നു സഭ ദൈവമഹത്വത്തിലേക്കു പ്രവേശിക്കുന്നു. ആരാധനക്രമവത്സരത്തിന്റെ യഥാർഥ അവസാനമാണത്. സമയമോ കാലമോ ആരാധനക്രമവത്സരമോ ആവശ്യമില്ലാത്ത ദൈവത്തിന്റെ നിത്യതയിലേക്കു സഭ പ്രവേശിക്കുന്നു. ദൈവമഹത്വത്തിന്റെ മുന്നിൽ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു പാടിപ്പുകഴ്ത്തുന്ന മഹത്വപ്പെട്ട സഭ മാത്രമാണു ഉളളത്.

പുതിയ ഇസ്രായേലായ സഭ തങ്ങളുടെ മുൻഗാമികളുടെ വലിയൊരു തെറ്റ് ഇവിടെ തിരുത്തുകയുമാണ്. തങ്ങൾക്കൊരു രാജാവിനെ വേണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് യഥാർഥ രാജാവിനെ മറന്ന ഇസ്രായേൽജനത്തിന്റെ ദുശ്ശാഠ്യത്തെ സഭ തിരുത്തുന്നു. 'രാജാക്കന്മാരുടെ രാജാവും നാഥന്മാരുടെ നാഥനും' എന്ന് ഏറ്റുപറഞ്ഞുകൊണ്ട് സത്യദൈവമായ ഈശോമിശിഹായുടെ രാജത്വം അവൾ ഉറക്കെ പ്രഖ്യാപിക്കുന്നു. ആ പ്രഖ്യാപനത്തിൽ ദൈവവും സൃഷ്ടപ്രപഞ്ചവും സന്തോഷിക്കുന്നു.

■

ഉദ്ദിഷ്ടകാര്യം
സാധിച്ചതിന് ഉപകാരസ്മരണ



ജോയി വെറ്റിലപ്പാറ
(താമസിച്ചതിന് ക്ഷമാപണം)

# അറേബ്യയുടെ ഹൃദയം കവർന്ന് ഐക്യദൂതൻ

1-ാം പേജ് തുടർച്ച

ഏറ്റവും വലിയ രണ്ടു മതങ്ങൾ തമ്മിൽ സമാധാനത്തിലും സ്നേഹത്തിലും പരസ്പരം പരിപോഷിപ്പിക്കണമെന്ന ദർശനത്തോടെയായിരുന്നു പാപ്പയുടെ സന്ദർശനം. വെറുക്കാനും പോരടിക്കാനുമല്ല; മറിച്ച്, സ്നേഹിക്കാനും സഹകരിക്കാനും സഹായിക്കാനുമാകണം എല്ലാ മതസ്ഥരും ശ്രമിക്കേണ്ടതെന്ന വലിയ സന്ദേശമാണ് ഫ്രാൻസിസ് പാപ്പാ നൽകിയത്.

വിവിധ രാജ്യങ്ങളും മതങ്ങളും തമ്മിലുള്ള സമാധാനപരമായ സഹവർത്തിത്വത്തിനാണു മാർപാപ്പാ ആഹ്വാനം ചെയ്തത്. കിഴക്കും പടിഞ്ഞാറും മനുഷ്യസഹവർത്തിത്വത്തിന് എന്നതായിരുന്നു ബഹ്റിൻ പര്യടനത്തിന്റെ മുദ്രാവാക്യം. ബഹ്റിൻ രാജാവ് ഹമദ് ബിൻ ഇസ അൽ ഖലീഫയുടെ ഔദ്യോഗികക്ഷണമനുസരിച്ചെത്തിയ ഫ്രാൻസിസ് മാർപാപ്പായ്ക്ക്, രാഷ്ട്രവും ജനതയും സ്നേഹോഷ്മള സ്വീകരണമാണ് ഒരുക്കിയത്. സാഖിർ കൊട്ടാരത്തിൽ ഹമദ് രാജാവുമായി നടത്തിയ കൂടിക്കാഴ്ചയും ശ്രദ്ധേയമായി.

**അറേബ്യയുടെ മനം കവർന്ന്**

നൂറ്റാണ്ടുകളുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു മാർപാപ്പാ ബഹ്റിനിലും യുഎഇയിലും സന്ദർശനം നടത്തുന്നത്. അറേബ്യൻ ഉപദ്വീപുകളിലേക്കു മുമ്പൊരിക്കലും മാർപാപ്പാമാരെ ക്ഷണിച്ചിട്ടില്ല. മാർപാപ്പായായി 2013 ൽ തിരഞ്ഞെടുക്കപ്പെട്ടശേഷം ഫ്രാൻസിസ് പാപ്പാ മുസ്ലീം ഭൂരിപക്ഷമുള്ള 10 സംസ്ഥാനങ്ങൾ സന്ദർശിച്ചുകഴിഞ്ഞു. ഇസ്ലാമികലോകവുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള മാർപാപ്പായുടെ നയത്തിന്റെ വ്യക്തമായ പ്രകടനമാണിത്. സൗദി അറേബ്യയിൽ നിന്നു വ്യത്യസ്തമായി, ക്രിസ്ത്യാനികൾക്കു പള്ളികളിൽ പരസ്യമായി വിശ്വാസമാചരിക്കാൻ അനുവദിക്കുന്ന ഗൾഫ് രാജ്യമാണ് ബഹ്റിൻ.

ക്രൈസ്തവരും മുസ്ലിംകളും പരസ്പരം ഭിന്നതയിലും ശത്രുതയിലും കഴിയാനുള്ളതല്ലെന്ന മാർപാപ്പായുടെ ആഗ്രഹം ശക്തമാണ്. അറബ്ലോകത്തെ മിക്ക രാജ്യങ്ങളും വളരെ താത്പര്യത്തോടെയാണു കത്തോലിക്കാസഭയുടെ തലവന്റെ ബഹ്റിൻ സന്ദർശനത്തെ വരവേറ്റത്. എന്നാൽ. മതതീവ്രവാദ, ഭീകര ഗ്രൂപ്പുകൾക്കും സംഘടനകൾക്കും ഫണ്ടും ആയുധങ്ങളും നൽകുന്ന ചില രാജ്യങ്ങൾ അത്ര ക്രിയാത്മകമായി പ്രതികരിച്ചതുമില്ല.

സൗദി അറേബ്യയിൽനിന്നടക്കം ഗൾഫിലെ മുപ്പതിനായിരത്തിലേറെ വിശ്വാസികളാണു മാർപാപ്പായുടെ ദിവ്യബലിയിൽ പങ്കാളികളായത്. ബഹ്റിനിലെ 1,60,000 വരുന്ന ചെറിയ കത്തോലിക്കാസമൂഹത്തിന്റെ ആശ്രയമായ 'ഔവർ ലേഡി ഓഫ് അറേബ്യ' കത്തീഡ്രലിലെത്തി പ്രാർഥിക്കാനും ഫ്രാൻസിസ് മാർപാപ്പാ മറന്നില്ല.

സീറോ മലബാർ സഭയുടെ തലവൻ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയും മാർപാപ്പായെ സ്വീകരിക്കാൻ ബഹ്റിനിലെത്തിയത്



മലയാളികളായ വിശ്വാസികൾക്കു സന്തോഷമായി. മരുഭൂമിയിലെ ദൈവത്തിന്റെ സാന്നിധ്യമാണ് മാതാവിന്റെ പേരിലുള്ള ഈ ദേവാലയവും മാർപാപ്പായുടെ സന്ദർശവും എന്നാണ് മലയാളികളായ കത്തോലിക്കർ വിശേഷിപ്പിച്ചത്.

**തീവ്രവാദത്തോടു മയം വേണ്ട**

തീവ്രവാദത്തിന്റെയും അക്രമത്തിന്റെയും പ്രവൃത്തികൾ വളരെ വ്യക്തമായി അപലപിക്കപ്പെടണമെന്ന് മുസ്ലിംനേതാക്കൾ അടക്കമുള്ളവരോട് ഫ്രാൻസിസ് മാർപാപ്പാ വെട്ടിത്തുറന്നു പറഞ്ഞു. അതേസമയം, ആധികാരികമതത്തിന്റെ ഹൃദയമായ സ്നേഹവും കരുണയും പ്രോത്സാഹിപ്പിക്കണം.

അക്രമങ്ങൾ എന്നു കേൾക്കാത്ത ഒരു ദിവസംപോലും കടന്നുപോകുന്നില്ല. സംഘർഷം, തട്ടിക്കൊണ്ടുപോകൽ, തീവ്രവാദ ആക്രമണങ്ങൾ, കൊലപാതകങ്ങളും നാശവും. ദുഃഖകരമാണിത്. 'ദൈവനാമം അശുദ്ധമാക്കുന്നതും മനുഷ്യകുലത്തിന്റെ മതാന്ധതയെ കളങ്കപ്പെടുത്തുന്നതുമായ ഈ നിഷ്കളങ്കമനോഭാവങ്ങളെ വ്യക്തമായി അപലപിക്കാം'- മാർപാപ്പ ഓർമപ്പെടുത്തി. 'വിയോജിപ്പുകളുടെയും അടഞ്ഞ ചിന്താഗതികളുടെയും ലക്ഷ്യമില്ലാത്ത വഴികൾ' നിരസിക്കണമെന്നും വിശ്വാസികൾക്കിടയിൽ സമാധാനപരമായ കൂടിക്കാഴ്ചയുടെ പാത പകരംവയ്ക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

യഥാർഥ മതത്തെ നശിപ്പിക്കുന്ന ഒരു അപകടമായി തീവ്രവാദത്തെ കാണുന്ന മുസ്ലീം നേതാക്കളെ ഫ്രാൻസിസ് പാപ്പാ പ്രശംസിച്ചു. മതനേതാക്കൾക്കു യുദ്ധങ്ങളെ പിന്തുണയ്ക്കാൻ കഴിയില്ലെന്നും ഗ്രാൻഡ് മോസ്കിനു പുറത്ത് മുസ്ലിം കൗൺസിൽ ഓഫ് എൽഡേഴ്സുമായി നടത്തിയ സംവാദത്തിൽ ഫ്രാൻസിസ് പാപ്പാ ചൂണ്ടിക്കാട്ടി. ദൈവത്തിന്റെയും മതത്തിന്റെയും പേരിലുള്ള വിദ്വേഷവും അക്രമങ്ങളും ഒരു വിധത്തിലും ന്യായീകരിക്കാനാകില്ല. യുദ്ധത്തെ തള്ളിപ്പറയുമ്പോഴും മതസ്വാതന്ത്ര്യത്തിനും സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾക്കും വേണ്ടി അദ്ദേഹം വാദിച്ചു. സേക്രഡ് ഹാർട്ട് സ്കൂളിലെത്തി കുട്ടികളും യുവാക്കളുമായി സംവദിക്കാനും ഫ്രാൻസിസ് പാപ്പാ സമയം കണ്ടെത്തി.

**ചങ്ങലകൾ പൊട്ടുന്ന സ്നേഹം**

സമാധാനം, നിരായുധീകരണം, സാമൂഹികനീതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ മതങ്ങളുടെ പങ്കിനെ ചുറ്റിപ്പറ്റിയായിരുന്നു മാർപാപ്പായുടെ പ്രസംഗം. യുക്രെയ്നിൽ റഷ്യ നടത്തുന്ന യുദ്ധത്തെ അപലപിക്കാൻ അദ്ദേഹം മടിച്ചില്ല. ഭീകരതയെ ഫണ്ടു ചെയ്യുന്നതിനെ മാർപാപ്പാ അപലപിച്ചു. ആഗോള ആയുധവ്യാപാരത്തെ എക്കാലവും എതിർക്കാൻ പാപ്പാ മടിച്ചിട്ടില്ല. ആണവായുധങ്ങളുടെ സമ്പൂർണനിരോധനം വേണമെന്ന് ഫ്രാൻസിസ് മാർപാപ്പാ ആവശ്യപ്പെടുന്നു.

ലോകമെങ്ങും ക്രൈസ്തവരാണു ഭീകരാക്രമണങ്ങളുടെ പ്രധാന ഇര. ലോലമായ കൊടുങ്കാറ്റിന്റെ വക്കിൽ നിൽക്കുന്ന ലോകത്തെ, സമാധാനത്തിലേക്കും സഹവർത്തിത്വത്തിലേക്കും തിരികെക്കൊണ്ടുവരാൻ സഹായിക്കണമെന്നു ബഹ്റിനിലെ മതസൗഹാർദസമ്മേളനത്തിൽ വിവിധ മതനേതാക്കളോടു മാർപാപ്പാ അഭ്യർഥിച്ചതിന്റെ സൂചനയും വ്യക്തമാണ്. ഭയാനകമായ രണ്ടു ലോകമഹായുദ്ധങ്ങൾക്കു ശേഷം പതിറ്റാണ്ടുകളായി ലോകത്തെ സസ്പെൻസിൽ നിറുത്തിയ ശീതയുദ്ധകാലത്തെ സ്വാധീനമണ്ഡലങ്ങൾ പുനർരൂപകല്പന ചെയ്യാനുള്ള പുതിയ തേരോട്ടത്തെ എതിർക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ശത്രുതയുടെ ഭൂതകാലത്തിനു മുന്നിൽ സാഹോദര്യത്തിന്റെ ഭാവി സ്ഥാപിക്കേണ്ടതുണ്ട്.

തിന്മയുടെയും അക്രമത്തിന്റെയും ചങ്ങലകളെ സ്നേഹംകൊണ്ടു പൊട്ടിക്കാനാണു മാർപാപ്പാ ആഹ്വാനം ചെയ്തത്. ബഹ്റിൻ നാഷണൽ സ്റ്റേഡിയത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനയ്ക്കിടെ നടത്തിയ വചനപ്രഘോഷണത്തിലും സമാധാനത്തിനും സ്നേഹത്തിനുംവേണ്ടിയാണു പരിശുദ്ധ പിതാവ് ലോകജനതകളോടു യാചിച്ചത്. അധീശത്വവും അധികാരവും സ്ഥാപിക്കാനുള്ള ശ്രമത്തിൽ ദുർബലർ അടിച്ചമർത്തപ്പെടുകയും മറ്റുള്ളവരുടെ സ്വാതന്ത്ര്യം ഹനിക്കപ്പെടുകയുമാണു ചെയ്യുന്നത്. ഭരണാധികാരിയെപ്പോലെയല്ല സമാധാനത്തിന്റെ രാജാവു വരുകയെന്നു വിശുദ്ധ കുർബാനയ്ക്കിടെ മാർപാപ്പാ ചൂണ്ടിക്കാട്ടി.

**സാർഥകമാകാത്ത സ്വപ്നം**

ഒരു കത്തോലിക്കാപൗരൻ പോലുമില്ലാത്ത ഇസ്ലാമികരാജ്യങ്ങൾപോലും സമാധാനത്തിന്റെ വെള്ളരിപ്രാവിനെ ചുവന്ന പരവതാനി വിരിച്ചു സ്വീകരിക്കുമ്പോഴും ഇന്ത്യയിലെ ജനങ്ങൾക്കു ഫ്രാൻസിസ് മാർപാപ്പായെ സ്വീകരിക്കാൻ ഇനിയും അവസരം കിട്ടിയിട്ടില്ലെന്നതു ദുഃഖകരമാണ്. ഇന്ത്യ സന്ദർശിക്കാൻ ആഗ്രഹമുണ്ടെന്ന് ഫ്രാൻസിസ് പാപ്പാ ഈ ലേഖകനോട് നേരിട്ടു പറഞ്ഞിരുന്നു. ഇന്ത്യയെ സ്നേഹിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. 2017 നവംബറിൽ ബംഗ്ലാദേശ്, മ്യാൻമർ സന്ദർശനത്തിനുശേഷം ഇറ്റലിയിലേക്കുള്ള മടക്കയാത്രയിലും അദ്ദേഹം ഇക്കാര്യം മറയില്ലാതെ പത്രസമ്മേളനത്തിൽ പറഞ്ഞിരുന്നു.

കഴിഞ്ഞ വർഷം ഒക്ടോബറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി റോമിലെത്തി ഫ്രാൻസിസ് പാപ്പയെ ഇന്ത്യയിലേക്കു നേരിട്ടു ക്ഷണിച്ചിരുന്നു. ലോകം മുഴുവനും കൊട്ടിഘോഷിച്ച മോദിയുടെ മാർപാപ്പാസന്ദർശനത്തിനു ശേഷവും പക്ഷേ, അതു യാഥാർഥ്യമായില്ല. ബംഗ്ലാദേശും മ്യാൻമറും യുഎഇയും ബഹറിനും അടക്കമുള്ള അയൽരാജ്യങ്ങളിലെത്തിയിട്ടും ഇന്ത്യയിലേക്കു മാർപാപ്പായെ വരവേൽക്കാൻ കേന്ദ്രസർക്കാരിനു സമയം കിട്ടുന്നില്ലത്രേ. മാർപാപ്പായ്ക്കു താത്പര്യമുണ്ടായിട്ടും അദ്ദേഹത്തിന്റെ ഇന്ത്യയിലേക്കുള്ള വരവ് വൈകിക്കുന്നതു ചില വർഗീയ, തീവ്രവാദശക്തികളെ മാത്രമേ സന്തോഷിപ്പിക്കുകയുള്ളൂ.

ഇന്ത്യയ്ക്കു മുകളിലൂടെയും സമീപത്തുകൂടിയും പലതവണ പറന്ന ഫ്രാൻസിസ് മാർപാപ്പായെ ഇന്ത്യയിലേക്കുകൂടി കൊണ്ടുവരാൻ കേന്ദ്രസർക്കാർ ഇനിയും അമാന്തിക്കരുത്. എല്ലാ മതങ്ങളെയും മതനേതാക്കളെയും സ്വീകരിച്ച മഹത്തായ ഇന്ത്യൻ സംസ്കാരമാണു നമ്മുടേത്. ഇന്ത്യയിലേക്കു മാത്രമായി ഒരു ഔദ്യോഗികസന്ദർശനത്തിനു താൻ കാത്തിരിക്കുകയാണെന്ന് ഈ ലേഖകന്റെ കരംപിടിച്ചു ഫ്രാൻസിസ് പാപ്പാ പറഞ്ഞത് ഇന്നും മായാതെ ഓർമയിലുണ്ട്. ഫ്രാൻസിസ് മാർപാപ്പായെ ഇന്ത്യയിലും കേരളത്തിലും വരവേൽക്കാനുള്ള ജനലക്ഷങ്ങളുടെ കാത്തിരിപ്പിനു വൈകാതെ ഫലം കാണാനായി പ്രത്യാശിക്കാം.

■

## പേപ്പിടിയോ പിപ്പിടിയോ?

**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**



സമകാലിക രാഷ്ട്രീയ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുക്കാവുന്ന ഒരു വാക്കാണ് 'പിപ്പിടി'. അങ്ങനെയൊരു പദം ശ്രീകണ്ഠേശ്വരം രേഖപ്പെടുത്തിയിട്ടില്ല. ശബ്ദതാരാവലിയിൽ ഇല്ലെന്നു കരുതി, പിപ്പിടി എന്നൊരു വാക്ക് മലയാളത്തിലില്ല എന്നു നിശ്ചയിക്കാനാവുമോ? ഭീഷണി എന്ന അർത്ഥത്തിൽ പേപ്പിടി എന്നൊരു പദം ശബ്ദതാരാവലിയിലുണ്ട്. പേപ്പിടിയുടെ പ്രാദേശികഭാഷണഭേദമാകണം പിപ്പിടി. അർത്ഥം ഭീഷണി എന്നുതന്നെ. പിന്നീടുണ്ടായ നിഘണ്ടുക്കളിൽ പേപ്പിടിയും പിപ്പിടിയും കാണുന്നുണ്ട്. ഭയപ്പെടുത്താൻ പറയുന്ന വാക്ക്, ഭീഷണിവാക്ക് തുടങ്ങിയ വിവക്ഷിതങ്ങളിലാണ് പേപ്പിടിയും പിപ്പിടിയും ഇന്നു പ്രയോഗത്തിലുള്ളത്.*

പേ+പിടി സന്ധിയിൽ പേപ്പിടിയാകും. പേ, പിടി എന്നീ വാക്കുകൾ വിശേഷണവിശേഷ്യങ്ങളായി സമാസിച്ച് പേപ്പിടിയാകുന്നു. "വിശേഷണവിശേഷ്യങ്ങൾ/ പൂർവ്വോത്തരപദങ്ങളായ്/ സമാസിച്ചാലിരട്ടിപ്പൂ/ ദൃഢം പരപദാദിഗം" (കാരിക 13) എന്ന കേരളപാണിനീയവിധിയനുസരിച്ചാണ് പേ+പിടി, പേപ്പിടിയാകുന്നത്. പേ എന്ന വാക്കിന് ഭയം എന്നും പിടി എന്ന ക്രിയാനാമത്തിന് 'പിടിക്കൽ' എന്നും വിവക്ഷിതം കല്പിക്കാം. അങ്ങനെയെങ്കിൽ ഭയപ്പെടുത്താനായി പറയുന്ന (കള്ള) വാക്ക് എന്ന അർഥം പേപ്പിടിക്കു വന്നുചേരും. പേപ്പിടി കാട്ടുക എന്നൊരു ചൊല്ലും പ്രസിദ്ധമാണല്ലോ. ഭീഷണിപ്പെടുത്തുക, ഭയപ്പെടുത്തുക തുടങ്ങിയ ലക്ഷ്യാർഥങ്ങളാണല്ലോ അതിനുള്ളത്. 'പിപ്പിടി'യെ ഈ വിധം വ്യാഖ്യാനിക്കാനാവുകയില്ല. അതിനാൽ, പേപ്പിടിയെ മാനകരൂപമായും പിപ്പിടിയെ അതിന്റെ പ്രാദേശികരൂപമായും കണക്കാക്കുക കരണീയം.

വാൽക്കഷണം: കുഞ്ചുക്കുറുപ്പ്: കേരളസർവകലാശാല ഇടതുനേതാക്കളെപ്പറ്റി വിജ്ഞാനകോശം പുറത്തിറക്കുന്നു. ഒന്നാംതരം പിപ്പിടിവിദ്യ. പേപ്പിടിയെക്കാൾ പിപ്പിടി ആളുകൾക്കു പരിചിതമായിക്കഴിഞ്ഞുവെന്നു വ്യക്തം.

* സുമംഗല, പച്ചമലയാളം നിഘണ്ടു, ഗ്രീൻ ബുക്സ്, തൃശൂർ, 2016, പുറങ്ങൾ 853, 909.* രാജരാജവർമ്മ ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്. കോട്ടയം, 1988, പുറം - 130.

# വിഭ്രമാത്മകതയുടെ വിരുന്നുകാരൻ

### 2022 ലെ എഴുത്തച്ഛൻ പുരസ്കാരജേതാവായ സേതുവിന്റെ എഴുത്തുവഴികളിലൂടെ



വിദ്യ വിജയകുമാർ



മലയാളസാഹിത്യത്തിൽ ആധുനികതാവാദം കത്തിനിന്ന ഒരു കാലത്താണ് കഥപറച്ചിലിനു പുതിയൊരു ശൈലിയുമായി എ. സേതുമാധവൻ എന്ന സേതു രംഗപ്രവേശം ചെയ്തത്. വിഭ്രമാത്മകതയും ഭീതിയും അസ്വസ്ഥതയും ഛിന്നഭിന്നമായ മനസ്സുകളും എഴുത്തിൽ സന്നിവേശിപ്പിച്ച സേതുവിന് മലയാളസാഹിത്യത്തിൽ സ്വന്തമായൊരിടം കണ്ടെത്താൻ സാധിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പലതരത്തിലുള്ള തൊഴിലുകളിലേർപ്പെട്ടിരുന്ന സേതുവിന്റെ ജീവിതാനുഭവങ്ങൾ കഥകളിലുടനീളം തെളിഞ്ഞുകാണാം. നാട്ടിൻപുറത്തെ നിഷ്കളങ്കജീവിതങ്ങളിൽ പുരണ്ടിരിക്കുന്ന പച്ചമണ്ണിന്റെ ഗന്ധം മുതൽ തിരക്കുകളിൽനിന്നു തിരക്കുകളിലേക്കു മുഖംപൂഴ്ത്തി നില്ക്കുന്ന മഹാനഗരത്തിന്റെ മടുപ്പിക്കുന്ന ഗന്ധംവരെ സേതുവിന്റെ അക്ഷരങ്ങളിൽനിന്നു നമുക്കു വായിച്ചെടുക്കാം.

സേതുവിന്റെ രചനാലോകത്തിനു വ്യത്യസ്തമായ ഒരു ഘടനയുണ്ട്. ജീവിതത്തിന്റെ മൃദുല വികാരങ്ങളോ ഹൃദയബന്ധങ്ങളുടെ ചാരുതയോ ഹൃദ്യമായ ജീവിതാനുഭവങ്ങളോ ഒന്നും അധികമായി ആ എഴുത്തുവഴികളിലൂടെ കടന്നുവരുന്നില്ല. അടുക്കും ചിട്ടയുമുള്ള കൃത്യമായ നിയമങ്ങളിലധിഷ്ഠിതമായ ജീവിതസാഹചര്യങ്ങൾ ഒരിക്കലും സേതു അവതരിപ്പിക്കുന്നില്ല. അങ്ങനെ സംഭവിച്ചാൽത്തന്നെ വളരെപ്പെട്ടെന്ന് വിഭ്രമാത്മകതയുടെ മായാലോകത്തിലേക്ക് അവ കടന്നുചെല്ലും. ജീവിതമെന്ന മഹാപ്രവാഹത്തെ നിരുപാധികം നോക്കിക്കാണുന്ന ഒരു എഴുത്തുകാരനല്ല സേതു. സാധാരണമനുഷ്യജീവിതത്തിന്റെ അതിസാധാരണമായ ദുരന്തപരിണാമങ്ങൾ അദ്ദേഹത്തെ അസ്വസ്ഥനാക്കുന്നുണ്ട്. ഒരുപക്ഷേ, സാഹിത്യലോകത്ത് ഏകപക്ഷീയമായ ഒരു വീക്ഷണമാണിത്. വർഷങ്ങൾ നീണ്ടുനില്ക്കുന്ന മനുഷ്യജീവിതത്തിന്റെ വികാസപരിണാമങ്ങൾ ക്ലിപ്തസമയത്തിന്റെ കണ്ണാടിയിൽകൂടി നോക്കിക്കാണുമ്പോൾ കഥാരചനയുടെ വ്യത്യസ്തമാനങ്ങൾ അന്വേഷിക്കേണ്ടിവരും. സേതു അതിന് ഒരു പരിധിവരെയെങ്കിലും ഫാന്റസിയെ ആശ്രയിക്കുന്നുണ്ട്. ഫാന്റസിയുടെ ഈ അതിപ്രസരം യഥാർഥജീവിതവിവരണത്തിൽനിന്ന് സേതുവിന്റെ കഥകളെ അകറ്റിനിർത്തുന്നു.

സേതുവിന്റെ കഥകൾ പൊതുവെ ദുരന്താഭിമുഖ്യമുള്ളവയാണ്. ആദ്യകഥയായ 'ദാഹിക്കുന്ന ഭൂമിയിൽ' മാനവരാശി നേരിടേണ്ടി വരുന്ന ഒരു മഹാദുരന്തത്തെയാണ് അവതരിപ്പിക്കുന്നത്. അനതിവിദൂരഭാവിയിൽ സംഭവിച്ചേക്കാവുന്ന ഒരു പ്രകൃതിദുരന്തത്തിന്റെ കൊടിയ കാഴ്ചകൾ ഗ്രാമീണാന്തരീക്ഷത്തിൽ സേതു വരച്ചുവച്ചിരിക്കുന്നു. വരണ്ടുണങ്ങിയ പാടത്തിന്റെ നടുവിൽനിന്ന് നെറ്റിയിൽ കൈത്തലം ചേർത്ത് മാനത്തേക്കു നോക്കുന്ന ഗ്രാമവൃദ്ധൻ കാണുന്നത് കാലംതെറ്റിയെത്തുന്ന കാർമേഘങ്ങളെയാണ്. കുന്നിനപ്പുറത്തെ വിളഞ്ഞുപാകമായി കൊയ്ത്തുകാരെ കാത്തിരിക്കുന്ന സ്വർണവർണമണിഞ്ഞ പാടങ്ങളെയോർത്തു തേങ്ങുന്ന അയാൾ വരാനിരിക്കുന്ന വറുതിയെ കൺമുന്നിൽ കാണുന്നു.

സേതുവിന്റെ കഥാപാത്രങ്ങളെല്ലാംതന്നെ നിന്ദിതരും പീഡിതരുമാണ്. അടിമത്തവും പീഡനങ്ങളും ബന്ധനവുമൊക്കെയാണ് തങ്ങളുടെ ജീവിതാവസ്ഥയെന്നു വിശ്വസിച്ചുപോരുന്നു അവർ. തങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുർവിധികൾ മനുഷ്യസൃഷ്ടമല്ലെന്നും അത് പ്രകൃതി ഒരുക്കിവച്ചതാണെന്നും അവർ കരുതുന്നു. ദുരന്തങ്ങൾ അവർക്കു ജീവിതയാഥാർഥ്യങ്ങൾ തന്നെയാണ്. അശോകന്റെ കുലത്തൊഴിൽ, ഒമ്പതാംനമ്പറിലെ ജാരൻ തുടങ്ങിയ കഥകളിലെല്ലാം അടിച്ചേല്പിക്കപ്പെടുന്നതും എന്നാൽ, അവർ മനസ്സിലാക്കാത്തതുമായ ഒരു ദുരന്തം നമുക്കു വായിച്ചെടുക്കാം. നിസ്സഹായതയുടെയും പീഡനങ്ങളുടെയും ആത്മനിന്ദയുടെയും മരണത്തിന്റെയും മുൾക്കാട്ടിൽപ്പെട്ടുപോകുന്ന ചില വിചിത്രകഥാപാത്രങ്ങൾ.

പല കഥകളിലും ഭ്രമാത്മകതയുടെ അതിപ്രസരമുണ്ട്. കഥാപാത്രസൃഷ്ടിക്കും അവതരണത്തിനുംവേണ്ടി സേതു കണ്ടെത്തുന്ന വഴിയാണിത്. കഥാപാത്രങ്ങളുടെ സ്വഭാവത്തിനും പ്രതികരണങ്ങൾക്കും വളരെയധികം വ്യത്യസ്തത കൊടുക്കുന്നുണ്ട്. സാധാരണ മനുഷ്യന്റെ പെരുമാറ്റത്തിൽനിന്നു വ്യത്യസ്തമായി ഒരാൾ ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ കഥയുടെ പശ്ചാത്തലത്തിനു മാത്രമല്ല അന്തരീക്ഷത്തിനുപോലും മാറ്റം സംഭവിക്കുന്നുണ്ട്. ചില കഥകളിൽ പറമ്പിൽ നില്ക്കുന്ന തെങ്ങുപോലും ഭീതിയുണർത്തുന്ന കഥാപാത്രമായി മാറുന്നു.

സേതുവിന്റെ കഥകളിലെ പ്രധാനകഥാപാത്രം മരണമാണെന്നു വേണമെങ്കിൽ പറയാം. മരണമെന്ന നിത്യസത്യത്തിന്റെ അപ്രതിരോധ്യതയും അജയ്യതയും സേതുവിന്റെ കഥകളിൽ നിറയെ കാണാം. നിങ്ങൾക്കുവേണ്ടി ഒരു മരണം, കർക്കിടകം എന്നീ കഥകളിലൊക്കെ ജീവിതത്തിനോ സ്വന്തം അസ്തിത്വത്തിനോ ഒരിക്കലും ഒരർഥവും കാണാൻ കഴിയില്ലെന്നും മരണമാണ് നിത്യസത്യമെന്നും അത് അജയ്യവും അനിഷേധ്യവുമാണെന്നുമൊക്കെ നമുക്കു വായിക്കാം. സേതുവിന്റെ കഥകൾ വായനക്കാരെ അത്രയധികം അസ്വസ്ഥരാക്കുന്നതും ഇതേ കാരണംകൊണ്ടുതന്നെയാണ്.

മനോഹരമായ ഒരു മിത്തിനെ സ്വപ്നസദൃശമായ ഭംഗി നല്കി വികസിപ്പിച്ചെടുക്കുന്ന അപൂർവം എഴുത്തുകാരിലൊരാളാണ് സേതു. വിചിത്രമായ മനുഷ്യബന്ധങ്ങളിലൂടെ കടന്നുപോകുന്ന ഒരു സ്ത്രീയുടെ കഥയാണ് 'പാണ്ഡവപുര'ത്തിൽ സേതു അവതരിപ്പിക്കുന്നത്. ഒരിടത്തും താവളമുറപ്പിക്കാൻ കഴിയാതെപോകുന്ന ഒരു വിചിത്രദേശത്തിന്റെയും സങ്കല്പങ്ങളുടെ അനന്തവിഹായസ്സിലൂടെ അലഞ്ഞുതിരിയുന്ന നിസ്സഹായ മനസ്സുകളുടെയും മിശ്രണമാണ് ഈ നോവൽ.

എറണാകുളം ജില്ലയിലെ ചേന്ദമംഗലം സ്വദേശിയായ സേതു സൗത്ത് ഇന്ത്യൻബാങ്കിന്റെ ചെയർമാനായാണ് ഔദ്യോഗികജീവിതത്തിൽനിന്നു വിരമിച്ചത്. ഹിന്ദു, മുസ്ലീം, ജൂത മതവിഭാഗങ്ങൾ ഇടപഴകി ജീവിക്കുന്ന ഗ്രാമാന്തരീക്ഷത്തിൽനിന്നു മഹാനഗരങ്ങളുടെ വർണക്കാഴ്ചകളുടെ ലോകത്തേക്കു നടന്നു കയറിയ സേതു മലയാളിക്കു പകർന്നു നല്കിയത് വ്യത്യസ്തമായ ഒരു വായനാനുഭവമാണ്. ■

## നവീകരിച്ച ബിഷപ് വയലിൽ ലൈബ്രറി ഉദ്ഘാടനം



*അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് കാമ്പസിലേക്കു മാറ്റി പ്രവർത്തനം ആരംഭിച്ച ബിഷപ് വയലിൽ ലൈബ്രറിയുടെ ഉദ്ഘാടനം മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു. നഗരസഭാ ചെയർമാൻ ആന്റോ ജോസ് പടിഞ്ഞാറേക്കര, ലൈബ്രറി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ എട്ടുപറയിൽ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ലൈബ്രേറിയൻ ഫാ. ജോസഫ് വാഴയ്ക്കാപ്പാറ, ഡോ. കുര്യാസ് കുമ്പളക്കുഴി, മോൺ. ജോസഫ് തടത്തിൽ, ഫാ. ജോർജ് ഞാറക്കുന്നേൽ, ജിമ്മി ജോസഫ് താഴത്തേൽ തുടങ്ങിയവർ സമീപം.*

പാലാ: പാലാ രൂപതയുടെ നേതൃത്വത്തിൽ പാലാ സെന്റ് തോമസ് പ്രസ് ബിൽഡിങ്ങിൽ പ്രവർത്തിച്ചിരുന്ന ബിഷപ് വയലിൽ ലൈബ്രറി അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് കാമ്പസിലേക്കു മാറ്റി പ്രവർത്തനം ആരംഭിച്ചു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നവംബർ മൂന്നിന് നവീകരിച്ച ലൈബ്രറിയുടെ ഉദ്ഘാടനം നിർവഹിച്ചു.

രണ്ടു നിലകളിലായി സജ്ജീകരിച്ചിരിക്കുന്ന ലൈബ്രറിയിൽ പൊതുവിജ്ഞാനം, ഫിലോസഫി, സൈക്കോളജി, ചരിത്രം, സാഹിത്യം, ദൈവശാസ്ത്രം തുടങ്ങിയ മേഖലകളിലായി നിരവധി പുസ്തകങ്ങൾ ലഭ്യമാണ്. പുസ്തകങ്ങൾ സേർച്ച് ചെയ്യാൻ www.vayalillibrary.org എന്ന വെബ്സൈറ്റിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

നഗരസഭാ ചെയർമാൻ ആന്റോ ജോസ് പടിഞ്ഞാറേക്കര ലൈബ്രറിയുടെ വെബ്സൈറ്റ് ലോഞ്ചിങ് നടത്തി. രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ ആദ്യ മെമ്പർഷിപ്പ് വാർഡ് കൗൺസിലർ ജിമ്മി ജോസഫ് താഴത്തേലിനു നൽകി ഉദ്ഘാടനം ചെയ്തു. എഴുത്തുകാരനും പണ്ഡിതനുമായ ഡോ. കുര്യാസ് കുമ്പളക്കുഴി മുഖ്യപ്രഭാഷണം നടത്തി.

പാലാ രൂപതയുടെ പ്രഥമ മെത്രാനും വിദ്യാഭ്യാസപ്രവർത്തകനുമായ മാർ സെബാസ്റ്റ്യൻ വയലിൽപ്പിതാവിന്റെ ഓർമ നിലനിർത്തുന്നതിനുവേണ്ടി രൂപതാഭിമുഖ്യത്തിൽ പാലായിൽ ആരംഭിച്ചതാണ് ബിഷപ് വയലിൽ ലൈബ്രറി. 1985 ഓഗസ്റ്റ് 15 ന് പാലാ രൂപതയുടെ ദ്വിതീയാധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ ലൈബ്രറിയുടെ ഉദ്ഘാടനം നിർവഹിച്ചു.

# ആന്തരിക പന്തക്കുസ്താ

*കർദിനാൾ റോബർട്ട് സറാ രചിച്ച Catechism of the Spiritual life എന്ന ഗ്രന്ഥത്തെക്കുറിച്ച് ഒരു പഠനം.*

(3)



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

### സഭയിൽ പരിശുദ്ധ റൂഹായുടെ സ്ഥാനം

പരിശുദ്ധ റൂഹാ സഭാജീവിതത്തിന്റെ ഹൃദയമാണ്. പഴയനിയമത്തിൽ പ്രവാചകരോടു റൂഹാ സംസാരിച്ചിരുന്നു. ആ ചൈതന്യം സ്വീകരിച്ച് അവർ പ്രവചിച്ചിരുന്നു (സംഖ്യ 11:25).

പുതിയ നിയമത്തിൽ, പുത്രനായ ദൈവം മനുഷ്യനായിക്കൊണ്ട് ദൃശ്യനായി. അവൻ നമ്മോടൊത്തു വസിക്കുകയും നമ്മോടു സംസാരിക്കുകയും നാം അവനെ കാണുകയും സ്പർശിക്കുകയും ചെയ്തു. പരിശുദ്ധ റൂഹായാകട്ടെ, ആ പേരു സൂചിപ്പിക്കുന്നതുപോലെ കാറ്റായും അഗ്നിജ്വാലയായും പ്രാവിന്റെ രൂപത്തിലുമെല്ലാമാണു പ്രത്യക്ഷമാകുന്നത്. അദൃശ്യനും അരൂപിയുമായ ഈ ദൈവത്തെ അറിയപ്പെടാത്ത ദൈവമെന്നുവരെ പറഞ്ഞിരുന്നു. ഇപ്രകാരം എഴുതിത്തുടങ്ങുന്ന ഈ അധ്യായത്തിൽ കർദിനാൾ സറാ പാശ്ചാത്യ-പൗരസ്ത്യ സഭകളിലെ റൂഹാവിജ്ഞാനീയത്തിന്റെ പ്രത്യേകതകളും പരാമർശിക്കുന്നുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസോടുകൂടി പാശ്ചാത്യസഭയിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ സഭാവിജ്ഞാനീയത്തിന്റെ ഭാഗമായി കാണുകയും കരിസ്മാറ്റിക് നവീകരണപ്രസ്ഥാനങ്ങൾ ഉടലെടുക്കുകയും ചെയ്തു.

### സഭയുടെ ആത്മാവ്

സഭയിൽ എല്ലാ വരങ്ങളും ചൊരിയുന്നത് പരിശുദ്ധാത്മാവാണ്. അവളെ വിശുദ്ധീകരിക്കുന്നത് പരിശുദ്ധാത്മാവാണ്. സഭയുടെ ആത്മാവും ഹൃദയവും പരിശുദ്ധാത്മാവായ ദൈവമാണ്. പരിശുദ്ധ റൂഹായെക്കൂടാതെ പരിശുദ്ധത്രിത്വവുമായി നമുക്കു ബന്ധമില്ല. ഈശോ അരുൾചെയ്തു: "എങ്കിലും, സത്യം ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ പോകുന്നതാണ് നിങ്ങൾക്കു നല്ലത്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ (പാറക്ലേത്താ) നിങ്ങളുടെയടുക്കലേക്കു വരുകയില്ല." (യോഹ. 16:7).

### റൂഹാക്ഷണം

കാർഡിനൽ സറാ തുടർന്നെഴുതുന്നത് വിശുദ്ധകുർബാനയിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തെയും പ്രവർത്തനത്തെയുംകുറിച്ചാണ്. അദ്ദേഹം എഴുതുന്നു: "വിശുദ്ധ കുർബാനയുടെ കേന്ദ്രഭാഗത്ത് പരിശുദ്ധ റൂഹായെ എല്ലാ ആരാധനക്രമത്തിലും വിളിച്ചപേക്ഷിക്കുന്നുണ്ട്. ദൈവജനത്തെയും മറ്റെല്ലാ കാര്യങ്ങളെയും വിശുദ്ധീകരിക്കണമെന്നും അവിടുന്ന് എഴുന്നള്ളിവന്ന് അപ്പവും വീഞ്ഞും മിശിഹായുടെ തിരുശ്ശരീരവും തിരുരക്തവുമായി മാറ്റണമെന്നും കാർമികൻ പ്രാർഥിക്കുന്നു. ഈ പ്രാർഥനയെയാണ് റൂഹാക്ഷണം (എപ്പിക്ലേസിസ്) എന്നു വിളിക്കുന്നത്.

ഇതുപോലെതന്നെ, മറ്റെല്ലാ കൂദാശകളുടെയും ആഘോഷത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഏറെ പ്രാധാന്യമുള്ളതാണ്. മാമ്മോദീസാജലം ഫലദായകമാക്കുന്നത് പരിശുദ്ധ റൂഹായാണ്. മാമ്മോദീസായിലൂടെ വിശ്വാസി ദൈവപുത്രനും ഈശോമിശിഹായുടെ സഹോദരനുമായി മാറുന്നു. കൈവയ്പും മൂറോൻകൊണ്ടുള്ള അഭിഷേകവുംവഴി ഓരോ ക്രൈസ്തവനും ദൈവികശക്തി ആവാഹിച്ച് എല്ലായിടത്തും മിശിഹായുടെ ദിവ്യപരിമളം പരത്തുന്നവനായിത്തീരുന്നു. രോഗികളെ സുഖപ്പെടുത്താൻ പരിശുദ്ധാത്മാവിനെയാണു വിളിച്ചപേക്ഷിക്കുന്നത്. പരിശുദ്ധാത്മാവുതന്നെയാണ് വധൂവരന്മാരെ വിവാഹമെന്ന കൂദാശയിലൂടെ വിശുദ്ധീകരിക്കുന്നതും സ്നേഹത്തിലും വിശ്വസ്തതയിലും അവരെ വളർത്തുന്നതും. മെത്രാന്മാരെയും വൈദികരെയും പവിത്രീകരിച്ച് മിശിഹായുടെ പൗരോഹിത്യത്തിൽ ഭാഗഭാക്കാക്കുന്നത് പരിശുദ്ധറൂഹായാണ്.

### അനുരഞ്ജനകൂദാശ

ഈ കൂദാശയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് എടുത്തുപറയാൻ ആഗ്രഹിക്കുന്നുവെന്ന് ഗ്രന്ഥകാരൻ തുടർന്നെഴുതുന്നു. ഒരാൾ വൈദികനെ സമീപിച്ചു പാപമോചനം തേടുമ്പോൾ പിതാവായ ദൈവം തന്നെ തന്റെ തിരുസുതന്റെ പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും യോഗ്യതകളാൽ അനുതാപിക്കു തന്റെ ദയാധിക്യത്താൽ മാപ്പേകുന്നു. ഇതു സംഭവിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. സൂര്യൻ അന്ധകാരത്തെ അകറ്റുന്നതുപോലെ പരിശുദ്ധാത്മാവ് പാപത്തിന്റെ മൂടുപടലങ്ങൾ നീക്കി മനുഷ്യാത്മാവിനെ ദൈവസ്നേഹത്തിനു സുതാര്യമാക്കുന്നു. അതുവഴി ആനന്ദവും ദൈവം സ്നേഹിക്കുന്നതുപോലെ സ്നേഹിക്കാനുള്ള കഴിവും മനുഷ്യാത്മാവിനു സിദ്ധിക്കുന്നു.

### മിശിഹാരഹസ്യം

പരിശുദ്ധാത്മാവിനാലാണ് മിശിഹാരഹസ്യം നമുക്കു വെളിപ്പെടുത്തപ്പെടുന്നതെന്ന് വി. പൗലോസ്ശ്ലീഹാ വിശദമാക്കുന്നു (എഫേ. 3:8-9). ദൈവത്തെ ആബാ, പിതാവേ, എന്നു വിളിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത് പരിശുദ്ധാത്മാവാണ് (റോമ. 8:15). അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ നയിച്ചിരുന്നത് പരിശുദ്ധാത്മാവാണ്. 'പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു' (നടപടി 15:28) എന്നാണ് നമ്മൾ വായിക്കുന്നത്.



"നാം സ്വീകരിച്ചിരിക്കുന്നത് ലോകത്തിന്റെ ആത്മാവിനെയല്ല, ദൈവം നമുക്കു ദാനങ്ങൾ നല്കിയിരിക്കുന്നുവെന്നു മനസ്സിലാക്കാൻവേണ്ടി ദൈവത്തിന്റെ ആത്മാവിനെയാണ്" (1 കൊറി 2:12).

കർദിനാൾ സറാ 'കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം' സ്ഥൈര്യലേപനം എന്ന കൂദാശയെപ്പറ്റി പറയുന്ന കാര്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നുണ്ട്.

"സ്ഥൈര്യലേപനം മാമ്മോദീസായിലെ കൃപാവരത്തിന്റെ വർധനവിനും ആഴപ്പെടലിനും ഹേതുവാകുന്നു. ആബാ, പിതാവേ, എന്നു വിളിക്കാൻ നമ്മെ യോഗ്യരാക്കുന്ന ദൈവപുത്രസ്വീകരണത്തിൽ, നമ്മെ കൂടുതൽ ആഴത്തിൽ അതു വേരുറപ്പിക്കുന്നു.

അതു നമ്മെ ക്രിസ്തുവിനോടു ഗാഢമായി ഐക്യപ്പെടുത്തുന്നു. അതു നമ്മിൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങളെ വർധിപ്പിക്കുന്നു. അതു സഭയോടുള്ള നമ്മുടെ ബന്ധത്തെ കൂടുതൽ പൂർണമാക്കുന്നു." ക്രിസ്തുവിന്റെ യഥാർഥ സാക്ഷികൾ എന്ന നിലയിൽ വിശ്വാസത്തെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പ്രചരിപ്പിക്കാനും സംരക്ഷിക്കാനും ധീരതയോടെ ക്രിസ്തുവിന്റെ നാമം ഏറ്റുപറയാനും കുരിശിനെപ്പറ്റി ഒരിക്കലും ലജ്ജിക്കാതിരിക്കാനും പരിശുദ്ധാത്മാവിന്റെ സവിശേഷമായ ഒരു ശക്തി അതു നമുക്കു പ്രദാനം ചെയ്യുന്നു" (നമ്പർ 1303).

സ്ഥൈര്യലേപനം എന്ന കൂദാശവഴി പരിശുദ്ധ റൂഹാ മനുഷ്യാത്മാവിൽ വാസമുറപ്പിക്കുന്നതിനാൽ ഇളംപ്രായത്തിൽത്തന്നെ ഈ കൂദാശ നല്കുന്നതിനെ കർദിനാൾ സറാ അനുകൂലിക്കുന്നു.

### പ്രേഷിതപ്രവർത്തനം

പരിശുദ്ധാത്മാവിനെ സ്വീകരിച്ചവർ സുവിശേഷം അറിയക്കാനായി പ്രേരിപ്പിക്കപ്പെടുന്നു. "അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ദൈവവചനം പരസ്യമായി പ്രസംഗിക്കാൻ തുടങ്ങി" (നടപടി 4:31). സ്ഥൈര്യലേപനം സ്വീകരിച്ച എല്ലാവരും അരൂപിയുടെ പ്രേരണയാൽ അവരുടെ അനുദിനജീവിതത്തിൽ സുവിശേഷം അറിയിക്കുന്നവരായി മാറുന്നു. അവർ സുവിശേഷത്തിനു സാക്ഷികളായിത്തീരുന്നു. വിശ്വസ്ത സ്നേഹിതർ എന്ന നിലയിൽ അവരുടെ പ്രേഷിതത്വം ഫലപ്രദമായി ഭവിക്കുന്നു.

ആന്തരികജീവിതത്തിന്റെ സ്രോതസ്സാണ് പരിശുദ്ധാത്മാവ്. ഹൃദയങ്ങളുടെ ആഴത്തിൽ ദൈവത്തെ കണ്ടെത്തുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. 'ഞാൻ എന്നെ അറിയുന്നതിലും ആഴത്തിൽ ദൈവം എന്നെ അറിയുന്നു' എന്ന വിശുദ്ധ ആഗസ്തീനോസിന്റെ ഉൾക്കാഴ്ചയും ഗ്രന്ഥകാരൻ പങ്കുവയ്ക്കുന്നുണ്ട്. പ്രാർഥനയും പരിശുദ്ധാത്മാവിന്റെ ദാനമാണ്. ആത്മാവ് എവിടെയോ അവിടെ സഭയുമുണ്ട് എന്ന് വി. ഇരണേവൂസ് പറയുന്നുണ്ട്. മിശിഹായുമായുള്ള നമ്മുടെ സംസർഗമാണ് പരിശുദ്ധ റൂഹാ എന്ന നിർവചനവും വിശുദ്ധ ഇരണേവൂസിന്റേതാണ്.

നിശ്ശബ്ദപ്രാർഥനയും ധ്യാനവും ആന്തരികജീവിതത്തെ പരിപുഷ്ടമാക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു: "സ്ഥൈര്യലേപനകൂദാശവഴി തിരുസ്സഭയോടു കൂടുതൽ പൂർണമായ വിധം ബന്ധിക്കപ്പെടുന്നു. പരിശുദ്ധാത്മാവിന്റെ പ്രത്യേക ശക്തിയാൽ സമ്പന്നരാക്കപ്പെടുന്നു. അങ്ങനെ മിശിഹായുടെ യഥാർഥസാക്ഷികളെന്ന നിലയിൽ, വിശ്വാസം വാക്കുകളാലും പ്രവൃത്തിയാലും പ്രചരിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും അവർ കൂടുതൽ കർശനമായി കടപ്പെട്ടവരാകുന്നു" (ജനതകളുടെ പ്രകാശം, നമ്പർ11).

ഈ അധ്യായത്തിനു സമാപനമായി ഒരു പ്രാർഥനയാണ് കർദിനാൾ സറാ നല്കുന്നത്. 'ഇൻസിനു ജേസു' എന്ന ഗ്രന്ഥത്തിലെ പ്രാർഥനയ്ക്കു ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

### പ്രാർഥന

ഓ! പരിശുദ്ധാത്മാവേ, എന്റെ ആത്മാവിന്റെ ആത്മാവേ, ഞാനങ്ങയെ ആരാധിക്കുന്നു. എന്നെ പ്രകാശിപ്പിച്ചാലും, വഴി നടത്തിയാലും ബലപ്പെടുത്തിയാലും സാന്ത്വനിപ്പിച്ചാലും! എന്റെ ആത്മാവിനെ സത്യത്തിൽ സ്ഥിരപ്പെടുത്തണമേ. പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനേ, ഈ ദിവസത്തെ ഞാനങ്ങേക്കു സമർപ്പിക്കുന്നു. അവിടുത്തെ പ്രചോദനങ്ങൾ ശ്രദ്ധിച്ച്, അവിടുത്തെ സ്വരം ശ്രവിച്ച് ഇന്ന് അവിടുത്തെ സന്നിധിയിൽ ജീവിക്കാൻ ഞാനാഗ്രഹിക്കുന്നു.

ഓ! പരിശുദ്ധാത്മാവേ, മറിയത്തിലൂടെ എന്റെ ജീവിതത്തിലേക്കു വന്നാലും. എന്നെ പുതുതാക്കുകയും ജീവിപ്പിക്കുകയും പവിത്രീകരിക്കുകയും ചെയ്യണമേ, ആമ്മേൻ.

*(ഇൻസിനു ജേസു, ഒരു ബെനഡിക്ടൈൻ സന്യാസി (മലയാള പരിഭാഷ ഫാ. അലക്സാണ്ടർ പൈകടയും ടി. ദേവപ്രസാദും പേജ് 52, 53)*




***കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. ദൂരെയുള്ള സ്കൂളിൽ ജോലി കിട്ടിയ അവൾ അച്ഛനോടൊപ്പം ട്രെയിനിൽ പോകുന്നതിനിടെ, ഒരു സ്റ്റേഷനിൽ വെള്ളം വാങ്ങിക്കാനിറങ്ങിയ അച്ഛൻ പ്ലാറ്റ്ഫോമിൽ തല കറങ്ങി വീണ് ആശുപത്രിയിലായി. ട്രെയിനിലുണ്ടായിരുന്ന അഭിഷേക് എന്ന യുവാവ് അവളെ സ്കൂളിലെത്തിച്ചു. സ്കൂൾ മാനേജരെ കാണാൻ ഇന്ദു അദ്ദേഹത്തിന്റെ ബംഗ്ലാവിലെത്തിയപ്പോഴാണ് അറിഞ്ഞത് തന്നെ സ്കൂളിൽ കൊണ്ടാക്കിയ അഭിഷേക് മാനേജരുടെ മകനാണെന്ന്. മാനേജർ വീട്ടിലുണ്ടായിരുന്നില്ല. അഭിഷേക് ഹൃദ്യമായി അവളെ ക്ഷണിച്ചിരുത്തി വിശേഷങ്ങൾ ചോദിച്ച്, ചായകൊടുത്ത്, താമസസൗകര്യമൊക്കെ ഏർപ്പാടാക്കി തിരിച്ചയച്ചു. അടുത്തദിവസം വീണ്ടും മാനേജരെ കാണാൻ ഇന്ദു വന്നു.***

*(തുടർന്നു വായിക്കുക)*

**ഡോ**ർബെല്ലിൽ വിരലമർത്തി കാത്തുനിന്നപ്പോൾ വാതിൽ തുറന്നത് മാനേജർ ആനന്ദൻസാർ. ഇന്ദു ഭവ്യതയോടെ വണങ്ങിയപ്പോൾ അയാൾ അവളെ അകത്തേക്കു ക്ഷണിച്ചു.

"ഇരിക്ക്." സെറ്റിയിലേക്കു കൈചൂണ്ടിയിട്ട് അയാൾ ഫാൻ ഓൺ ചെയ്തു.

ഇന്ദു ഇരുന്നിട്ട് അയാളെ നോക്കി. നല്ല തടിയും ഉയരവുമുള്ള ഒരാജാനുബാഹു. വെള്ളമുണ്ടും സിൽക്കു ജുബ്ബയുമാണ് വേഷം. കഴുത്തിൽ വലിയൊരു സ്വർണച്ചെയിനുണ്ട്. ആനന്ദൻ ഇന്ദുവിനെ അടിമുടിയൊന്നു നോക്കി.

"ഇന്നലെ ജോയിൻ ചെയ്തു അല്ലേ?"

"ഉം."

"താമസം."

"സ്നേഹലതറ്റീച്ചറിന്റെ കൂടെയാ."

"അതു നന്നായി." ഒന്നു നിറുത്തിയിട്ട് ആനന്ദൻ തുടർന്നു: "ആത്മാർഥമായിട്ടു വർക്കു ചെയ്യണം കേട്ടോ. ഈയൊരു പോസ്റ്റിനു വേണ്ടീട്ട് ഒരുപാട് പേരു പുറകേ നടന്നതാ. തന്റെ വീട്ടിലെ ബുദ്ധിമുട്ട് മനസ്സിലാക്കീതുകൊണ്ടാ തന്നെ നിയമിച്ചത്. ആ നന്ദീം സ്നേഹോം കാണിക്കണം."

"തീർച്ചയായും."

"വീട്ടിലാരൊക്കെയുണ്ട്?"

"അച്ഛനും അമ്മയും നാല് അനിയത്തിമാരും."

"അപ്പം കുടുംബം നോക്കേണ്ട ചുമതല ഇന്ദുവിനാ."

"ഉം."

അയാൾ പിന്നെയും ഒരുപാട് കാര്യങ്ങൾ ചോദിച്ചു. സംസാരം വഴിതെറ്റുന്നു എന്നു കണ്ടപ്പോൾ ഇന്ദുവിനു ദേഷ്യം തോന്നി. പോകാൻ അനുവാദം തരാതെ ഓരോന്നു പുലമ്പിക്കൊണ്ടിരിക്കുകയാണ് ഈ മനുഷ്യൻ. വിടാനുള്ള ഭാവമില്ലെന്നു കണ്ടപ്പോൾ ഇന്ദു പറഞ്ഞു:

"അടുത്ത പീരിയഡ് ക്ലാസുണ്ട് സാർ."

"അതിനെന്താ? ക്ലാസിൽ പോയില്ലെങ്കിൽ ഹെഡ്മിസ്ട്രസ് ഇയാളെ പിരിച്ചുവിടോ? താൻ ജോലി ചെയ്യുന്ന സ്കൂളിന്റെ ഉടമയാ ഞാൻ. എന്റെ വീട്ടിൽ വന്നിട്ട് താമസിച്ചൂന്നു പറഞ്ഞ് തന്നെ ആരും ഒന്നും ചെയ്യില്ല."

അയാൾ വിടാനുള്ള ഭാവമില്ല. അഭിഷേകിനെയും അമ്മയെയും ഒഴിവാക്കിയിട്ടാണ് അയാൾ തന്നെ വിളിപ്പിച്ചതെന്നു മനസ്സിലായി. സഭ്യമല്ലാത്ത രീതിയിൽ ആനന്ദൻ ഓരോന്നു ചോദിച്ചും പറഞ്ഞുമിരിക്കയാണ്. നോട്ടവും വഴി തെറ്റുന്നു. ഇടയ്ക്ക് അയാൾ എണീറ്റ് അകത്തേക്കു പോയി. ഇന്ദു വിയർക്കുകയായിരുന്നു.

ആനന്ദൻ തിരിച്ചുവന്നത് കൈയിൽ ഒരു കപ്പു ചായയുമായാണ്.

"ആദ്യായിട്ടു വന്നതല്ലേ. ഒരു കപ്പ് ചായ കഴിക്കാം." കപ്പ് അവളുടെ നേർക്കു നീട്ടി.

ഇന്ദു ഒരു നിമിഷം സംശയിച്ചു. സിനിമയിലും മറ്റും കണ്ടിട്ടുണ്ട് ചായയിൽ മയക്കുമരുന്നു നൽകി ബോധം കെടുത്തിയിട്ട് വിലപ്പെട്ടതെല്ലാം കവരുന്നത്. അതുപോലെ വല്ലതും...?"

"വേണ്ട സാർ. ഞാൻ ചായ കഴിക്കില്ല." ഇന്ദു നിരസിച്ചപ്പോൾ



ആനന്ദൻ നിർബന്ധിച്ചു. "കഴിച്ചോളൂ. എന്നെ ഒരു മാനേജരായിട്ടു കാണണ്ട, സുഹൃത്തായിട്ടു കണ്ടാൽ മതി."

അതു കേട്ടപ്പോൾ സംശയം വർദ്ധിച്ചു.

"വേണ്ട സാർ, ഞാൻ കഴിക്കില്ല."

അടുത്ത ക്ഷണം ആനന്ദന്റെ മുഖം കറുക്കുന്നതും കണ്ണുകൾ ജ്വലിക്കുന്നതും അവൾ കണ്ടു.

"ഇറങ്ങെടോ എന്റെ വീട്ടീന്ന്."

അപ്രതീക്ഷിതമായിരുന്നു ആ പൊട്ടിത്തെറി. ഇന്ദു ഭയന്നു വിറച്ചു.

"കഴിച്ചോളാം സാർ." ഇന്ദു കൈനീട്ടി.

"വേണ്ട. ഇതിനകത്തു വിഷമാ. ഇയാള് പൊയ്ക്കോ."

ഇന്ദു വിറയ്ക്കുകയായിരുന്നു.

"ജോലി കിട്ടുന്നതുവരെ എല്ലാവർക്കും വല്യ സ്നേഹമാ. കിട്ടിക്കഴിഞ്ഞാൽ പിന്നെ അഹങ്കാരമായി."

ആനന്ദൻ ചൂടിലായിരുന്നു. ഇന്ദു ക്ഷമ ചോദിച്ചെങ്കിലും രോഷം അടക്കാനായില്ല. വായിൽ വന്നതൊക്കെ വിളിച്ചു പറഞ്ഞിട്ട് അയാൾ അവളെ ഗെറ്റൗട്ടടിച്ച് വാതിൽ ബന്ധിച്ചു.

കരഞ്ഞുകൊണ്ടാണ് ഇന്ദു സ്കൂളിലേക്കു മടങ്ങിയത്. ദുഷ്ടൻ. തന്റെ അച്ഛന്റെ പ്രായമുള്ള ആ മനുഷ്യൻ ഇങ്ങനെയൊക്കെ സംസാരിക്കുമെന്നു പ്രതീക്ഷിച്ചതേയില്ല. അയാളുടെ ആഗ്രഹത്തിന് അനുകൂലമായി ഒരു വാക്കോ പ്രവൃത്തിയോ തന്നിൽനിന്നുണ്ടാകാത്തതാണ് അയാളെ ദേഷ്യം പിടിപ്പിച്ചെന്നതിൽ സംശയമില്ല.

സ്കൂളിലെത്തിയപ്പോൾ സഹപ്രവർത്തകർ ചോദിച്ചു. മാനേജർ എന്തു പറഞ്ഞെന്ന്. ഒന്നും പറഞ്ഞില്ലെന്നു പറഞ്ഞപ്പോൾ സ്നേഹലത രാജിയോട് എന്തോ അടക്കം പറഞ്ഞു ചിരിച്ചു. അതു കാണാത്തമട്ടിൽ ഇന്ദു പുസ്തകം തുറന്നു വായനയായി.

ലാസ്റ്റ് പീരിയഡ് ഇന്ദുവും അശ്വതിയും മാത്രം സ്റ്റാഫ്റൂമിലുള്ളപ്പോൾ അവൾ അശ്വതിയോട് എല്ലാം തുറന്നു പറഞ്ഞു.

"ചായ കുടിക്കാതിരുന്നതല്ല അയാളുടെ പ്രശ്നം. അയാളുടെ ആഗ്രഹത്തിന് ഇന്ദു വഴങ്ങില്ല എന്നു തോന്നിയപ്പോൾ ദേഷ്യം വന്നു. അത്രേയുള്ളൂ."

"തീയിൽ നിൽക്കുന്നതുപോലെയാ ടീച്ചർ ഞാനവിടെ നിന്നത്. അയാളുടെ ഈ സ്വഭാവം ഭാര്യയ്ക്കും മക്കൾക്കും അറിഞ്ഞൂടേ?"

"നാട്ടുകാർക്കു മൊത്തം അറിയാവുമ്പം അവർക്കറിയാണ്ടിരിക്ക്വോ? അവർക്കെന്തു ചെയ്യാൻ പറ്റും?"

അന്നു രാത്രിയിൽ ഉറക്കം വന്നില്ല ഇന്ദുവിന്. ഭീകരമുഖമായിരുന്നു മനസ് നിറയെ.

പിറ്റേന്നു സ്കൂളിലെത്തിയപ്പോൾ ഹെഡ്മിസ്ട്രസ് ചോദിച്ചു:

"മാനേജരോടു ധിക്കാരം കാണിച്ചിട്ടാ ഇന്നലെ പോന്നത് അല്ലേ? ഒരു ഈഴവന്റെ വീട്ടീന്ന് ചായ കഴിക്കുന്നത് നമ്പൂരിപ്പെണ്ണിന് അയിത്തമായിരിക്കും."

"അയ്യോ അതുകൊണ്ടല്ല."

"മോശമായിപ്പോയി. അദ്ദേഹം ഈ സ്കൂളിന്റെ മാനേജരാന്ന് ഓർക്കണമായിരുന്നു." ഹെഡ്മിസ്ട്രസ് കുറെ ശകാരിച്ചു.

തിരിഞ്ഞുനടക്കുമ്പോൾ മനസ്സ് വിങ്ങിക്കഴച്ചു. ജോലി കിട്ടിയ സന്തോഷം ഒരു നിമിഷം കൊണ്ടു പോയല്ലോ.

ഊണു കഴിഞ്ഞ് സ്റ്റാഫ്റൂമിലിരിക്കുമ്പോൾ ഇന്ദുവിന് ഒരു ഫോൺ കോൾ. വീട്ടിൽനിന്നാണ്. അച്ഛന് അസുഖം കൂടിയത്രേ. ഉടനെ ചെല്ലണമെന്ന്. ഹെഡ്മിസ്ട്രസിനോടു ചെന്നു വിവരം പറഞ്ഞു.

"മാനേജരോട് ചോദിച്ചിട്ട് പൊയ്ക്കോ. ലീവ് അവിടെ കൊടുത്താൽ മതി. ഇന്ദുവിന്റെ എന്തു കേസും ഇനി അദ്ദേഹം അറിഞ്ഞിട്ടേ ചെയ്യാവൂന്നു പറഞ്ഞിട്ടുണ്ട്."

ഇന്ദു വല്ലാത്ത അവസ്ഥയിലായി. മാനേജരെ ഫോണിൽ വിളിക്കണോ? എന്തായാലും വിളിക്കാം. തന്റെ ആവശ്യമല്ലേ. അവൾ മാനേജരുടെ വീട്ടിലെ നമ്പർ ഡയൽ ചെയ്തു. അങ്ങേത്തലയ്ക്കൽ ഫോണെടുത്തത് അഭിഷേകായിരുന്നു. ഇന്ദു പരിചയപ്പെടുത്തി.

"എന്താ ടീച്ചർ?"

അവൾ കാര്യം പറഞ്ഞു.

"അച്ഛനിവിടെ ഇല്ല. ടീച്ചറിന് എത്ര ദിവസത്തെ ലീവ് വേണം?"

"മൂന്ന്."

"ടീച്ചർ ഫോൺ എച്ചെമ്മിനു കൊടുക്ക്."

ഇന്ദു ഫോൺ എച്ചെമ്മിനു കൈമാറി. സുജാത ഇടയ്ക്കിടെ മൂളുകയും ശരി ശരി എന്നു പറയുകയും ചെയ്യുന്നത് ഇന്ദു കേട്ടു. കോൾ കട്ട് ചെയ്തിട്ട് ഹെഡ്മിസ്ട്രസ് പറഞ്ഞു:

"അഭിഷേക് ഫോണെടുത്തത് ടീച്ചറിന്റെ ഭാഗ്യം."

ബാഗു തുറന്ന് കുറച്ചു രൂപ എടുത്ത് ഇന്ദുവിന്റെ നേരേ നീട്ടിക്കൊണ്ട് ഹെഡ്മിസ്ട്രസ് തുടർന്നു:

"ലീവ് എഴുതിത്തന്നിട്ടു പൊയ്ക്കോ."

പണം വാങ്ങാതെ എന്തിനെന്ന ഭാവത്തിൽ നോക്കിയപ്പോൾ സുജാത പറഞ്ഞു: "അഭിഷേക് പറഞ്ഞിട്ടാ. വാങ്ങിച്ചോ. നിങ്ങൾ ഫ്രണ്ട്സ് അല്ലേ."

ആ സംസാരത്തിലെ ദുസ്സൂചന പിടികിട്ടിയെങ്കിലും ഒന്നും പറഞ്ഞില്ല. പണം വാങ്ങി ലീവെഴുതിക്കൊടുത്ത് ഉടനെ വീട്ടിലേക്കു യാത്രയായി.

വീട്ടിലെത്തിയപ്പോൾ നേരം ഇരുട്ടിയിരുന്നു. അമ്മയും അനിയത്തിമാരും ഓടിവന്ന് കുശലം പറഞ്ഞു. വിശേഷങ്ങൾ തിരക്കി. ജോലിയെപ്പറ്റി ചോദിച്ചു. "അച്ഛനെങ്ങനെയുണ്ട്?" ഇന്ദു ആരാഞ്ഞു.

"ഇന്നു രാവിലെ ഒരു വശം തളർന്നുപോയി മോളെ. ഫോണിൽ വിളിച്ചപ്പം നിന്നോട് അതു പറഞ്ഞില്ലെന്നേയുള്ളൂ."

ഇന്ദു തളർന്നു കട്ടിലിൽ ഇരുന്നു.

"നമ്മുടെ കഷ്ടകാലം ഒരിക്കലും തീരില്ലേ അമ്മേ?" ആർദ്ര സ്വരത്തിൽ അമ്മയെ നോക്കി അവൾ ചോദിച്ചു. അമ്മയും കരഞ്ഞുപോയി. ആ രാത്രി ഒട്ടും ഉറങ്ങാൻ കഴിഞ്ഞില്ല ഇന്ദുവിന്.

പിറ്റേന്ന് ശ്രീക്കുട്ടിയോടൊപ്പം ആശുപത്രിയിൽ പോയി അച്ഛനെ കണ്ടു. മകളുടെ കരം പുണർന്ന് നാരായണൻ നമ്പൂതിരി കരഞ്ഞു.

"ഞാൻ പോയാൽ നമ്മുടെ വീട് മോള് നോക്കണം. മക്കൾക്കു വേണ്ടി ഒന്നും സമ്പാദിച്ചു വയ്ക്കാൻ ഈ അച്ഛനു കഴിഞ്ഞിട്ടില്യ. അച്ഛനെ ശപിക്കരുത് ട്ടോ?"

"അച്ഛനെന്തൊക്കെയാ ഈ പറയണേ? അച്ഛനൊന്നും സംഭവിക്കില്യാ. പഴേപോലെ ഏറ്റുനടന്ന് എല്ലാം ചെയ്യാൻ പറ്റും അച്ഛന്."

ഇന്ദു ആത്മവിശ്വാസം പകർന്നു.

രണ്ടുദിവസം അവൾ ആശുപത്രിയിൽ അച്ഛനോടൊപ്പം ചെലവഴിച്ചു. ലീവ് കഴിഞ്ഞു മടങ്ങുമ്പോൾ അവളുടെ നെഞ്ചകം വിങ്ങുകയായിരുന്നു. സ്കൂളിൽ തന്നെപ്പറ്റി എന്തൊക്കെ കഥകൾ മെനഞ്ഞിട്ടുണ്ടാവും ടീച്ചർമാർ ഇപ്പോൾ?

അഭിഷേക് പറഞ്ഞിട്ട് ഹെഡ്മിസ്ട്രസ് പണം തന്നതൊക്കെ എല്ലാവരും അറിഞ്ഞിട്ടുണ്ടാവില്ലേ? അസൂയക്കാരാണ് അധികവും.

ചെന്നു കയറിയതേ ഹെഡ്മിസ്ട്രസ് പറഞ്ഞു:

"മാനേജര് ചൂടിലാ. ലീവ് അനുവദിച്ചേന് എന്നെ കുറെ വഴക്കു പറഞ്ഞു. വന്നാലുടനെ സാറിനെ ചെന്നു കാണണമെന്നു പറഞ്ഞിട്ടുണ്ട്."

ഭഗവാനേ! ഇന്ദു നെഞ്ചത്തു കൈവച്ചു. ഇനി ആ മനുഷ്യന്റെ തെറി കേൾക്കണമല്ലോ. എന്തു പറയാനായിരിക്കും ചെന്നു കാണാൻ പറഞ്ഞത്? പിരിച്ചുവിടാനായിരിക്കുമോ? ഹേയ്, അത്രയ്ക്കും കണ്ണിൽ ചോരയില്ലാത്ത മനുഷ്യനായിരിക്കുമോ അയാൾ? ഒന്നുമല്ലെങ്കിലും മകനോട് അനുവാദം വാങ്ങിച്ചിട്ടല്ലേ പോയത്.

തളർന്ന കാലുകൾ നീട്ടി അവൾ മാനേജരുടെ ബംഗ്ലാവിലേക്കു നടന്നു.

*(തുടരും)*

# വരുമോ 'സമത്വ' സുന്ദരഭാരതം?

(ഒന്നാം പേജ് തുടർച്ച)

രണ്ടാമതായി, രാജ്യത്തു സംവരണത്തിന്റെ ആകെ ശതമാനം 50 ൽ കൂടാൻ പാടില്ലെന്ന നിലപാടും അന്ന് സുപ്രീംകോടതി സ്വീകരിച്ചിരുന്നു. ചരിത്രപ്രസിദ്ധമായ കേശവാനന്ദ ഭാരതി കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികസംവരണം ഭരണഘടനയുടെ അടിസ്ഥാനതത്ത്വങ്ങൾക്ക് എതിരാണെന്ന നിലപാടായിരുന്നു അന്ന് സുപ്രീംകോടതി സ്വീകരിച്ചത്.

2019 ജനുവരിയിൽ പാർലമെന്റ് ഭരണഘടനയുടെ 103-ാം ഭേദഗതി പാസാക്കിയപ്പോൾ സ്വാഭാവികമായും സംവരണത്തെ എതിർത്തവർ സുപ്രീംകോടതിയെ സമീപിക്കുകയുണ്ടായി. 1992 ലെ സുപ്രീംകോടതിവിധി ചൂണ്ടിക്കാണിച്ചുകൊണ്ടാണ് സംവരണവിരുദ്ധസംഘടനയായ യൂത്ത് ഫോർ ഇക്വാളിറ്റി, എൻജിഒ ആയ ജൻഹിത് അഭിയാൻ തുടങ്ങിയ നാല്പതോളം സംഘടനകൾ 103-ാം ഭേദഗതിയെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീംകോടതിയെ സമീപിച്ചത്. ഹർജി നൽകിയവരുടെ വാദങ്ങളിൽ പ്രഥമദൃഷ്ട്യാ സാധുതയുണ്ട് എന്നുകണ്ടാണ് അന്ന് ഭരണഘടനാ ബഞ്ച് അഞ്ച് അംഗങ്ങൾ അടങ്ങിയ വിശാല ഭരണഘടനാബഞ്ചിനു കേസ് റഫർ ചെയ്തത്. അതിനുശേഷം വളരെ ശക്തമായ വാദപ്രതിവാദങ്ങളാണ് സാമ്പത്തികസംവരണത്തിന് അനുകൂലമായും എതിരായും ഉണ്ടായത്. തുടർച്ചയായി ഏഴു ദിവസങ്ങളിൽ വാദം കേട്ടാണ് സുപ്രീംകോടതി ഇപ്പോൾ നൽകിയിരിക്കുന്ന വിധിയിലേക്ക് എത്തിയിരിക്കുന്നത്. സാമ്പത്തികസംവരണത്തെ എതിർക്കുന്നവർ റിവ്യൂ ഹർജിയുമായി വീണ്ടും സുപ്രീംകോടതിയെ സമീപിക്കുമെന്നാണു പറഞ്ഞിരിക്കുന്നത്. ഇത് സാമ്പത്തികസംവരണവുമായി ബന്ധപ്പെട്ട തുടർച്ചർച്ചകളിലേക്കും വിധിന്യായങ്ങളിലേക്കും കടക്കാനുള്ള സാഹചര്യമാണ് ഒരുക്കുന്നത്.

**സംവരണം : അനന്തമായ ചർച്ചകൾ**

ഭരണഘടനാനിർമാണസഭയിലെ ചർച്ചകൾമുതൽ കഴിഞ്ഞ ഏഴു പതിറ്റാണ്ടുകളിൽ ഇന്ത്യയിൽ വളരെ സജീവമായ ഒരു ചർച്ചാവിഷയമാണ് സംവരണവുമായി ബന്ധപ്പെട്ടുള്ളത്. സാമ്പത്തികസംവരണം എന്ന ആവശ്യം ഭരണഘടനയുടെ രൂപവത്കരണകാലംമുതൽതന്നെ സജീവമായി നിലവിലുള്ള ഒന്നാണ്. എന്നാൽ, ഭരണഘടന രൂപവത്കരിക്കപ്പെട്ടപ്പോൾ പട്ടികജാതി പട്ടികവർഗവിഭാഗങ്ങൾക്കു മാത്രമാണ് സംവരണം വ്യവസ്ഥ ചെയ്തിരുന്നത്. ചരിത്രപരമായ അനീതികൾ ഈ വിഭാഗങ്ങളോട് ഉണ്ടായിട്ടുണ്ടെന്നും അതിനു പരിഹാരമെന്നത് സംവരണമാണെന്നും ശക്തമായ വാദം ഉയർന്ന പശ്ചാത്തലത്തിലായിരുന്നു ഈ രണ്ടു വിഭാഗങ്ങൾക്കും സംവരണം വ്യവസ്ഥ ചെയ്തിരുന്നത്. പത്തുവർഷം എന്ന സമയപരിധിയും ഈ സംവരണത്തിനു നിശ്ചയിച്ചിരുന്നു. പക്ഷേ, ഓരോ പത്തുവർഷം കൂടുമ്പോഴും ഈ സംവരണകാലയളവ് മുന്നോട്ടു നീട്ടിക്കൊണ്ടുപോവുകയാണ് ഉണ്ടായത്. ഇതിനെത്തുടർന്നാണ് മറ്റു പിന്നാക്കവിഭാഗങ്ങൾക്കും സംവരണം വേണമെന്ന ആവശ്യം ഉയർന്നുവന്നത്. ഈ ആവശ്യം ശക്തമായതിനെത്തുടർന്ന് ഇന്ദിരാ ഗാന്ധി സർക്കാർ മണ്ഡൽ കമ്മീഷനെ നിയോഗിക്കുകയാണുണ്ടായത്.

നിർദേശങ്ങൾ സമർപ്പിക്കുന്നതിനു കമ്മീഷൻ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി ഏതൊക്കെയാണ് പിന്നാക്കവിഭാഗങ്ങൾ എന്നു കണ്ടെത്തുന്നതിന് ആവശ്യമായിട്ടുള്ള വിവരങ്ങളുടെ അഭാവമായിരുന്നു. അവസാനം ബ്രിട്ടീഷ് ഭരണകാലത്തു നടന്ന ജാതിവിവരശേഖരണത്തെ അടിസ്ഥാനമാക്കി അന്ന് പിന്നാക്കവിഭാഗങ്ങൾ എന്ന് ബ്രിട്ടീഷുകാർ കണ്ടെത്തിയ എല്ലാവർക്കും സംവരണം ശിപാർശ ചെയ്തുകൊണ്ട് റിപ്പോർട്ട് നൽകുകയാണ് മണ്ഡൽ കമ്മീഷൻ ചെയ്തത്. കാലഹരണപ്പെട്ടുപോയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പിന്നാക്കസംവരണം ശിപാർശ ചെയ്ത മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെതിരേ അന്നുതന്നെ പ്രതിഷേധങ്ങൾ ഉയർന്നിരുന്നു. ഈ സാഹചര്യത്തിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിൽനിന്ന് ഇന്ദിരാ ഗാന്ധിസർക്കാർ പിൻവാങ്ങുകയാണു ചെയ്തത്. വീണ്ടും 1980 കളുടെ അവസാനം മന്ദിർ രാഷ്ട്രീയം ശക്തിപ്പെടുത്തിക്കൊണ്ട് ബിജെപിയും സംഘപരിവാറും മുന്നോട്ടുവന്നപ്പോൾ അതിനെ തടയിടാൻ വി.പി. സിംഗ് സർക്കാരാണ് അപ്രതീക്ഷിതമായി മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ തീരുമാനിച്ചത്. ഇതിനെതിരേ വലിയ പ്രതിഷേധമായിരുന്നു രാജ്യമെമ്പാടും ഉണ്ടായത്.

പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിൽ മുന്നാക്കവിഭാഗങ്ങളെക്കൂടി വിശ്വാസത്തിൽ എടുക്കുന്നതിനുവേണ്ടിയാണ് തുടർന്നുവന്ന നരസിംഹറാവുസർക്കാർ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പത്തുശതമാനം സംവരണം നൽകാൻ തീരുമാനിച്ചത്. പിന്നാക്കസംവരണത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജികളുടെ ഭാഗമായി മുന്നാക്കസമുദായങ്ങൾക്കുള്ള സാമ്പത്തികസംവരണവും സുപ്രീംകോടതിയുടെ പരിഗണനയ്ക്കു വരികയും പിന്നാക്കസംവരണത്തിന് ഭരണഘടനാസാധുത നൽകിയ ഇന്ദിരാ സാഹ്നി കേസിൽ സാമ്പത്തികസംവരണം ഭരണഘടനാവിരുദ്ധമാണെന്നുകണ്ട് കോടതി റദ്ദാക്കുകയും ചെയ്തു. വീണ്ടും 2019 ലാണ് സാമ്പത്തികസംവരണത്തിന് അനുകൂലമായ ഭരണഘടനാഭേദഗതി പാർലമെന്റ് പാസാക്കുന്നതും അത് വീണ്ടും കോടതിയുടെ പരിഗണനയ്ക്കു വരികയും ചെയ്യുന്നത്.

**പ്രതീക്ഷ നൽകുന്ന വിധി**

പുരോഗമനപരമായി ചിന്തിക്കുന്ന ഒരു സമൂഹത്തിൽ എല്ലാത്തരം വിഭാഗീയമായ ചിന്തകൾക്കും മുകളിലേക്ക് രാഷ്ട്രം ഉയരേണ്ടിയിരിക്കുന്നു. ജാതീയമായ അസമത്വങ്ങൾക്കു മുകളിലായി യഥാർഥ അസമത്വം സാമ്പത്തികമാണെന്ന യാഥാർഥ്യം ഉൾക്കൊള്ളേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ജാതി അടിസ്ഥാനമായിട്ടുള്ള സംവരണങ്ങൾ വീണ്ടും വീണ്ടും ജാതി എന്ന യാഥാർഥ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ജാതീയമായിട്ടുള്ള വേർതിരിവുകൾ ദൃഢമാക്കുന്നതിനും മാത്രമേ കാരണമാവുകയുള്ളൂ. സാമ്പത്തികസംവരണത്തെ അനുകൂലിക്കുന്നവരെല്ലാം ചൂണ്ടിക്കാണിക്കുന്ന വസ്തുതയും ഇതുതന്നെയാണ്. സാമ്പത്തികസംവരണത്തെ എതിർത്തുകൊണ്ട് ന്യൂനപക്ഷ വിധിവാചകം എഴുതിയ ജസ്റ്റിസ് എസ് രവീന്ദ്രഭട്ടും അതിനെ പിന്തുണച്ച ചീഫ് ജസ്റ്റിസ് യു.യു ലളിതും ചൂണ്ടിക്കാണിച്ചത് ജാതീയമായ സംവരണം ഇനിയും എത്രകാലം നമുക്കു മുൻപോട്ടു പോകാൻ കഴിയുമെന്നും ഇതിൽനിന്നു മാറിച്ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവല്ലോ എന്നുമാണ്. സാമ്പത്തികസംവരണത്തിനു മാനദണ്ഡമാക്കി ജാതിയെത്തന്നെ നിർവചിച്ചതിനെയാണ് ഇവർ രണ്ടുപേരും എതിർക്കുന്നത്. സാമ്പത്തികസംവരണം എന്ന പുരോഗമനകാഴ്ചപ്പാടിലേക്കു പരിഷ്കൃതസമൂഹവും നീതിപീഠങ്ങളും എത്തുമ്പോഴും ജാതി എന്ന യാഥാർഥ്യത്തെ തുടച്ചുമാറ്റാൻ നമുക്കു കഴിയുന്നില്ല എന്നത് അത്യന്തം ദുഃഖകരമാണ്. എങ്കിലും ജാതി രഹിത-വർഗരഹിതസമൂഹത്തിലേക്കും ജാതികേന്ദ്രീകരണത്തിനപ്പുറം വ്യക്തികേന്ദ്രീകരണത്തിലേക്കും നയിക്കുന്ന ധീരമായ ഒരു ചുവടുവയ്പാകട്ടെ സുപ്രീംകോടതിയുടെ വിധി എന്നു പ്രതീക്ഷിക്കാം.

■

## ഈശോ 33
FROM THE BIBLE



ഫാ. തോമസ്
പാട്ടത്തിൽചിറ CMF

ഉറ്റവനായി ഒരു രാവിൽ പുല്ക്കൂട്ടിൽ പിറന്നവൻ കുറ്റക്കാരനായി മറ്റൊരു രാവിൽ പ്രതിക്കൂട്ടിൽനിന്നു. തെറ്റുകളൊന്നും ചെയ്യാതിരുന്നിട്ടും കുറ്റാരോപിതനായി പ്രതിപ്പട്ടികയിൽ പേരുചേർക്കപ്പെട്ട അവന് അല്പനേരത്തേക്കെങ്കിലും വിധിയാളന്മാരുടെ മുമ്പാകെ നില്ക്കേണ്ടിവന്നു. പലരുടെയും ശിരസ്സു നിവരാൻ അവൻ ശിരസ്സു നമിക്കേണ്ടത് ആവശ്യമായിരുന്നു. നീതി നിഷേധിക്കപ്പെട്ട നീതിമാൻ. കുറ്റാന്വേഷണത്തിനു മുമ്പേ അവന്റെ കുറ്റപത്രം തയ്യാറാക്കപ്പെട്ടു. പാപികളായ വൈരികൾക്കു പുലമ്പാൻ പാതകങ്ങൾ പലതുമുണ്ടായി



# കുറ്റാരോപണം

രുന്നു. വ്യാജമായ ആരോപണങ്ങളുടെ വലിയ ഒരു പട്ടിക തന്നെ അവർ അവനെതിരേ വായിച്ചുകേൾപ്പിച്ചു. നിർമലനും നിരപരാധിയുമായിരുന്ന അവനിൽ നിരവധി കുറ്റങ്ങൾ അവർ ചുമത്തി. അവനു പറയാൻ അധികമൊന്നുമില്ലായിരുന്നു. പറഞ്ഞതു കേൾക്കാൻ ആരുമില്ലായിരുന്നു. പക്ഷേ, അവയ്ക്കൊക്കെ നടുവിലും നമ്മുടെ നാഥൻ പതറിയില്ല. ഒലിവുകൊമ്പുകളേന്തിയ കരങ്ങളിൽ കുറുവടികളും, കീർത്തനം പാടിയ അധരങ്ങളിൽ അസഭ്യവർഷവും അവൻ പണ്ടേ പ്രതീക്ഷിച്ചിരുന്നോ?

ജീവിതത്തിൽ അന്യായമായ ചില കുറ്റാരോപണങ്ങൾക്കു നാമും വിധേയരായിട്ടുണ്ടാവാം. നിനയ്ക്കാത്ത നീചകൃത്യങ്ങൾവരെ നമുക്കെതിരേ ആരോപിക്കപ്പെട്ട് നിന്ദിതരായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടാവാം. നമ്മെ മുഴുവൻ കേൾക്കാനും മനസ്സിലാക്കാനും ആരുമില്ലാതിരുന്ന നേരങ്ങൾ. നമ്മുടെ നിഷ്കളങ്കതയ്ക്ക് ആരും വില കല്പിക്കാതിരുന്ന അവസരങ്ങൾ. അപ്പോഴൊക്കെ നാം അവലംബിച്ച മൗനത്തിനും അനുഭവിച്ച നിസ്സഹായതയ്ക്കും ഭേദമായ എന്തൊക്കെയോ അന്തരാർഥങ്ങളുണ്ടായിരുന്നു. ആരെയും കുറ്റക്കാരായി ചിത്രീകരിക്കാതിരിക്കാം. നമുക്കുമില്ലേ ആവശ്യത്തിലധികം തെറ്റുകൾ? മറ്റുള്ളവരുടെ കുറ്റങ്ങൾ നമുക്കുള്ളവയുടെ വകഭേദങ്ങളാണെന്നു കരുതിയാൽ മതി. കുറ്റംപറച്ചിൽ കുറച്ചാൽ മനസ്സിന്റെ കനം കുറയും. ജീവിതം കൂടുതൽ സന്തോഷഭരിതമാകും. മറ്റുള്ളവരുടെ നേർക്കുള്ള ചൂണ്ടുവിരൽ ചെറുതാണെങ്കിലും വ്യക്തിബന്ധങ്ങൾക്കിടയിൽ അതു സൃഷ്ടിക്കുന്ന അകലം വലുതായിരിക്കും. കുറ്റാന്വേഷികളല്ല, സത്യാന്വേഷികളാകാനുള്ള നിയോഗമാണു നമ്മുടേത്. മറ്റുള്ളവർക്കെതിരേ അപവാദപ്രചാരണങ്ങൾ നടത്തി അവരുടെ നിലയ്ക്കും വിലയ്ക്കും കളങ്കമേല്പിക്കാതിരിക്കാം. അർഹമായ നീതി ആർക്കും നിഷേധിക്കാതിരിക്കാം. നമ്മുടെ താത്പര്യങ്ങൾ സംരക്ഷിക്കാനായി മറ്റുള്ളവർക്കു ന്യായമായി ലഭിക്കേണ്ടത് അപഹരിക്കാതിരിക്കാം. വ്യാജവാർത്തകൾ പ്രചരിപ്പിച്ച് ആരെയും വ്യക്തിഹത്യ ചെയ്യാതിരിക്കാം. അയൽക്കൂട്ടങ്ങൾ അയൽക്കുറ്റങ്ങളുടെ ആഘോഷക്കമ്മിറ്റികളാകാതിരിക്കട്ടെ. ക്രൈസ്തവകുടുംബങ്ങൾ കോടതികളല്ല, കുമ്പസാരക്കൂടുകളായാണ് മാറേണ്ടത്. പരസ്പരവിചാരണയല്ല, മറ്റുള്ളവരെക്കുറിച്ചുള്ള വിചാരവും വിട്ടുവീഴ്ചകളുമാണ് അവയിൽ ഉണ്ടാകേണ്ടത്. എല്ലാവരിലും എന്തെങ്കിലുമൊക്കെ നന്മയുണ്ട്. അവയെ കാണാനും നല്ലതു പറയാനും പരിശീലിക്കാം.

■



# കന്യാമറിയം കണ്ണീർവാർക്കുമ്പോൾ



ഡോ. ജോഷി മയ്യാറ്റിൽ

പരിശുദ്ധ കന്യാമറിയത്തിന്റെ തിരുസ്വരൂപങ്ങളിൽനിന്ന് എണ്ണയും കണ്ണീരും രക്തവും കിനിയുന്ന പ്രതിഭാസം അനേകംനാളുകളായി കേരളത്തിൽ കണ്ടുതുടങ്ങിയിട്ട്. ഈ കാഴ്ചകൾ ഭാവനക്കാഴ്ചകളോ (isio imaginativa) ആത്മീയക്കാഴ്ചകളോ (visio intellectualis) അല്ല, ഐന്ദ്രിയക്കാഴ്ചകളാണ് (visio sensibilis) എന്നതിനാൽ (ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ ഭാഷയിൽ), ഈ പ്രതിഭാസവുമായി സമ്പർക്കത്തിലാകുന്ന എല്ലാവരിലും അമ്പരപ്പും അദ്ഭുതവും ഉള്ളവാകുന്നത് തികച്ചും സ്വാഭാവികമാണ്.

ഇത്തരം പ്രതിഭാസങ്ങൾ, പക്ഷേ, പലപ്പോഴും വൈകാരികമായാണു കൈകാര്യംചെയ്യപ്പെടാറ്. അവ ചിലരെയെങ്കിലും വലിയ ഭക്തിപാരവശ്യങ്ങളിലേക്കു നയിക്കുന്നുണ്ട്; ചുരുക്കം ചിലർക്ക് അവ ജീവിതമാനസാന്തരത്തിനിടയാക്കുന്നു. വേറേ ചിലർക്ക് അതു പരസ്യം നല്കാനും ആളെക്കൂട്ടാനുമുള്ള അവസരങ്ങളാണ്. മറ്റു ചിലർ ഇത്തരം പ്രതിഭാസങ്ങളെ പുച്ഛിക്കുന്നു. ഇനിയും ചിലർ എന്തു നിലപാടെടുക്കേണ്ടൂ എന്നറിയാതെ കുഴങ്ങുന്നു.

**സഭയ്ക്ക് ഇതു പുത്തരിയല്ല**

1995 ൽ ഇറ്റലിയിലെ ചിവിത്തവെക്കിയയിൽ അറുപതോളം ആളുകൾക്കുമുന്നിൽ ഒരു വീട്ടിലെ മാതാവിന്റെ രൂപം രക്തക്കണ്ണീരണിഞ്ഞ സംഭവത്തിനു രൂപതാമെത്രാൻതന്നെ സാക്ഷിയായപ്പോഴും ശാസ്ത്രീയപഠനങ്ങൾക്കൊടുവിൽ സഭ അത് അവഗണിക്കുകയായിരുന്നു. സ്വന്തം ഡി.എൻ.എ. പരിശോധന നടത്താൻ വീട്ടുകാരൻ തയ്യാറാകാതിരുന്നതിനാലായിരുന്നു അത്. രക്തം പുരുഷന്റേതായിരുന്നു! ആ സംഭവത്തിനുശേഷം രൂപങ്ങളുടെ കണ്ണീരൊഴുക്കലുകൾ പലതുണ്ടായെങ്കിലും, മിക്കവയുംതന്നെ കഥയില്ലാത്തവയായിരുന്നു!

2002 ൽ ഓസ്ട്രേലിയയിലെ റോക്കിങ്ഹാമിൽ മാതാവിന്റെ രൂപം കണ്ണീർപൊഴിച്ചതും അതേത്തുടർന്ന് മാതാവിന്റെ പ്രത്യക്ഷമുണ്ടായതും സഭ ഗൗരവമായ പഠനങ്ങൾക്കു വിധേയമാക്കുകയും പ്രകൃത്യതീതമെന്നു പരസ്യമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

2002 ൽത്തന്നെ ഇറ്റലിയിലെ മെസ്സീന എന്ന സ്ഥലത്ത് വി. പാദ്രേപിയോയുടെ രൂപം രക്തക്കണ്ണീരണിഞ്ഞപ്പോൾ കർക്കശമായ ശാസ്ത്രീയ പരിശോധനകൾക്കു വിധേയമാക്കിയ സഭാധികാരികൾ ഉടൻതന്നെ അതിനെ തള്ളിപ്പറഞ്ഞു. കാരണം, ആ രക്തം ഒരു സ്ത്രീയുടേതായിരുന്നു.

2008 ൽ വടക്കേ ഇറ്റലിയിലെ ഫോർലി എന്ന സ്ഥലത്ത് വിൻചെൻസോ ദി കൊസ്റ്റാൻസോ എന്ന കൈക്കാരൻ അറസ്റ്റിലായി – രണ്ടു വർഷംമുമ്പ് ആ ദേവാലയത്തിലെ മാതാവിന്റെ രൂപം രക്തക്കണ്ണീരണിഞ്ഞതിന്റെ പേരിൽ. ഡി.എൻ.എ. പരിശോധന വിരൽചൂണ്ടിയത് വിൻചെൻസോയിലേക്ക് ആയിരുന്നത്രേ!

2018 ൽ ന്യൂ മെക്സിക്കോയിലെ ഗ്വദലൂപെ മാതാവിന്റെ രൂപത്തിലെ കണ്ണീരിനെ രൂപത തള്ളിക്കളഞ്ഞത് അതിൽ ചില രാസപദാർത്ഥങ്ങൾ കണ്ടെത്തിയതിനെത്തുടർന്നായിരുന്നു.

**‘പരിശോധിച്ചു’ നിലപാടെടുക്കുന്ന സഭ**

ഇത്തരം പ്രതിഭാസങ്ങളിൽ സഭ പുലർത്തുന്ന നിലപാട്, ‘എല്ലാം പരിശോധിച്ചുനോക്കുവിൻ; നല്ലവയെ മുറുകെപ്പിടിക്കുവിൻ’ എന്ന തിരുവചനത്തിൽ അധിഷ്ഠിതമാണ് (1 തെസ. 5:21). നിരവധിയായ അദ്ഭുതപ്രതിഭാസങ്ങളുടെ അനുഭവസമ്പത്തുള്ളവളാണ് കത്തോലിക്കാസഭ. സ്വർഗത്തിന്റെ സന്ദേശം അചിന്തനീയങ്ങളായ രീതികളിൽ ലഭിച്ച, കഴിഞ്ഞ രണ്ടായിരം വർഷങ്ങളുടെ ചരിത്രം അവൾക്കുണ്ട്. കരയുന്ന തിരുസ്വരൂപങ്ങളുടെ കാര്യത്തിൽ കത്തോലിക്കാസഭയ്ക്കു ജാഗ്രതാപൂർവകമായ നിലപാടാണുള്ളത്. സംശയദൃഷ്ടിയോടെയാണ് അത്തരം കാര്യങ്ങളെ സഭ സമീപിക്കുന്നത്. എന്നു മാത്രമല്ല, അവയുടെ പരിശോധനയിൽ കാർക്കശ്യമുള്ളതും ഉന്നതവുമായ മാനദണ്ഡങ്ങളാണു സഭ നിഷ്കർഷിക്കുന്നത്. ഭൂതോച്ചാടകരുടെ അന്താരാഷ്ട്രസംഘടനയുടെ ഉപദേശകനായ ആഡംബ്ലൈയുടെ Catholic Guide to Miracles എന്ന ഗ്രന്ഥം അദ്ഭുതങ്ങൾക്കുമുന്നിൽ സഭ പുലർത്തുന്ന ഈ കർക്കശനിലപാടും, നിഷ്കർഷിക്കുന്ന ശാസ്ത്രീയ പരിശോധനപ്രക്രിയയും വിവേചിച്ചറിയലും ഭംഗിയായി വിവരിക്കുന്നുണ്ട്.

ദൈവിക ഇടപെടലുകളിലും പ്രകൃത്യതീതപ്രതിഭാസങ്ങളിലും കത്തോലിക്കർ വിശ്വസിക്കുമ്പോൾത്തന്നെ (motiva credibilitatis) അത്തരം അദ്ഭുതങ്ങളെ യുക്തിയുടെയും ശാസ്ത്രത്തിന്റെയും ഉറപ്പോടെ മാത്രമേ അംഗീകരിക്കാവൂ എന്ന് സഭയ്ക്കു നിർബന്ധമുണ്ട് (CCC 156).

**വിവേചനശക്തി അനിവാര്യം**

വലിയ വിവേചനശക്തി ആവശ്യമുള്ള മേഖലയാണിത്. കാരണങ്ങൾ പലതാണ്: ഒന്നാമത്, മനുഷ്യരുടെ കൗശലമാർന്ന കൈകടത്തലുകൾ ഇത്തരം പ്രതിഭാസങ്ങൾക്കു പിന്നിലുണ്ടാവാം. രണ്ടാമത്, വ്യക്തിനിഷ്ഠയ്ക്കും മാനസികാവസ്ഥകൾക്കും ഇതിൽ പങ്കുണ്ടാകാം. മൂന്നാമത്, തികച്ചും സ്വാഭാവികമായ പ്രകൃതിയിലെ പ്രതിഭാസങ്ങളാകാം



ഇവ. നാലാമത്, ദുഷ്ടാരൂപിയിൽനിന്നുള്ളതാകാം. അഞ്ചാമത്, ദൈവികമായ ഇടപെലുകൾത്തന്നെയും ആകാം. അതിനാൽ, പരിശോധിച്ചു വിവേചിച്ചറിയുന്നതിനുമുമ്പ് ഇത്തരം പ്രതിഭാസങ്ങൾ കൊട്ടിഘോഷിക്കുന്നത് ആരോഗ്യകരമല്ല, സഭാത്മകശൈലിയുമല്ല.

ശാസ്ത്രത്തിനു വിശദീകരിക്കാനാവാത്തതെല്ലാം അദ്ഭുതമാണ് എന്നും സഭ കരുതുന്നില്ല. അവയുടെ ദൈവികസ്രോതസ്സ് ഉറപ്പുവരുത്തുന്നതിൽ വിശ്വാസനിക്ഷേപത്തോടുള്ള അവയുടെ ബന്ധത്തിനു വലിയ പങ്കുണ്ട്. ക്രിസ്തുവിൽ പൂർത്തിയായ പൊതുവെളിപാടിനോടു ചേർന്നുനില്ക്കുന്നുവെന്ന് ഉറപ്പുള്ളവമാത്രമേ സഭയുടെ അംഗീകാരം നേടുകയുള്ളൂ.

**തിരിച്ചറിവിൽ കാലത്തിനുള്ള പങ്ക്**

ആത്മീയപ്രതിഭാസങ്ങളെ വിവേചിച്ചറിയുന്നതിനു സമയത്തിനുള്ള പ്രാധാന്യത്തെക്കുറിച്ചു വ്യക്തമായ അവബോധമുള്ളവളാണു സഭ. 1858 മുതൽ ലൂർദിൽ എണ്ണായിരത്തോളം അദ്ഭുതങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും കഴിഞ്ഞ ഒന്നര ശതകത്തിനകം എഴുപത് അദ്ഭുതങ്ങൾക്കു മാത്രമാണ് വൈദ്യശാസ്ത്രത്തിന്റെ സഹായത്തോടെയുള്ള ഔദ്യോഗികമായ സ്ഥിരീകരണം സിദ്ധിച്ചിട്ടുള്ളത്. അദ്ഭുതങ്ങളും അടയാളങ്ങളും സ്ഥിരീകരിക്കപ്പെടാനുള്ള മാനദണ്ഡങ്ങളിൽ ‘കാലം’ വലിയൊരു ഘടകമാണ്. അതുകൊണ്ടുതന്നെയാണ്, വിശുദ്ധരുടെ നാമകരണനടപടികൾ പല പതിറ്റാണ്ടുകൾ നീണ്ടുപോകാൻ ഇടയാകുന്നത്.

വിശുദ്ധരുടെ നാമകരണനടപടികൾക്ക് എതിർവാദങ്ങളുന്നയിക്കാൻ വിശ്വാസപ്രചോദകൻ (പ്രൊമോട്ടർ ഓഫ് ഫെയ്ത്ത്) എന്ന ഒരു തസ്തികതന്നെയുണ്ട് എന്നോർക്കുക. വിശ്വാസവും യുക്തിയും ദൈവത്തിന്റെ ദാനമാണെന്ന തിരിച്ചറിവും വിശ്വാസജീവിതത്തിൽ യുക്തിക്കുള്ള സ്ഥാനവും അതിൽനിന്നു വ്യക്തമാണ്. ‘ഡെവിൾസ് അഡ്വക്കേറ്റ്’ എന്നാണ് ആ തസ്തിക മുൻകാലങ്ങളിൽ അറിയപ്പെട്ടിരുന്നത്. വിശ്വാസമേഖലയിലെ സ്ഥിരീകരണത്തിനുള്ള സഭയുടെ യുക്തിഭദ്രമായ ഈ ശൈലി പ്രകൃത്യതീതപ്രതിഭാസങ്ങളിൽ നാം അവലംബിക്കണം.

മൈക്കിൾ ഒനീലിന്റെ Exploring the Miraculous എന്ന ഗ്രന്ഥത്തിൽ ഇത്തരം പ്രതിഭാസങ്ങൾക്കു സഭയുടെ സുവിശേഷവത്കരണദൗത്യത്തിലുള്ള സ്ഥാനവും ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടാകുമ്പോൾ സഭയുടെ പ്രബോധനാധികാരത്തോട് അനുഭവസ്ഥർ പുലർത്തേണ്ട അനുസരണവും ഊന്നിപ്പറഞ്ഞിരിക്കുന്നു. ഏതായാലും, ദൈവത്തിൽനിന്നുള്ളതാണെങ്കിൽ അത്തരം അടയാളങ്ങൾക്കും അദ്ഭുതങ്ങൾക്കും മനുഷ്യരുടെ സവിശേഷ ഇടപെടലുകളില്ലാതെതന്നെ, വേണ്ടസമയത്ത് സഭയുടെ സ്ഥിരീകരണം ലഭിച്ചിരിക്കും. കാരണം, സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണ് (cf. യോഹ 16,13).

**പ്രായോഗികമായി എന്തു ചെയ്യണം?**

1. ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടായാൽ, ഇടവകവികാരിയെ അറിയിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. അദ്ദേഹത്തിന്റെ നിർദേശങ്ങൾ പൂർണമായി പാലിക്കണം. ആവശ്യമെങ്കിൽ, വികാരിയച്ചന് രൂപതാകേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്. അദ്ഭുതങ്ങളുടെ വാസ്തവികതയെ സംബന്ധിച്ചുള്ള തിരിച്ചറിയലിൽ പ്രഥമമായ ഉത്തരവാദിത്വവും അധികാരവുമുള്ളത് രൂപതാധ്യക്ഷനാണ്. മെത്രാന്റെ നിർദേശങ്ങളോടും നടപടികളോടും പൂർണമായ വിധേയത്വം പാലിക്കാൻ ഏവരും തയ്യാറാകണം. വിദഗ്ധരുടെ ഒരു സമിതിയെ പഠനത്തിനു നിയോഗിക്കാൻ മെത്രാന് അവകാശമുണ്ട്. സമിതിയുടെ പഠനറിപ്പോർട്ടിൽ അദ്ദേഹത്തിനു സ്വയം തീരുമാനമെടുക്കാം. ആവശ്യമെങ്കിൽ, കൂടുതൽ പഠനത്തിനും വിവേചനത്തിനുമായി വത്തിക്കാനിലേക്കു വിഷയം പരാമർശിക്കുകയുമാകാം.

2. ദൈവത്തിൽനിന്നുള്ളതാണെങ്കിൽ അത്തരം പ്രതിഭാസങ്ങളിൽ പൊതുവെളിപാടിനോടു ചേർന്നുപോകുന്ന കൃത്യമായ ഒരു സന്ദേശമോ കാലികപ്രസക്തിയുള്ള ആത്മീയതയോ സ്ഥലകാലാനുസൃതമായ ഒരു ഊന്നലോ ഉണ്ടായിരിക്കും. മാതാവിന്റെ കണ്ണീരിന്റെ അദ്ഭുതമാനത്തിന് അമിതമായ ഊന്നൽ നല്കിയാൽ, ഒരുപക്ഷേ, ആ കണ്ണീരിനു പിന്നിലെ സന്ദേശം തിരിച്ചറിയാൻ കഴിയാതെപോകുമെന്ന അപകടമുണ്ട്. സന്ദേശം തിരിച്ചറിയാൻ പ്രാർത്ഥനാപൂർവകവും എളിമയോടുകൂടിയതുമായ കാത്തിരിപ്പാണ് ആവശ്യം.

3. പ്രത്യേകിച്ച്, വൈദികരും സന്ന്യസ്തരും ഇത്തരം സാഹചര്യങ്ങളിൽ മിതത്വം പാലിക്കുകയും സഭാത്മകമനോഭാവത്തോടെ പെരുമാറുകയും വേണം. സന്ന്യാസിനികളുടെ സാന്നിധ്യവും സഹകരണവും ഇത്തരം പ്രതിഭാസങ്ങൾക്ക് കേരളത്തിൽ അനാവശ്യമായ പ്രചാരം ലഭിക്കാൻ ഇടയാക്കുന്നുണ്ട് എന്നു പറയാതെ വയ്യ.

4. വിശ്വാസത്തെ വൈകാരികതയിലേക്കു ചുരുക്കാതെ, ഇത്തരം പ്രതിഭാസങ്ങളെ യുക്തിഭദ്രതയോടെയും സംശയദൃഷ്ടിയോടെയും വീക്ഷിച്ച്, കൃത്യമായി വിവേചിച്ചറിയാനുള്ള ഒരു സാഹചര്യം ഒരുക്കുകയാണു വേണ്ടത്. അതിനാൽ, അനാവശ്യ പരസ്യം നല്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

■

# നീതി തേടുന്ന നിശ്ശബ്ദനിലവിളികൾ

## പാലാ കമ്യൂണിക്കേഷൻസിന്റെ പുതിയ നാടകം 'അകവും പുറവും' അരങ്ങിലേക്ക്



പ്രഫ. സിജു ജോസഫ്

അനീതിയുടെ രഥമുരുട്ടി ശീലിച്ചറപ്പു മാറിയവർ അധികാരകേന്ദ്രങ്ങളിൽ മെയ്‌വഴക്കത്തോടെ കൂട്ടുകൂടി പിടിമുറുക്കുമ്പോൾ നീതിമാന്റെ നിലവിളികൾ പലപ്പോഴും നിശ്ശബ്ദമായിപ്പോകുന്നു. നിശ്ശബ്ദമാക്കപ്പെടുന്ന ഇത്തരം ഒരുപാടു നിലവിളികൾക്കു മുകളിൽക്കയറിനിന്നുകൊണ്ടാണ് മനുഷ്യത്വത്തിന്റെയും സമത്വസുന്ദരലോകത്തിന്റെയും വശ്യമായ പുറംകാഴ്ചകളുടെ 'ബിനാലെകൾ' അധികാരവർഗം എക്കാലത്തും തീർത്തിട്ടുള്ളത്. അകവും പുറവും തമ്മിലുള്ള ഈ വൈരുധ്യത്തിന്റെ സംഘർഷങ്ങളെ സൂക്ഷ്മമായി അവതരിപ്പിക്കുന്ന നാടകമാണ് പാലാ കമ്യൂണിക്കേഷൻസിനുവേണ്ടി മുഹാദ് വെമ്പായം രചന നിർവഹിച്ച് രാജേഷ് ഇരുളം സംവിധാനം ചെയ്ത 'അകവും പുറവും.'

കുറ്റകൃത്യങ്ങൾ പെരുകുന്നു എന്നതിനെക്കാൾ ഉയർന്ന വിദ്യാഭ്യാസവും മെച്ചപ്പെട്ട കുടുംബാന്തരീക്ഷവുമുണ്ടെന്നു നാം കരുതുന്ന ഇടങ്ങളിൽനിന്നുപോലും ഏറ്റവും ഭയാനകമായ വാർത്തകൾ അനുദിനം കേൾക്കേണ്ടിവരുന്നു എന്നതാണു നമ്മെ ആശങ്കപ്പെടുത്തുന്ന വർത്തമാനകാലയാഥാർഥ്യങ്ങളിലൊന്ന്.

മനുഷ്യരെയും ബന്ധങ്ങളെയും കുടുംബങ്ങളെയും വ്യവസ്ഥിതികളെയും ചുറ്റിപ്പറ്റി നാം കാണുന്ന പുറമല്ല യഥാർഥ അകം.

സ്വന്തമായി ശരി തീർക്കുന്ന, സ്വന്തമായി വിധി നടപ്പാക്കുന്ന മൂല്യബോധത്തിന്റെ ഇഴയടുപ്പമില്ലാത്ത, സന്തോഷങ്ങളുടെയും വിജയങ്ങളുടെയും പട്ടുകുപ്പായമിട്ടുതുള്ളുന്ന തുച്ഛനിമിഷങ്ങൾക്കപ്പുറം കാത്തിരിക്കുന്ന ദുരന്താഗ്നിയിലേക്കു ചെന്നുവീഴുന്ന വീണ്ടുവിചാരമില്ലാത്ത മനുഷ്യരെ അകത്തേക്കു നോക്കാൻ, മനഃസാക്ഷിയുടെ പിടച്ചിലറിയാൻ പ്രേരിപ്പിക്കുന്നു എന്നതാണ് ഈ നാടകത്തിന്റെ പ്രസക്തി.

'ഇനി ഉമ്മയെ കാണാൻ ജീവിതം ജയിച്ചിട്ടേ റാഫി വരൂ' എന്നു പള്ളിപ്പറമ്പിലെ കുഴിമാടത്തിനുമുന്നിൽ മീസാൻകല്ലിൽ തൊട്ടു പ്രതിജ്ഞ ചെയ്തിട്ട് റാഫി എന്ന കഥാപാത്രമിറങ്ങുന്നത് മനഃസാക്ഷിയും ധാർമികതയും മൂല്യബോധവും പണയപ്പെടുത്തിയ, കാപട്യവും കളങ്കവും മാത്രം കൈമുതലായ ഒരു രാഷ്ട്രീയജീവിതത്തിലേക്കാണ്. അരക്ഷിതവും അശിക്ഷിതവുമായ ബാല്യമാണ് ഇത്തരമൊരു മാനസികാവസ്ഥയിലേക്കയാളെ എത്തിക്കുന്നത്. വാപ്പ മരിച്ചതോടെ അനാഥമായ കുടുംബം, പട്ടിണികിടന്ന് വയറു പഴുത്തു മരിച്ച അനിയത്തിക്കുട്ടി, 'പോത്തിനുവയ്ക്കുന്ന കാടിടെ കൂടെ ഇടംകൈകൊണ്ടെടുറിയുന്ന പഴഞ്ചോറ് പഞ്ചാമൃതംപോലെ' കഴിച്ചും പോത്തുകളുടെ ചവിട്ടേറ്റും കന്നാലിപ്പുരയിൽ കിടന്നുറങ്ങിയും മൂന്നരക്കൊല്ലം അടിമപ്പണി ചെയ്തതിനു പ്രതിഫലമായി മംഗലാപുരത്തെ മാമ നല്കിയ നൂറ്റമ്പതുരൂപ, എല്ലുമുറിയെ പണിയെടുത്തു സമ്പാദിച്ചതിന്റെ അഭിമാനവും സന്തോഷവും ഉമ്മയുമായി പങ്കിടാൻ ബിരിയാണിപ്പൊതിയുമായി വീട്ടിലെത്തുമ്പോൾ തൊണ്ടയിൽ അർബുദം വന്നു വെള്ളമല്ലാത്തതൊന്നും ഇറക്കാൻ കഴിയാതെ കിടക്കുന്ന ഉമ്മയുടെ നിസ്സഹായത... ഈ ഓർമകളുടെ തീയാണ് റാഫി മടച്ചേരി എന്ന നെറികെട്ട രാഷ്ട്രീയനേതാവിന്റെ വളർച്ചയിലേക്കുള്ള ഊർജമായി അയാളിൽ എപ്പോഴും എരിഞ്ഞുകൊണ്ടിരിക്കുന്നത്. മാമായുടെ മകളെ വിവാഹം ചെയ്തു സമ്പന്നനാകുന്നതും അതേ സമ്പത്ത് രാഷ്ട്രീയത്തിൽ മൂലധനമായി ഇറക്കി അണികളെ സൃഷ്ടിച്ചും നിയമപാലകരെ കൈയിലെടുത്തും തടസ്സമാകുന്നവരെ ഉന്മൂലനം ചെയ്തും എം.എൽ.എ. സ്ഥാനത്തിന്റെ പടിവാതിൽവരെ അയാളെത്തുന്നതും അതൃപ്തവും ആത്മബന്ധമന്യമായതുമായ ദാമ്പത്യത്തിന്റെ വിരസതയിൽനിന്നു രക്ഷപ്പെടാൻ അയാളുടെ ജീവിതത്തിൽ മറ്റൊരു പെണ്ണു കടന്നുവരുന്നതും ആ ബന്ധം പുറംലോകമറിയുന്ന ഘട്ടത്തിൽ അയാളുടെ കൈകളാൽ അവൾ കൊല്ലപ്പെടുന്നതും തുടർന്ന്, അതിൽനിന്നു രക്ഷപ്പെടാൻ അയാൾ നടത്തുന്ന ശ്രമങ്ങളുമാണ് നാടകത്തിലെ സംഘർഷാത്മകമായ തലങ്ങളിലൊന്ന്. ബുദ്ധിയെ, ചിന്തകളെ, ഭാവനകളെ, ഊർജത്തെ ശരിയായി ഉപയോഗിക്കാൻ ശീലിപ്പിക്കപ്പെട്ട ഒരു ബാല്യമുണ്ടായിരുന്നെങ്കിൽ, അർഹമായ നീതിയും സ്നേഹവും പരിഗണനയും നല്കുന്ന വ്യവസ്ഥിതിയുണ്ടായിരുന്നെങ്കിൽ റാഫി മടച്ചേരി എന്ന പ്രതിനായകനിൽ കാലം ഒരു യഥാർഥനായകന്റെ മുഖം ചേർത്തുവയ്ക്കുമായിരുന്നു. മ്യൂച്വൽ ട്രാൻസാക്ഷന്റെയും മ്യൂച്വൽ ട്രസ്റ്റിന്റെയും കലയായും തോറ്റു തുലഞ്ഞുനില്ക്കുമ്പോഴും തോറ്റില്ലെന്ന് അവനവനെയും സമൂഹത്തെയും തോന്നിപ്പിക്കുന്ന കളിയായും രാഷ്ട്രീയത്തെ നിർവചിച്ച് മാർഗമേതെന്നു നോക്കാതെ ലക്ഷ്യത്തിലേക്കു കുതിക്കുന്ന റാഫിയുടെ ജീവിതദുരന്തംതന്നെയാണ് നാടകത്തിന്റെ കേന്ദ്രപ്രമേയം.

നവോത്ഥാനസമരങ്ങളുടെയും സംഭവങ്ങളുടെയും നവോത്ഥാനനായകരുടെയും കൃതികളുടെയും ചരിത്രത്തിൽ നാഴികക്കല്ലുകളായി മാറിയ വിളംബരങ്ങളുടെയും ശതാബ്ദിയാഘോഷങ്ങൾ കേരളം കെങ്കേമമായി കൊണ്ടാടുമ്പോഴും അകത്തൊളിപ്പിച്ചുവച്ചിരിക്കുന്ന ജാതിപ്പിശാചിന്റെ അട്ടഹാസങ്ങൾ ഇപ്പോഴും നമുക്കിടയിൽ കേൾക്കാം. പുറമേ നോക്കുമ്പോൾ മാത്രം സാംസ്കാരികപുരോഗതി നേടി എന്നു തോന്നിക്കുന്ന ഒരു സമൂഹം മാത്രമായി നാം ചുരുങ്ങുകയാണോ എന്ന ചോദ്യം





*പാലാ കമ്യൂണിക്കേഷൻസിന്റെ പുതിയ നാടകമായ 'അകവും പുറവും' പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

കാഞ്ചനയെന്ന പെൺകുട്ടിയുടെ ജീവിതത്തെ മുൻനിറുത്തി 'അകവും പുറവും' ഉന്നയിക്കുന്നു. നായകകഥാപാത്രമായ ശാന്തന്റെ സഹോദരിയാണ് കാഞ്ചന. സ്നേഹിച്ച പുരുഷനൊപ്പം മൂന്നു മാസമേ ഒന്നിച്ചുജീവിക്കാൻ അവൾക്കു കഴിഞ്ഞുള്ളൂ. മകൻ താഴ്ന്ന ജാതിയിൽപ്പെട്ട ഒരുവളെ കല്യാണം കഴിച്ചതിന്റെ മാനക്കേടകറ്റാൻ അവനെ കൊന്നുതള്ളുന്ന മാതാപിതാക്കൾ ഈ നാടകത്തിന്റെ അകത്തു മാത്രമല്ല പുറത്തും നമുക്കു പരിചിതരാണ്.

'സ്വന്തം മക്കളെ അവരുടെ സന്തോഷത്തിനു ജീവിക്കാൻ വിട്ടാ മാനക്കേട്... കൊല്ലണത് അന്തസ്സ്. അതിന്റെ പേരിൽ ജയിലിൽ കിടക്കണത് അതിലും വലിയ അന്തസ്സ്' എന്ന് അമ്പൂട്ടിയാശാൻ പറയുന്നത് ദുരഭിമാനക്കൊലകൾ സാധാരണ വാർത്തകളായി മാറുന്ന വർത്തമാനകാലത്തെ നോക്കിയാണ്. 'പൂച്ചയെ കട്ടിലിലും പന്നിയെ കാട്ടത്തിലും വളത്തണപോലെ' ജാതി നോക്കി മനുഷ്യൻ മനുഷ്യനെ ഇനംതിരിച്ചു നിറുത്തുന്ന ഏർപ്പാടിൽ ജാതിയെന്ന 'വെഷത്തിന്റെ പവറ്' കാണാമെന്നു പറഞ്ഞ് അമ്പൂട്ടിയാശാൻ നിഷ്കളങ്കമായി ചിരിക്കുന്നതിന്റെ മുനകൊള്ളുന്നത് അകത്തു നാമൊളിപ്പിച്ചുവച്ചിരിക്കുന്ന ജാതിബോധത്തിന്റെ കണ്ണിലാണ്.

ശാന്തനും കാഞ്ചനയും അവരുടെ അമ്മ കാത്തയും അമ്മാവൻ അമ്പൂട്ടിയും ചേർന്നു സൃഷ്ടിക്കുന്ന ചെറുചിരികളുടെയും പരിഭവങ്ങളുടെയും നിമിഷങ്ങൾ ഹൃദ്യമാണ്. എത്ര വഴക്കടിച്ചാലും പിണങ്ങിയാലും "മൂത്തോനേ' എന്ന കാത്തയുടെ സ്നേഹനിർഭരമായ വിളിയിൽ അമ്പൂട്ടിയുടെ എല്ലാ അരിശങ്ങളും അലിഞ്ഞുപോകുന്നു.

അകാലവൈധവ്യത്തിന്റെ നിസ്സഹായതയിൽ പറക്കമുറ്റാത്ത രണ്ടു കുഞ്ഞുങ്ങളുമായി തിരിച്ചെത്തിയ ഉടപ്പിറന്നോൾക്ക് അമ്പൂട്ടി അഭയമാകുന്നതും അതിന്റെ പേരിൽ ഭാര്യ പിണങ്ങിപ്പോകുന്നതും നാടകത്തിൽ സൂചിപ്പിക്കുന്നുണ്ട്. പണത്തിന്റെയും മണ്ണിന്റെയും പൊന്നിന്റെയും പങ്കു നോക്കി ബന്ധങ്ങളെ തള്ളാനും കൊള്ളാനുമുള്ള കൗശലത്തിലേക്കെത്തുന്നതിനെയാണോ നാം 'വളർച്ച' എന്നു വിളിക്കുന്നത്? അങ്ങനെയെങ്കിൽ ആ വളർച്ചയുടെ പടവുകളേറാൻ മിടുക്കില്ലാത്ത മനുഷ്യരാണ് കുടുംബങ്ങളിൽ ഇന്നവശേഷിക്കുന്ന 'അവസാന നന്മകളുടെ കൂട്ടിരിപ്പുകാർ' എന്ന് 'അകവും പുറവും' ഓർമിപ്പിക്കുന്നു. 'ഒറ്റവയറിന്റെ പങ്കുപറ്റി കെടന്നതല്ലേ ഞങ്ങൾ' എന്ന കാത്തയുടെ ചോദ്യം മുഴങ്ങേണ്ടത് നമ്മുടെ വീടുകൾക്കു പുറത്തല്ല, അകത്താണ്.

കാഞ്ചനയും ശാന്തനും അമ്പൂട്ടിയും കൂട്ടുകാരും ചേർന്നുനടത്തുന്ന പുലിയാട്ടമെന്ന കലാവിഷ്കാരം നാടകത്തിനു വ്യത്യസ്തമായ ദൃശ്യാനുഭൂതി നല്കുന്നു. ചെണ്ടയും ബാന്റ് ഡ്രമ്മും വയലിനും നാടൻപാട്ടും നൃത്തച്ചുവടുകളും സമന്വയിക്കുന്ന ഫ്യൂഷൻ മെഗാഷോയുടെ അവതരണത്തിനിടയിൽ ഉത്സവപ്പറമ്പിൽ കലാപമുണ്ടാകുന്നതും ശാന്തൻ റാഫിയുടെയും അയാളുടെ കിങ്കരനായ പോലീസുദ്യോഗസ്ഥന്റെയും പിടിയിലകപ്പെടുന്നതും റാഫി ചെയ്ത കൊലക്കുറ്റം ശാന്തനിൽ ചുമത്തപ്പെടുന്നതുംമുതലാണ് നിയമത്തെയും നിയമപാലകരെയും നീതിന്യായവ്യവസ്ഥിതിയെയും സംബന്ധിച്ച പ്രസക്തമായ ചോദ്യങ്ങൾ നാടകത്തിലുയരുന്നത്. ജനാധിപത്യം പുലരുന്ന രാജ്യത്ത് നിയമത്തെയും കോടതികളെയും അസാധുവാക്കുന്ന തരത്തിലുള്ള മാധ്യമവിചാരണകളെയും 'സ്പോട്ടി'ൽ പ്രതികളെ വെടിവച്ചുകൊല്ലുന്ന ഏറ്റുമുട്ടൽ നാടകങ്ങൾക്കു നേതൃത്വം നല്കുന്ന പോലീസുദ്യോഗസ്ഥർക്കു സമൂഹം നല്കുന്ന കൈയടികളെയും നീതിയുടെ പക്ഷത്തുനിന്ന് 'അകവും പുറവും' ചോദ്യം ചെയ്യുന്നുണ്ട്.

'പാർശ്വവത്കരിക്കപ്പെട്ട ജനതയോടു വരേണ്യസമൂഹം വച്ചുപുലർത്തുന്ന മുൻവിധികൾ തിരിച്ചറിയപ്പെടുകയും അനുഭവിപ്പിക്കുകയും ചെയ്യുന്ന മറ്റൊന്നും ഈ ലോകത്തിലില്ല' എന്ന ചാൾസ് ഡിക്കൻസിന്റെ വാക്കുകളാണ് 'ദ ഐഡിയ ഓഫ് ജസ്റ്റീസ്' എന്ന ഗ്രന്ഥത്തിന്റെ ആമുഖമായി നോബൽ സമ്മാനജേതാവായ അമർത്യാസെൻ നല്കിയിരിക്കുന്നത്. ഇതുതന്നെയാണ് ഈ നാടകം നിർവഹിക്കുന്ന ധർമവും. പുറത്തെ അനീതികളിലേക്കു നോക്കി മുഷ്ടി ചുരുട്ടാൻ മാത്രമല്ല, അകത്തേക്കു നോക്കി അവനവനോടു നീതി പുലർത്തുന്നുണ്ടോ എന്ന് ആത്മശോധന നടത്താൻകൂടിയാണ് 'അകവും പുറവും' അതിന്റെ പ്രേക്ഷകരെ ക്ഷണിക്കുന്നത്. ■

# 'പിനോക്യോ റവലൂഷൻ' ഇനി കള്ളം പറഞ്ഞാൽ മരണശിക്ഷ?





**ജോർജ്ജ് കാടൻകാവിൽ**
ഡയറക്ടർ, ബെത്‌ലെഹം മാട്രിമോണിയൽ
92493 92518

നാട്ടിലെ അപചയങ്ങളെക്കുറിച്ചു ധാർമിക രോഷംപൂണ്ട് എന്റടുത്ത് ജ്വലിച്ചുവിറച്ചു സംസാരിച്ചുവന്ന ഒരമ്മയെ എന്തു പറഞ്ഞു സമാധാനിപ്പിക്കണമെന്നറിയാതെ ഞാൻ വിഷമിച്ചു. ആശ്വസിപ്പിക്കാൻ പറ്റിയ ഒരാശയവും മനസ്സിൽ വരാതിരുന്നതിനാൽ അവരു പറയുന്നതെല്ലാം ഞാൻ മൂളിമൂളി കേട്ടുകൊണ്ടിരുന്നു.

ഇല്ലാത്തതൊക്കെ ഉണ്ടെന്നു പറഞ്ഞു പറ്റിച്ചാണ് അവരീ കല്യാണം നടത്തിച്ചതെന്നു ബന്ധുവീട്ടുകാരെപ്പറ്റി പരാതി പറയുകയായിരുന്നു ഇവർ. ഒരു മനക്കടിയും ഇല്ലാതെ കള്ളത്തിനുമേൽ കള്ളം പറയാൻ ഇപ്പോൾ ആർക്കും ഒരു മടിയും ഇല്ലാതായിരിക്കുന്നു.

സത്യത്തിന് ഇന്നൊരു വിലയുമില്ല. ഒരു പരാതി കൊടുത്താൽ കല്ലുവച്ച നുണകളാണ് അധികാരികൾപോലും പരിഗണിക്കുന്നതും പറയുന്നതും. നീതിന്യായവ്യവസ്ഥയിലും മതത്തിലും ദൈവത്തിലും ഒന്നും ഇപ്പോളെനിക്ക് ഒരു വിശ്വാസവുമില്ലാതെയായിരിക്കുന്നു. ഈ ലോകം എന്തേ സാർ ഇത്രയ്ക്ക് അധഃപതിച്ചുപോയത്? ഇവിടെ എന്നെങ്കിലും സത്യവും നീതിയും ന്യായവും വിജയം കാണുമോ?

ഇതു കേട്ടപ്പോൾ എന്റെ തലയിലൊരു ബൾബു കത്തി. ശരിയാണല്ലോ, കള്ളം പറയുന്നതു നിത്യജീവിതത്തിന്റെ ഭാഗമായി മാറിയിട്ടുണ്ടല്ലോ! ദൈനംദിന ഇടപാടുകൾക്കിടയിൽ, ആരോടെങ്കിലും, ഒരു കള്ളംപോലും പറയാതെ, ഒരു ദിവസമെങ്കിലും ചെലവഴിക്കാൻ സാധിക്കുന്ന എത്ര പേരുണ്ടാകും നമുക്കിടയിൽ?

ആരോടെങ്കിലും ഇതേക്കുറിച്ചു ചർച്ച ചെയ്യണമെന്ന് എനിക്കു തോന്നി. ഈ അമ്മയോടു തന്നെ ആദ്യം ചോദിക്കാം.

പെങ്ങളേ, ഒരു കള്ളംപോലും പറയാതെ എത്ര ദിവസം ജീവിക്കാൻ നിങ്ങൾക്കു സാധിക്കുമെന്ന് നല്ലപോലെ ഒന്ന് ആലോചിച്ചുപറയാമോ?

നമ്മളു കിടന്നുറങ്ങുന്ന സ്വന്തം വീടിന്റെ ആധാരത്തിലെ ഭൂവില, റേഷൻകാർഡിലെ വരുമാനം തുടങ്ങി പല അടിസ്ഥാനരേഖകളിലും അസത്യം എഴുതിവച്ചിട്ട്, ആ അടിത്തറയിൽ ജീവിക്കുകയും, എന്നിട്ട് ഇതാണ് നാട്ടുനടപ്പ്, എല്ലാരും ഇങ്ങനെയാ ചെയ്യുന്നത് എന്നു പറഞ്ഞ് ആശ്വസിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമല്ലേ നമുക്ക് ഓരോരുത്തർക്കും.

ഞാൻ ചിന്തിച്ചുനോക്കിയിട്ട്, ഇതു പരിഹരിക്കണമെങ്കിൽ ഈ പ്രപഞ്ചം രൂപകല്പന ചെയ്തു പരിപാലിക്കുന്ന സ്രഷ്ടാവിനു മാത്രമേ സാധിക്കൂ എന്നാണ് എന്റെ നിഗമനം.

പെങ്ങള് പിനോക്യോയുടെ കഥ കേട്ടിട്ടുണ്ടോ? ഒരിക്കൽ ഒരു ദേവത പിനോക്യോയ്ക്ക് ഒരു എട്ടിന്റെ പണി കൊടുത്തു. (8 means an endless loop) കള്ളം പറയുമ്പോൾ മൂക്ക് നീണ്ടുപോകും, സത്യം പറയുമ്പോൾ മൂക്ക് പഴയതുപോലെയാകും. മൂക്കിന്റെ അസ്വസ്ഥത സഹിക്കാൻവയ്യാതെ പിനോക്യോ കള്ളം പറയുന്നത് നിറുത്തി നല്ല കുട്ടിയായത്രേ!

പെങ്ങളു ചോദിച്ചില്ലേ, ഇവിടെ എന്നെങ്കിലും സത്യവും നീതിയും ന്യായവും വിജയം കാണുമോ എന്ന്! ഏതെങ്കിലും ഒരു അവതാരം വന്ന് മനുഷ്യവംശത്തിനു മുഴുവൻ പിനോക്യോയ്ക്ക് കൊടുത്തതുമാതിരി ഒരു മൂക്കുവിപ്ളവം അഥവാ പിനോക്യോ റവലൂഷൻ തുടങ്ങിയാൽ, ഈ ലോകം നീതിയും ന്യായവും വിജയിക്കുന്ന ഒരു സ്വർഗമായി മാറിയേക്കാം.

അത്തരമൊരവസ്ഥ നമുക്കൊന്നു മനസ്സിൽ കണ്ടുനോക്കാം.

സ്ഥാനമാനവലുപ്പച്ചെറുപ്പമില്ലാതെ ഭൂമിയിലെ ഏതൊരു മനുഷ്യനും അറിഞ്ഞോ അറിയാതെയോ ഒരു കള്ളം പറഞ്ഞാൽ അയാളുടെ മൂക്ക് ഒരിഞ്ചു നീളം കൂടും, ഒപ്പം അഞ്ചു ശതമാനം ശ്വാസതടസ്സം വരുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഒന്നു സങ്കല്പിച്ചുനോക്കൂ. ഓരോ കള്ളത്തിനും ഇതു സംഭവിച്ചുകൊണ്ടിരുന്നാൽ 20 കള്ളം പറയുമ്പോഴേക്കും ശ്വാസതടസ്സം നൂറുശതമാനമായി ആളു മരിച്ചുപോകുമെന്നു വന്നാൽ എന്തായിരിക്കും നമ്മുടെ ചുറ്റുമുള്ള കാഴ്ച?

അപകടം തിരിച്ചറിഞ്ഞ് ഞാനും നിങ്ങളും നമ്മുടെ അധികാരികളും നേതാക്കളുമൊക്കെ സ്വന്തം മൂക്കും ശ്വാസവും നേരേയാക്കാൻ വേണ്ടിയെങ്കിലും സത്യസന്ധരാകുമോ?

ഇതു വായിച്ചു ചിന്തിക്കാം, ചിരിക്കാം. പക്ഷേ, എത്ര സുന്ദരമായ, നടക്കാത്ത സ്വപ്നം എന്നുപറഞ്ഞു ചിരിച്ചുതള്ളരുതേ. അസാധ്യമായതിനെ സാധ്യമാക്കാനാണല്ലോ മനുഷ്യനു വിശേഷബുദ്ധിയും വീറും വാശിയുമൊക്കെ തമ്പുരാൻ തന്നിരിക്കുന്നത്.

കള്ളം പറയുന്നതു കണ്ടുപിടിക്കാനും തിരിച്ചറിയാനും തിരുത്താനും സാധിക്കുന്ന സംവിധാനം മനുഷ്യൻ സ്വയം ശ്രമിച്ചാലും ചിലപ്പോൾ നടപ്പിലായേക്കും.

ഞാൻ ഇനിയൊരിക്കലും കള്ളം പറയില്ലെന്നും, അതിന്റെ നേട്ടങ്ങൾ അനുഭവിക്കില്ലെന്നും, കള്ളം പറയുന്നവരോടുള്ള ഇടപാടുകൾ എത്ര നഷ്ടം സഹിച്ചും അവസാനിപ്പിക്കുമെന്നും ഉറച്ച തീരുമാനമെടുക്കാൻ നമ്മൾ ഓരോരുത്തരും തയ്യാറായാൽ ഇന്നത്തെ അപചയങ്ങൾക്കു ക്രമേണ മാറ്റം സംഭവിക്കും.



Deepanalam Weekly
RNI No : 16998/68
Vol. 55 No. 36 Date of Publication 10 Nov 2022
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# OVERSEAS EDUCATION SERVICES



**Study & Work**

Canada
Australia
Germany
UK, Ireland
New Zealand
USA, Europe Etc.

Free Recruitment for Nurses
UK, Ireland, Germany

## NAIPUNNYA INTERNATIONAL

ST. THOMAS PRESS BUILDING, PALA, PIN - 686 575
7012931465, 04822201546
pala@naipunnyaint.com

Head office
Ernakulam: 944 633 99 66
0484 2381947/ 8

Other Branches
Kaloor : 954 491 91 44
0484 2534849
Thrikkakara : 954 491 91 33
Angamaly : 954 491 91 55

## NAIPUNNNYA ACADEMY

KALOOR, THRIKKAKARA

Civil Service, KAS, Bank Coaching
UGC- NET, Entrance Coaching
All other Competitive exams

Kaloor – 9544919144, 0484 2534849
Thrikkakara – 9544919133

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



## മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത് അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.



69 Years Trust
KTS PRODUCTS
SINCE 1995

## Tastit
ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015
CERTIFIED COMPANY

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org